...065x K7 HEMANTA RAVIL VARKEY

D32:3N065x
K7

MUL
284555

8 OCT
-1 MAY 1982
27 MAR 1992
27 MAR 1992
10 APR 1992

150

# ഹേമന്തരാവിൽ

UNIVERSITY LIBRARY
11 FEB 1975
MADRAS

281552

(Malayalam)

Hemanta Ravil

Short Stories

By MUTTATHU VARKEY

Deepika, Kottayam–1

First Published August 1962

Reprinted April 1967

Copies 2000

Printed at

INDIA PRESS, KOTTAYAM

Price Rs. 2.00

Rights Reserved

Published by

J. JOHNSON

Distributors:

NATIONAL BOOK STALL

Kottayam Kerala State India

MADRAS UNIVERSITY LIBRARY
- 3 APR 2003
CHENNAI-600 005

284555
O32:3N665x
K7

# ഹേമന്തരാവിൽ

(കഥകൾ)

മുട്ടത്തു വർക്കി

University Grants Commission

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2.00

## മുട്ടത്തു വർക്കിയുടെ കൃതികൾ

- അക്കരപ്പച്ച (നോവൽ)
- ആറാംപ്രമാണം ,,
- ഇണപ്രാവുകൾ ,,
- ഒരു കുടയും കുഞ്ഞുപെങ്ങളും ,,
- കരകാണാക്കടൽ ,,
- കാലചക്രം ,,
- ജഗജില്ലി ,,
- തെക്കൻകാററ് ,,
- ത്യാഗഭൂമി ,,
- പഞ്ചായത്തുവിളക്ക് ,,
- പട്ടുതൂവാല ,,
- പാടാത്ത പൈങ്കിളി ,,
- പിറവംറോഡ് ,,
- പൊന്നുകൊണ്ടൊരാൾരൂപം ,,
- ഫിഡിൽ ,,
- മധുരസ്വപ്നം ,,
- മയിലാടുംകുന്ന് ,,
- മറിയക്കുട്ടി ,,
- രാത്രികളുടെ രാത്രി ,,
- വഴിതെററിവന്ന മാലാഖ ,,
- സലോമി ,,
- ഹോട്ടൽ ,,
- നാത്തൂൻ ,,
- അടയാളങ്ങൾ (കഥകൾ)
- അവസാനിക്കാത്ത രാത്രി ,,
- ഇരുളും വെളിച്ചവും ,,
- ഒരു ഗ്ലാസ്സ്കൂടെ ,,
- കല്യാണരാത്രി ,,
- കളിയോടം ,,
- കറുത്ത മറുക് ,,
- കൊയ്ത്ത് ,,
- നെയ്യാമ്പലുകൾ ,,
- നൈലോൺമേഘങ്ങൾ ,,
- പളുങ്കുപാത്രങ്ങൾ ,,
- പൊട്ടാത്ത നൂലുകൾ ,,
- മണിയറ (കഥകൾ)
- മഴക്കാറുകൾ ,,
- സ്ത്രീകൾ മാത്രം ,,
- ഹേമന്തരാവിൽ ,,
- ഒട്ടകവും സൂചിക്കുഴയും (നാടകം)
- കുട്ടകിണർ ,,
- ഞങ്ങൾ വരുന്നു ,,
- പുതിയ മണ്ണ് ,,
- മാറെറാലി ,,
- സമരഭൂമി ,,
- വലിയമുക്കുവൻ ,,
- ഫാദർ ഡാമിയൻ ,,
- ആത്മാഞ്ജലി (കവിത)
- പ്രിയമുള്ളവളെ നിനക്കുവേണ്ടി ,,
- മുളംപാലം (സ്ക്രീൻപ്ലേ)
- വി.10-ാം പീയൂസ് (ജീവചരിത്രം)
- മാടപ്രാവ് ,,
- നേരും നേരമ്പോക്കും (വിനോദം)
- അക്ബർ (വിവർത്തനം)
- അണുയുഗം പിറന്നു ,,
- അണ്ടർഗ്രൗണ്ട് ,,
- ആൻഡോവിലെ പാലം ,,
- കുരിശും കൊടുങ്കാററും ,,
- കൊടുങ്കാററിലൂടെ ,,
- ഡോക്ടർ ഷിവാഗോ ,,
- താഴ്വരയിലെ വീട് ,,
- പടിഞ്ഞാറൻകഥകൾ ,,
- മരങ്ങളും മനുഷ്യരും ,,
- മായാത്ത കാല്പാടുകൾ ,,
- രണ്ടമേരിക്കൻനാടകങ്ങൾ ,,
- രഹസ്യം ,,
- രാജവീഥി ,,
- സോവിയററ്ജയിലറകളിൽ ,,
- സൗന്ദര്യപൂജ ,,

S781 D124/66-67 2-1500 JK 109

# കഥകൾ

ഹേമന്തരാവിൽ

തങ്കം പൂശിയ ചക്രവാളം

അമ്മയുടെ കണ്ണുകൾ

തുറന്ന ജന്നൽ

ഹോട്ടലിൽവച്ച്

മണമുള്ള സോപ്പും എട്ടണയും

ചന്ദനവും വെന്തിങ്ങയും

ചുവരെഴുത്ത്

കവർചിത്രം

മഴപെയ്ത രാത്രി

UNIVERSITY LIBRARY
11 FEB 1975
MADRAS

## ഹേമന്തരാവിൽ

ഏലിയാമ്മയും തങ്കച്ചനും പേരമ്മയെ കാണാൻ പോയിരിക്കുകയാണ്. പേരമ്മയ്ക്കു നട്ടവുനൊമ്പരം തുടങ്ങിയിട്ടു കുറെ നാളായി. ഒരു കുറവുമില്ല; എന്നുതന്നെയല്ല, മഴപിടിച്ചപ്പോൾ രോഗം വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. വയസ്സു പത്തൊഴപതായ സ്ഥിതിക്ക് ഇനി പരലോകത്തേക്കുള്ള യാത്രയ്ക്കു തയ്യാറെടുക്കുകയേ വേണ്ടു. ലോനച്ചൻ പേരമ്മയെ കാണാൻ ഇന്നലെ വൈകിട്ടു പോയിരുന്നതാണ്. ഇന്നു ഭാര്യയേയും മകനേയും പറഞ്ഞയച്ചതും മററാരുമല്ല. ലോനച്ചൻ വരാന്തയിൽ പത്രം വായിച്ചുകൊണ്ടിരിക്കുകയാണ്. വയസ്സു നാല്പത്തഞ്ചു തികയണമെങ്കിൽ ചിങ്ങം പത്തൊമ്പതു കഴിയണം. തലയിൽ കഷണ്ടി ബാധിച്ചതു് എണ്ണക്കേടുകൊണ്ടാണ്. കഷണ്ടിയുണ്ടെന്നുവച്ച് യൗവനത്തിന് എന്തെങ്കിലും തകരാറുണ്ടോ?

ഉച്ചകഴിഞ്ഞത്തെ മയമുള്ള വെയിൽ മേഘലങ്ങളുമായി ഒളിച്ചുകളി നടത്തിക്കൊണ്ടിരുന്നു. നാട്ടുമ്പുറത്തിൻെറ കലപ്പില്ലാത്ത കാററടിച്ചു വരാന്തയിൽ തൂക്കിയിരിക്കുന്ന സിനിമാതാരത്തിൻെറ പടമുള്ള കലണ്ടർ ലോനച്ചൻെറ തലയ്ക്കു മുകളിൽ പതുക്കെ ആടിക്കൊണ്ടിരുന്നു.

ഉതുപ്പാൻചേട്ടൻെറ മകൾ അന്നക്കുട്ടി പടികടന്നു

മുററത്തെത്തി. അവൾ അടുക്കളയുടെ വരാന്തയിലേക്കു കയറി. അടുക്കളവാതിൽ അടഞ്ഞിരുന്നു.

"ഏലിയാമ്മച്ചേടത്തി ഇല്ലേ ഇവിടെ?"

അവൾ നിശ്ശബ്ദമായിരുന്ന ആ വീടിനോടു ചോദിച്ചു.

ലോനച്ചൻ അകത്തേക്കു കയറി അടുക്കളയിലെത്തി കതകു തുറന്നു.

"എന്താ?" അദ്ദേഹം ചോദിച്ചു.

"ഏലിയാമ്മച്ചേടത്തി ഇല്ലേ ഇവിടെ? ആ ചെരവ ഒന്നു കിട്ടിരുന്നെങ്കിൽ."

"എന്തിനാ? ഞങ്ങടെ ചെരവേടെ പല്ലൊടിഞ്ഞു പോയി."

"തേങ്ങാ തിരുമ്മാനായിരുന്നു."

"എന്താ, വല്ല വിശേഷോമൊണ്ടോ?"

"ഇല്ല; ഒരു കാപ്പിക്കടെ തൊടങ്ങാൻ."

"ഓഹോ! എന്നാൽ കാപ്പി കുടിക്കാമല്ലൊ വന്നാൽ?"

"ഓ, നിങ്ങളൊക്കെ ഞങ്ങടെ കാപ്പി കുടിക്കുമോ— യ്യോ—തന്നേ, നേരം പോണു."

"കുഞ്ഞങ്ങോട്ടു കേറി എടുത്തോ—"

അന്നക്കുട്ടി അടുക്കളയിലേക്കു കയറി. പാതകച്ചോട്ടിൽത്തന്നെ ചിരവ ഇരുപ്പുണ്ടായിരുന്നു. ലോനച്ചൻ ആ പെൺകുട്ടിയുടെ മുഖത്തേക്കുതന്നെ നോക്കിക്കൊണ്ടു നിന്നു. ആരോഗ്യവും താരുണ്യവും തുളുമ്പുന്ന ആ പതിനാറുവയസ്സുകാരി ആ മദ്ധ്യവയസ്കന്റെ ഹൃദയത്തിൽ ഒരു കോളിളക്കമുണ്ടാക്കി. അയാൾ വെളിയിലേക്കു നോക്കി—വെളുത്ത വെയിൽ പച്ചിലത്തലപ്പു

കളിൽ പതിഞ്ഞു തിളങ്ങിക്കൊണ്ടിരുന്നു. ഏലിയാമ്മ യും തങ്കച്ചനും വരുന്നുണ്ടോ എന്നു് അയാൾ കണ്ണെത്താവു ന്നിടത്തോളം ദൂരംവരെ കണ്ണോടിച്ചു. ആരുമില്ല. ലോന ച്ചൻ അടുക്കളവാതില്ക്കൽത്തന്നെ നിന്നു.

"അങ്ങോട്ടൊന്നു മാറിക്കേ—ലോനച്ചാ. ഞാൻ പോട്ടെ."

ചിരവ കൈയിൽ പിടിച്ചുകൊണ്ടു് അന്നക്കുട്ടി അഭ്യർത്ഥിച്ചു.

"എന്താ ഇത്ര ധൃതി?" ലോനച്ചൻ പുഞ്ചിരിയോ ടുകൂടി അവളെ ഒന്നു കടാക്ഷിച്ചു.

"കസവുണ്ടോ കസവേ!" മുററത്തൊരു ഭാണ്ഡക്കാ രൻ വന്നു നില്ക്കുന്നു. ലോനച്ചനു കോപമുണ്ടായി. അ യാൾ പെട്ടെന്നു വരാന്തയിലേക്കു നടന്നു.

"ഫ! തെണ്ടി! പോടാ ഇറങ്ങി! കസവു്!"

അന്നക്കുട്ടി ചിരവയുമായി അടുക്കളയിൽനിന്നിറ ങ്ങി, ഓടി പടികടന്നു വഴിയിലെത്തി. അവളുടെ ആ ഓടിപ്പോക്കു്, ഓറഞ്ചുനിറമുള്ള മുഖത്തേക്കു് ഒടിഞ്ഞു വീഴുന്ന കറുത്ത കുറുനിരകളുടെ തിളക്കം, ആ കണങ്കാ ലുകളുടെ അഴകു്! കസവുകാരൻ മുററത്തു് ഒന്നു കാക്കി ച്ചുതുപ്പിയിട്ടു് അയാളുടെ വഴിക്കു പോയി. ലോന ച്ചൻ വീണ്ടും വരാന്തയിലെ കസേരയിൽ പോയിരുന്നു മാസിക നിവത്തു. സിനിമാതാരത്തിൻെറ ചിത്രമുള്ള കലണ്ടർ അപ്പോഴും കാററത്തു് ഇളകിക്കൊണ്ടിരുന്നു. ആ ഉതുപ്പാൻചേട്ടൻെറ മകളുടെ രൂപം ലോനച്ചൻെറ മനസ്സിൽനിന്നു മറയുന്നില്ല. അയാൾക്കിങ്ങനെയൊരു തോന്നൽ മുമ്പെങ്ങും തോന്നീട്ടുള്ളതല്ല. അവൾക്കു വല്ല തും തോന്നിയിരിക്കുമോ? ഏലിയാമ്മ ആ വിവരം എ ങ്ങാൻ അറിഞ്ഞാൽ? അവൾ ചിരവയുംകൊണ്ടു

തിരിച്ചുവരുമ്പോൾ പറയാതിരിക്കുകയില്ല. ലോനച്ചനും ഏലിയാമ്മയും തമ്മിൽ കല്യാണം കഴിച്ചിട്ട് വർഷം ഇരുപത്തിമൂന്നു കഴിഞ്ഞു. മൂത്ത മകളെ കെട്ടിച്ചയച്ചു. മകൻ തങ്കച്ചന് ഇരുപതു വയസ്സായി. ഇക്കാലംവരെ ലോനച്ചനെപ്പററി ഒരു തെററിദ്ധാരണ ഏലിയാമ്മയ്ക്കുണ്ടായിട്ടില്ല. കുറേക്കൂടെ ചെറുപ്പത്തിലാണെങ്കിൽ തരക്കേടില്ല. ഏലിയാമ്മയും ലോനച്ചനും വിവാഹത്തിനു മുമ്പ് എത്രയോ പ്രേമലേഖനങ്ങൾ കൈമാറി; എത്രയോ പ്രാവശ്യം രഹസ്യമായി അവർ തമ്മിൽ കണ്ടിട്ടുണ്ട്. സംസാരിച്ചിട്ടുമുണ്ട്. ചുംബനങ്ങൾ പകന്നിട്ടുണ്ട്. ഏലിയാമ്മ ഇന്നും സുന്ദരിയാണ്. സാരിയണിഞ്ഞു പൗഡറുമിട്ടിറങ്ങിയാൽ അവളൊരു പതിനേഴകാരിയാണെന്നേ തോന്നൂ. ആരും ഒന്നു നോക്കും. പക്ഷേ, ഉതുപ്പാന്റെ മകൾ അന്നക്കുട്ടിയുടെ സൗന്ദര്യം! അതൊന്നു വേറെ. നാല്പത്തിരണ്ടുകാരിയായ ഏലിയാമ്മയ്ക്കില്ലാത്ത എന്തോ ഒന്ന് അന്നക്കുട്ടിയുടെ അഴകിൽ കലന്നിട്ടുണ്ട്; അവൾക്കു സാരിയില്ലെങ്കിലും പൗഡറില്ലെങ്കിലും, ആഭരണങ്ങളില്ലെങ്കിലും. പേരമ്മയെ കണ്ടതിനുശേഷം ഏലിയാമ്മയും തങ്കച്ചനും സന്ധ്യയ്ക്കുമുമ്പുതന്നെ വന്നു. "എങ്ങനിരിക്കുന്നെടാ തങ്കച്ചാ പേരമ്മയ്ക്കു്?" ലോനച്ചൻ ഏലിയാമ്മയുടെ മുഖത്തേക്കു നോക്കിക്കൊണ്ടാണു ചോദിച്ചതു്. ഇളവെയിൽകൊണ്ട് ഏലിയാമ്മയുടെ മുഖം ചെമന്നിരിക്കുന്നു. വാസ്തവത്തിൽ ചെറുപ്പത്തിലെപ്പോലെ തന്നെ അവളിന്നും അഴകിയാണ്.

"ഓ, കൊറവൊന്നുമില്ല," തങ്കച്ചൻ പറഞ്ഞു.

"അങ്ങനെ കുറെ മാസംകൂടി കെടക്കും." ഏലിയാമ്മ നേരിയതു് അഴിച്ചു ബ്ലൗസ്സിറ്റിലിട്ടുകൊണ്ടു പറഞ്ഞു.

ലോനച്ചൻ അടുത്തുചെന്നു് ഏലിയാമ്മയുടെ നെററിയിലെ വിയർപ്പു തുടച്ചുകളഞ്ഞു. ഏലിയാമ്മ ഒന്നു പുഞ്ചിരിച്ചു. "ചെറുക്കൻ നില്ക്കുന്നതു കാണാമ്മേലെ." ഏലിയാമ്മ പതുക്കെപ്പറഞ്ഞു.

തങ്കച്ചൻ അതൊന്നും കാണാത്ത ഭാവത്തിൽ അടുത്ത മുറിയിലേക്കു പൊയ്ക്കളഞ്ഞു.

"ഉതുപ്പാൻചേട്ടൻ കാപ്പിക്കട തുടങ്ങാൻപോകുന്നു," ലോനച്ചൻ പറഞ്ഞു.

"പാവം! എങ്ങനെയെങ്കിലും ഒന്നു പച്ചപിടിക്കട്ടെ," ചട്ട മാറിക്കൊണ്ടു് ഏലിയാമ്മ പറഞ്ഞു.

"ഇവിടുന്നു ചെരവ എടുത്തോണ്ടു പോയി. അവരുടെ ചെരവയുടെ നാക്കു് ഒടിഞ്ഞുപോയെന്നു്."

"അവളിങ്ങു കൊണ്ടത്തരും."

സന്ധ്യകഴിഞ്ഞു് അന്നക്കുട്ടി ചിരവ കൊണ്ടുവന്നു. ലോനച്ചൻ മുററത്തു് അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. ഏലിയാമ്മയോടു് അവൾ വല്ലതും പറയുന്നുണ്ടോ എന്നു് അയാൾ ചെവിയോർത്തു.

"എന്തൊക്കെയൊണ്ടു മോളെ പലഹാരങ്ങൾ?"

"പുട്ടും കടലക്കായും ബോളിയും പഴോം."

"പാൽക്കാപ്പിയാണോ?"

"ഓ, ചക്കരക്കാപ്പി."

"മോളൊററയ്ക്കാണോ വന്നതു്?"

"അതിനെന്താ നിലാവൊണ്ടല്ലോ."

ലോനച്ചൻ ദീർഘമായൊന്നു നിശ്വസിച്ചു. അവൾ നല്ലവളാണു്. അവൾ തിരിച്ചിറങ്ങിപ്പോയപ്പോൾ തങ്കച്ചൻ വായനശാലയിൽ പോയിട്ടു തിരിച്ചുവരുന്നു. തങ്കച്ചനും അന്നക്കുട്ടിയും പരസ്പരം നോക്കി ചിരിക്കുന്നതു

മുറ്റത്തെ മൂവാണ്ടൻമാവിന്റെ മറവിൽ നിന്നു ലോനച്ചൻ കണ്ടു. അവർ ലോനച്ചനെ കണ്ടില്ല.

പൂപോലുള്ള നിലാവത്തു് അന്നക്കുട്ടി കുറേക്കൂടെ അഴകുള്ളവളായി ലോനച്ചനു തോന്നി. ഒരിക്കൽക്കൂടി താൻ ഒരു ഇരുപതുകാരൻ ആയിരുന്നെങ്കിൽ! പക്ഷേ, ലോനച്ചൻ വൃദ്ധനാണോ? ചെറുപ്പത്തിലേക്കാൾ അദ്ദേഹത്തിനു് ഇന്നും പ്രസരിപ്പും ഉന്മേഷവും ഉണ്ടു്. അന്നക്കുട്ടിയെപ്പററിയുള്ള ചിന്ത അയാളുടെ മനസ്സിൽനിന്നു മായുന്നില്ല. ഏലിയാമ്മയെ നോക്കി അദ്ദേഹം ചിരിക്കുമ്പോഴും, ഉതുപ്പാൻചേട്ടൻെറ ആ സുന്ദരിയായ മകൾ അയാളുടെ മനസ്സിൽ ഒളിച്ചിരുന്നു. ഉതുപ്പാൻചേട്ടൻെറ കാപ്പിക്കട അഭിവൃദ്ധിപ്പെട്ടുവന്നു. രാവിലെ എട്ടുമണി മുതൽ പത്തുമണിവരെ കച്ചവടം പൊടിപൊടിക്കും. കല്ലുവെട്ടുകാർ, കൂലിപ്പണിക്കാർ, ചന്തയ്ക്കു സാമാനം വില്ക്കാനും വാങ്ങാനും പോകുന്ന ഗ്രാമീണർ ഇങ്ങനെ പാവങ്ങളും ഇടത്തരക്കാരും ഉതുപ്പാൻെറ കാപ്പിക്കടയിൽ പററുപടിക്കാരായി. ഉച്ചസമയത്തു് ഏതാനും പള്ളിക്കൂടം പിള്ളേരും വാദ്ധ്യാന്മാരും ആ കാപ്പിക്കടയിൽനിന്നു കാപ്പികുടിക്കുന്നുണ്ടാവും. ഉച്ചകഴിഞ്ഞു് ഒരു രണ്ടുമണിയാകുമ്പോൾ പുട്ടിൻെറ മുറവും കടലയ്ക്കായുടെ ചട്ടിയും ശൂന്യമാകും. പിന്നെ, ഏതാനും പഴങ്ങൾമാത്രം അവശേഷിക്കുന്ന ഒരു പഴക്കുലയും, ഒരുവശത്തു ഗ്ലാസ്സിട്ട പാട്ടയിൽ ഏതാനും വട്ടറുകളും, കാപ്പിക്കലത്തിൽ കുറെ കാപ്പിയും കാണും. ഉച്ചകഴിഞ്ഞാൽപ്പിന്നെ ഉതുപ്പാൻ സാമാനം വാങ്ങാൻ ചന്തയ്ക്കു പോകും. അന്നക്കുട്ടി അരി ഇടിക്കും. രാത്രിയിൽത്തന്നെ പലഹാരത്തിനുള്ള ചട്ടവട്ടങ്ങളെല്ലാം അപ്പനും മകളുംകൂടെ ഒരുക്കിവയ്ക്കും. കിഴക്കു വെള്ളക്കാൽ വീശുമ്പോൾ അന്നക്കുട്ടി അടുപ്പിൽ തീ

കത്തിക്കും. നേരം പുലച്ച്യയാകുമ്പോഴേക്കും മുറം നിറയെ പുട്ടുകളും, വലിയ മീൻചട്ടി നിറയെ കടലക്കാക്കറിയും ഉണ്ടാകും.

ലോനച്ചൻ ഒരു സന്ധ്യസമയത്തു നടക്കാൻപോയി കാപ്പിക്കടെയിൽ കയറി. മുൻവശത്തെ അലമാരയുടെ മുകളിൽ അന്നക്കുട്ടി ഒരു വിളക്കു കത്തിച്ചുവച്ചു.

"നേരം സന്ധ്യയായില്ലല്ലൊ. ഇപ്പഴേ എന്തിനാ അന്നക്കുട്ടീ വിളക്കു കൊളുത്തുന്നതു്?" ലോനച്ചൻ നിന്നുകൊണ്ടുതന്നെ ചോദിച്ചു.

സന്ധ്യയാകാറായി. അന്നക്കുട്ടി ഒരു സ്റ്റൂൾ ലോനച്ചൻെറ അരികിലേക്കു നീക്കിയിട്ടു.

"ഇരുന്നാട്ടെ ലോനച്ചാ."

"ഉതുപ്പാൻചേട്ടനില്ലേ ഇവിടെ?"

"ഇല്ല. ചന്തയ്ക്കു പോയിരിക്കാ."

സന്ധ്യയുടെയും വിളക്കിൻെറയും ദീപ്തി അവളുടെ അരുമയായ മുഖത്തു പതിഞ്ഞുകൊണ്ടിരുന്നു.

"കച്ചവടമൊക്കെ എങ്ങനെയിരിക്കുന്നു?"

"തരക്കേടില്ല."

അന്നക്കുട്ടി അകത്തെ മുറിയിലേക്കു പോയി. ലോനച്ചൻെറ നോട്ടം അവൾക്കിഷ്ടമായില്ല. ലോനച്ചൻ ആ സ്റ്റൂളിന്മേൽ അല്പനേരം ഇരുന്നു. അന്നക്കുട്ടി അരിപ്പൊടി മുറത്തിലിട്ടു തെള്ളുന്ന ശബ്ദം അയാൾക്കു കേൾക്കാമായിരുന്നു. ലോനച്ചൻ എണീററു പതുക്കെ അകത്തേക്കു ചെന്നു. മുട്ടുമടക്കിയിരുന്നുകൊണ്ടു് അന്നക്കുട്ടി അരിപ്പൊടി തെള്ളുകയാണു്. ലോനച്ചൻ പുറകിൽക്കൂടി ചെന്നു് അന്നക്കുട്ടിയുടെ ശിരസ്സിൽ തലോടി.

"നല്ല അഴകുള്ള തലമുടി."

അന്നക്കുട്ടി ഞെട്ടിയെണീററു.

"അന്നക്കുട്ടീ!"

"വേണ്ട, ഒന്നും പറേണ്ടാ."

"ഞാനൊരു കാര്യം..."

"വേണ്ട, ഒന്നും പറേണ്ടാ—ലോനച്ചൻ ഇവിടുന്നു പോയേച്ചാ മതി."

അന്നക്കുട്ടിയുടെ സ്വരത്തിൽ കരച്ചിലിന്റെ അംശം കലൎന്നിരുന്നു. ലോനച്ചൻ പതുക്കെ അവളുടെ പക്കലേ ക്കടുത്തു. അന്നക്കുട്ടി പുറകോട്ടു മാറി.

"പോകാനാ പറഞ്ഞെ—ഞാൻ നിലവിളിക്കും—പറഞ്ഞേക്കാം."

"കൊച്ചിമ്പ്രാട്ട്യേ!" പടിക്കൽ ആരോ വിളിച്ചു.

അന്നക്കുട്ടി ലോനച്ചനെ കുതറി മാററിയിട്ടു മുൻവശത്തേ മുറിയിലേക്കു ചെന്നു.

"അടിയനിത്തിരി കട്ടൻകാപ്പി താ."

അന്നക്കുട്ടി രണ്ടു കുടുവൻതവി നിറയെ കട്ടൻകാപ്പി പകൎന്നു മൂത്തപറക്കള്ളിക്കു കൊടുത്തു. ഇറങ്ങിപ്പോകാൻ നിവൃത്തിയില്ലാതെ മാന്യനായ ലോനച്ചൻ അടുക്കളയിൽ അങ്ങനെ പരുങ്ങി. അങ്ങേ വളവിങ്കൽ ഉതുപ്പാൻചേട്ടന്റെ വൎത്തമാനം കേൾക്കാം. ലോനച്ചനു പരിഭ്രമമായി. ആ മൂതുക്കിപ്പറക്കള്ളി ഇറങ്ങിപ്പോയിരുന്നെങ്കിൽ ഉതുപ്പാൻ വന്നുകയറുന്നതിനു മുമ്പു രക്ഷപെടാമായിരുന്നു. അലമാരയിൽ .കൈയൂന്നി മണ്ണെണ്ണവിളക്കിനടുത്ത് അന്നക്കുട്ടി നില്ക്കുന്നു. ലോനച്ചൻ ഒളിഞ്ഞുനോക്കിയപ്പോൾ ആ മൂതുകിഴവി പതുക്കെ എണീറ്റു പോകുന്നു. ലോനച്ചൻ പെട്ടെന്നു മുറിയിൽനിന്നിറങ്ങി.

"ഉം." എന്നു ലോനച്ചൻ ഒന്നിരുത്തി മൂളുകമാത്രം ചെയ്തു.

ദൈവഗത്യാ ആരും കാണാതെതന്നെ ലോനച്ചൻ

ആ അപകടത്തിൽനിന്നും രക്ഷപെട്ടു. ആ പെണ്ണിൻെറ ധിക്കാരം! ആ ഉതുപ്പാനെ അവിടെനിന്നിറക്കണം. അയാളുടെ ദയനീയത കണ്ടു് അവിടെ പുരവച്ചുകൊള്ളുവാൻ അനുവദിച്ചതാണു്. ആ പെണ്ണിനോടു ക്ഷമിക്കാൻ നിവൃത്തിയില്ല. അന്നു രാത്രിയിൽ കിടന്നുറങ്ങിയപ്പോഴും ലോനച്ചൻെറ മനസ്സു പുകഞ്ഞുകൊണ്ടിരുന്നു. ഇതുപോലെ ആരും തന്നെ ധിക്കരിച്ചിട്ടില്ല. പിറേറന്നു രാവിലെ അടുക്കളയിലെ ബഹളം കേട്ടാണു ലോനച്ചൻ അടുക്കളയിലേക്കു് ഓടിച്ചെന്നതു്. ഏലിയാമ്മ നെഞ്ചത്തലയ്ക്കുന്നു. അടുത്തുതന്നെ ഉതുപ്പാൻചേട്ടൻെറ മകൾ അന്നക്കുട്ടിയും നില്പുണ്ടു്. ലോനച്ചൻെറ ചങ്കിൽ ഇടിവാൾ മിന്നി. നെഞ്ചത്തലയ്ക്കുന്ന ഏലിയാമ്മയുടെ കൈ അദ്ദേഹം പിടിച്ചുമാററി.

"മാറിനില്ക്കു ദുഷ്ടാ—" ഏലിയാമ്മ അലറി.

"എന്തോന്നാ ഇതു്? നിനക്കു കിറുക്കോ? മുതുക്കിറുക്കു്. കാര്യം പറയാൻ."

"താനെന്തിനാ ഈ പെണ്ണിനെ പിടിക്കാൻ ചെന്നതു്? എന്തേടോ—വയസ്സു പത്തമ്പതായല്ലൊ."

"ഇവളു പറഞ്ഞതാണോ?" അന്നക്കുട്ടിയുടെനേരെ കോപത്തോടെ, "ഞാൻ നിന്നെ പിടിക്കാൻ വന്നോടീ പെണ്ണെ, എന്തെടീ?"

"വന്നു."

"പെണ്ണേ, അധികപ്രസംഗം പറഞ്ഞാലൊണ്ടല്ലൊ."

"എന്തിനാ അവടെ നേരെ മൂപ്പിക്കുന്നതു്?—അല്ല, ഞാനറിയാഞ്ഞു ചോദിക്കുവാ. എനിക്കെന്നാ മെണഞ്ഞിട്ടാ നിങ്ങളു കണ്ട പെണ്ണുങ്ങടെ പൊറകെ പോകുന്നെ—ഏ?"

"നീ ഒന്നാമത്തു പതുക്കെപ്പറ—ഈ പെണ്ണ് എന്നോട്ട കച്ചോടത്തിനു കുറെ രൂപാ തരാമോന്നു ചോദിച്ചു. എനിക്കറിയാമോ ഇവള്ള പെഴയാണെന്നും..." ലോനച്ചൻ പറഞ്ഞു. "ഞാൻ തരത്തില്ലെന്നു പറഞ്ഞു—അതിന്റെ ചൊരുക്കാ—ഈ പെഴപെട്ട പെണ്ണിനെ..."

"എൻെറ ദൈവംതമ്പുരാനേ, ഞാനെങ്ങും രൂപാ ചോദിച്ചില്ല," അന്നക്കുട്ടി പറഞ്ഞു.

"നിങ്ങളെന്തിനാ ഈ ദൈവത്തിനു നെരക്കാത്ത കള്ളം പറേന്നതു്?— അന്നക്കുട്ടി പൊയ്ക്കോ മോളെ—ഞാനിനീം ഈ ഭവനത്തു നില്ക്കുന്നില്ല—ഈ ദുഷ്ടൻെറ കൂടെ..."

അന്നക്കുട്ടി പോയി.

"എടീ കഴവേറാൻ—നിനക്കൊന്നു പതുക്കെപ്പറയാമ്മേലേ?" ലോനച്ചനു് മാനഭയംകൊണ്ടു സഹിക്കവയ്യാതായി.

"എന്തിനാ പതുക്കെപ്പറേന്നതു്? ഇതിയാൻ്റെ കൊണം എല്ലാരും അറിയട്ടെ."

തങ്കച്ചൻ അട്ടക്കളയിലേക്കു വന്നിട്ടു ചോദിച്ചു:

"എന്തോന്നാമ്മെ ബഹളം? എനിക്കു വായിക്കാൻ കൂടെ മേലല്ലോ."

"നിനക്കു കേൾക്കാനൊന്നുമില്ല—നീ പോടാ ചെറുക്കാ അപ്പുറത്തു്—" ഏലിയാമ്മ ശാസിച്ചു.

ഏലിയാമ്മയും ലോനച്ചനും കുറെ നേരത്തേക്കു് ഒന്നും സംസാരിച്ചില്ല. തങ്കച്ചൻ അവൻെറ പഠനമുറിയിലേക്കു പോയി.

"മക്കളും മക്കടെ മക്കളും ആയി—ഇനിയെങ്കിലും നാണമില്ലാത്തതാണതിശയം."

"ഏലിയാമ്മേ! ഞാനൊരു കാര്യം പറേന്ന കേൾക്കു്."

"എനിക്കൊന്നും കേൾക്കണ്ടാ..."

"ആ ഉതുപ്പാനെ, അവനെ—ഞാനിന്നു് എൻെറ പറമ്പീന്നു് ഏറക്കിവിട്ടന്നുണ്ടു്, നോക്കിക്കോ."

"എന്തോന്നിനാ? ആ പെണ്ണിനെ അപമാനിക്കാൻ ചെന്നതും പോരാഞ്ഞിട്ടു്—പറമ്പീന്നു് എറക്കിവിട്ട മെന്നോ—പരിഹാരമായിട്ടു് ആ സ്ഥലം അവരുടെ പേക്കു് എഴുതിക്കൊടുക്കു—അതാ മര്യാദ."

ലോനച്ചൻ കുറേനേരം ചിന്താഗ്രസ്തനായിരുന്നു.

"ഏലിയാമ്മേ! എന്റെ കരളേ!" ലോനച്ചൻ അവളുടെ തോളത്തു തലോടിക്കൊണ്ടു പറഞ്ഞു.

"ഓ; വേണ്ട വേണ്ട." ഏലിയാമ്മ കുതറി മാറിക്കളഞ്ഞു.

ലോനച്ചൻ പതുക്കെ വരാന്തയിലേക്കു നടന്നു. തനിക്കു പററിയ അപമാനം ഘനീഭവിച്ചതുപോലെ ഉതുപ്പാൻെറ കാപ്പിക്കടെ നില്ക്കുന്നതു് അദ്ദേഹത്തിനു കാണാമായിരുന്നു. അവനെ ഈ ഘട്ടത്തിൽ ഇറക്കിവിടുന്നതു കുറേക്കൂടെ ഉപദ്രവകരമായിരിക്കും. ഒരിക്കലും കെറുവിച്ചിട്ടില്ലാത്ത തൻെറ പ്രിയപത്നിയെ ഇങ്ങനെ വേദനിപ്പിച്ചതിൽ അയാൾ ഖേദിച്ചു. ലോനച്ചന്റെ ആയുസ്സിൽ പററിയ അമളി. ഏലിയാമ്മ ഇനി തന്നോടു സ്നേഹിക്കുമോ?

ഭക്ഷണമുറിയിൽ കാപ്പിയും പലഹാരങ്ങളും കൊണ്ടുവച്ചിട്ടു് ഏലിയാമ്മ പറഞ്ഞു:

"തേ കാപ്പിയിരിക്കുന്നു — എന്തോന്നാണെന്നുവച്ചാൽ ചെയ്യു്."

അന്നു ലോനച്ചൻ ഏകനായി ഇരുന്നു കാപ്പികുടിച്ചു. ഏലിയാമ്മ പിണങ്ങിത്തന്നെ നില്ക്കുന്നു. ദിവസങ്ങൾ കടന്നുപോയി. ഏലിയാമ്മയുടെ പിണക്കം മിക്കവാറും അസ്തമിച്ചു. ഉതുപ്പാൻചേട്ടൻെറ മകൾ അന്നക്കുട്ടിയെ ലോനച്ചൻ പിടിക്കാൻ ചെന്നു എന്ന വാർത്ത കാട്ടുതീപോലെ ആ നാടെങ്ങും പരന്നില്ല. ഉതുപ്പാൻചേട്ടൻപോലും അറിഞ്ഞില്ല. അയാൾ മുശടനാണ്. അറിഞ്ഞിരുന്നെങ്കിൽ എന്തെങ്കിലും കലാപം ഉണ്ടായേനെ. പക്ഷേ, ലോനച്ചനു പിന്നെയും മനഃശല്യത്തിനു കാരണമുണ്ടായി. വഴിയരികിൽ മറഞ്ഞുനിന്നുകൊണ്ടു തങ്കച്ചനും അന്നക്കുട്ടിയും തമ്മിൽ എന്തോ സംസാരിക്കുന്നതു് ലോനച്ചൻ കണ്ടു.

ചൂലുകൊണ്ടു വരാന്ത അടിച്ചുകൊണ്ടിരിക്കുകയായിരുന്നു ഏലിയാമ്മ.

"ഏലിയാമ്മേ!"

"ഉം?"

"എടീ, നമ്മുടെ തങ്കച്ചൻ; ആ ഉതുപ്പാൻെറ മകളുമായിട്ടു സ്നേഹമാണെന്നാ തോന്നുന്നതു്."

"ആമ്പിള്ളേരു പ്രായമായാൽ അങ്ങനെഒക്കെയാ."

"ഞാൻ വെറും തെണ്ടികളെ സ്നേഹിച്ചില്ല."

"പ്രേമത്തിനു് അങ്ങനെവല്ലതുമുണ്ടോ?"

"അപ്പോ നീ അറിഞ്ഞോണ്ടാണോ ഇതൊക്കെ?"

"ഏതൊക്കെ?"

"തങ്കച്ചൻ ആ തെണ്ടിപ്പെണ്ണിനെ സ്നേഹിക്കുന്നതു്."

"നിങ്ങൾക്കല്ലെ അവളു തെണ്ടിപ്പെണ്ണു്."

"ഉം, അവനിങ്ങു വരട്ടെ."

"എന്തിനു്?"

"ഈ എടപാട്ട് ഇന്നുകൊണ്ടു നിറുത്തിയേക്കാം."

"നിങ്ങളവനോട്ട് ഒന്നും പറയേണ്ടാ. എനിക്കതിഷ്ടമാ."

ലോനച്ചൻ വിഷമിച്ചു. തന്നെ ധിക്കരിച്ച ഒരു പെണ്ണിനെ തൻെറ മകൻ സ്നേഹിക്കുന്നു. അതെങ്ങനെ അനുവദിക്കും? കുടുംബസ്ഥിതിയെങ്കിലും നോക്കണ്ടേ? പക്ഷേ, ഏലിയാമ്മ നേരെ കടകമാണല്ലോ. അവളുമായി പിണങ്ങാൻ നിവൃത്തിയില്ലതാനും.

തങ്കച്ചൻ വന്നപ്പോൾ ഏതായാലും ലോനച്ചൻ ഒന്നും മിണ്ടിയില്ല. അന്നു രാത്രിയിൽ തങ്കച്ചൻ അവന്റെ പഠനമുറിയിൽ വായിച്ചുകൊണ്ടിരുന്നപ്പോൾ ലോനച്ചൻ അങ്ങോട്ടു കയറിച്ചെന്നു. ഏലിയാമ്മയെപ്പോലെതന്നെ സുന്ദരമായ മുഖമാണു തങ്കച്ചൻേറതും. അവൻ നല്ല കൊച്ചനാണു്. അവനെ ലോനച്ചൻ ശാസിച്ചിട്ടില്ല.

"മോനേ! തങ്കച്ചാ!"

"എന്തോ!"

"നീ സന്ധ്യയ്ക്കു് എന്താ താമസിച്ചതു്?"

"ബാററ്മെന്റൻ കളിക്കാൻ പോയിരുന്നു."

"ഇനീംതൊട്ടു സന്ധ്യയ്ക്കുമുമ്പു വീട്ടിലെത്തണം. കേട്ടോ."

"ഉം."

ഒരു ഹേമന്തരാത്രിയിൽ ലോനച്ചനു് ഉറക്കംവന്നില്ല. പാതിരാത്രിയോടടുത്തുകാണും. ലോകമെല്ലാം തണുത്ത നിലാവിൽ മുങ്ങിക്കിടക്കുന്നു. അദ്ദേഹം വെളിയിലേക്കു നോക്കി. ഉതുപ്പാൻെറ വീട്ടിന്റെ പുറകിലത്തെ വരിക്കപ്ലാവിൻെറ ചോട്ടിൽ രണ്ടു മങ്ങിയ രൂപങ്ങൾ

കാണുന്നു. ലോനച്ചനു സംശയംതോന്നി. അദ്ദേഹം എണീററു തങ്കച്ചൻെറ മുറിയിലേക്കു ചെന്നു. കട്ടിലിൽ തങ്കച്ചനെ കണ്ടില്ല. വൃക്ഷങ്ങളുടെ മറവിൽക്കൂടെ ലോനച്ചൻ പതുക്കെ നടന്നു. അതേ! അവൻതന്നെ! തങ്കച്ചൻ അന്നക്കുട്ടിയുടെ കൈ അവൻെറ വക്ഷസ്സിൽ വച്ചുകൊണ്ട് അവൻ എന്തോ പറയുന്നു. 'തങ്കച്ചാ! എടാ അസത്തേ' എന്നു് ഉറക്കെ വിളിക്കാൻതോന്നി. എങ്കിലും അദ്ദേഹം വിളിച്ചില്ല. വീട്ടിൽ തിരിച്ചുവന്നു് അദ്ദേഹം ഏലിയാമ്മയെ വിളിച്ചുണർത്തി. ലോനച്ചൻ അവളെ വരാന്തയിലേക്കു കൂട്ടിക്കൊണ്ടുവന്നു.

"നീ അതു കണ്ടോ?" ലോനച്ചൻ ആ പ്ലാംചുവട്ടിലേക്കു വിരൽ ചൂണ്ടി.

"കണ്ടു."

"ആരാ അതെന്നറിയാമോ?"

"തങ്കച്ചനും അന്നക്കുട്ടിയും."

"ഇതിനെന്താ ഒരു പ്രതിവിധി?"

"പെട്ടെന്നു കല്യാണം ഉറപ്പിക്കുക. അതുതന്നെ പ്രതിവിധി."

"എങ്കിലും എൻെറടീ!" ലോനച്ചൻ നെടുവീർപ്പിട്ടു.

"നെടുവീർപ്പിട്ടതുകൊണ്ടു് എന്താ ഗുണം? തന്ത ക്രിയാഫലം, ഫലം." ഏലിയാമ്മ പറഞ്ഞു.

"നാളെത്തന്നെ ഉതുപ്പാൻചേട്ടനെ വിളിച്ചു കല്യാണം ഉറപ്പിക്കു്."

ലോനച്ചൻ മൂകനായി വിദൂരതയിലേക്കു നോക്കിക്കൊണ്ടു നിന്നു. ഭൂതകാലം ആ പിതാവിൻെറ മുമ്പിൽ ചുരുൾ നിവർത്തു.

“എന്താ ഒന്നും മിണ്ടാത്തതു്?” ഏലിയാമ്മ വീണ്ടും ചോദിച്ചു.

“ഉം.” ലോനച്ചൻെറ ദീർഘനിശ്വാസം പാതിരാപ്പൂക്കളുടെ മണംകലന്ന കുളിരുള്ള കാററിൽ ലയിച്ചു.

വരാന്തയിൽ തൂക്കിയിരിക്കുന്ന സിനിമാനടിയുടെ പടമുള്ള കലണ്ടർ ജീവനുള്ളതുപോലെ പതുക്കെ അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരുന്നു.

# തങ്കം പൂശിയ ചക്രവാളം

അത്രകണ്ടു മനോഹരിയായിരുന്നു ആ കോളേജു കുമാരി.

അവൾ അവനേയും, അവൻ അവളേയും അറിഞ്ഞിരുന്നില്ല. പക്ഷേ, അവളറിയാതെതന്നെ അവന്റെ ഹൃദയം അവൾക്കുവേണ്ടി തുടിച്ചു. ഒരു കലാകാരൻേറതായ എല്ലാ ദൗർബ്ബല്യതകളും ഗോപിക്കുമുണ്ടായിരുന്നു.

അവൾ കോളേജിൽ പോവുകയായിരുന്നു, കൂട്ടുകാരികളുമൊത്തു ചിങ്ങമാസത്തിലെ വെയിലും മഴയുമില്ലാത്ത ഒരു പ്രഭാതത്തിൽ. കടുംനീലനിറമുള്ള ഒരു നിലോൺസാരി അവൾ ധരിച്ചിരുന്നു. ആ സാരിക്കുള്ളിലെ പാവാടയുടെ അലുക്കുത്തുകൾ വ്യക്തമായി കാണാമായിരുന്നു. സ്വർണ്ണത്തിൻേറതായിരുന്നു അവളുടെ ശരീരത്തിൻെറ നിറം—മാർദ്ദവമുള്ള തങ്കംകൊണ്ടു കടഞ്ഞെടുത്തിട്ടുള്ളതായിരുന്നു അവളുടെ ഓരോ അവയവങ്ങളും. ആ നീലക്കണ്ണുകളും, സമൃദ്ധമായ ചുരുണ്ട തലമുടിയും, ഓമനത്തമുള്ള മാർവ്വിടവും, ഒതുങ്ങിയ അരക്കെട്ടും, അഴകുള്ള നിതംബവും എല്ലാം ആ കഥയെഴുത്തുകാരന്റെ ഹൃദയത്തിൽ കുളിരുകോരിയിട്ടു.

ആ പൊന്നിൻകിനാവിന്റെ പുറകെ അവൻ കുറെ ദൂരം നടന്നു. എന്തിനാണ് അങ്ങനെ നടന്നതെന്ന് അവന് അറിഞ്ഞുകൂടാ. അവൾ തിരിഞ്ഞുനോക്കിയില്ല. കലാകാരനായ ഒരു ഭ്രാന്തൻ അവളെ പിന്തുടരുന്നു എന്ന് അവൾ അറിഞ്ഞില്ല.

അവൾ അങ്ങനെ കടന്നുപോയി, ഒരു മഴവില്ലു

മാതിരി; മായാത്ത മഴവില്ല് മാതിരി. അവന്റെ ഹൃദയം അവളെക്കൊണ്ടു നിറഞ്ഞു.

പിറ്റെ പ്രഭാതത്തിൽ അവൻ കാത്തുനിന്നു. അവൾ വന്നു. അവൻ കണ്ടു. അവൾ കണ്ടില്ല. അവൾ അവളുടെ കൂട്ടുകാരികളോട്ട് എന്തോ രസംപിടിച്ച കാര്യം പറഞ്ഞു കുലുകുലെ ചിരിച്ചുംകൊണ്ടു കടന്നുപോയി.

ഓടിച്ചെന്ന് അവളുടെ താരിളംചുണ്ടുകളിൽ ഒരു ചുംബനം അർപ്പിച്ചാലോ! ജയിൽ കയറേണ്ടിവരും, ജയിൽ! അത്രതന്നെ. എന്നാലും തരക്കേടില്ല. മരിച്ചാലെന്താ? എന്നെങ്കിലും മരിച്ചേ പററൂതാനും. ജീവിതത്തിലെ ഏററവും വലിയ ആശ സാധിച്ചു എന്ന കൃതാർത്ഥതയോടെ മരിക്കാമല്ലൊ. അവൻ ഭ്രാന്തനാവുകയാണ്. അവൻ ശപഥംചെയ്യുകയാണ്.

അവൾ കടന്നുപോയി. മിന്നലാക്രമണം നടത്തി, അവൻെറ മനസ്സിനെ കീഴടക്കിയ ആ സൗന്ദര്യത്തിന്റെ മന്ത്രവാദിനി കടന്നുപോയി.

നീണ്ടകഥയെഴുതാൻവേണ്ടി അവൻ നിവർത്തുവച്ച വെള്ളക്കടലാസുകൾ അതേപടി ഇരിക്കുന്നു; അവൻെറ പേന മുമ്പോട്ടു ചലിക്കുന്നില്ല. അവളെന്തിന്ന് ഇത്ര അഴകുള്ളവളായി? അതാണു പ്രശ്നം.

പറേറദിവസം അവൻ കാത്തുനിന്നു. അവൾ വരുന്നതു് അവൻ കണ്ടു. അവൾ വെള്ള സിൽക്കുസാരിയും, ചുവന്ന ബ്ലൗസും ധരിച്ചിരിക്കുന്നു. ദൂരെനിന്നു വരികയാണവൾ; ഒററയ്ക്കാണ്. ഇന്നു കൂട്ടുകാരികൾക്കെന്തുപററി? ഗോപിയുടെ ശരീരം കോരിത്തരിച്ചു. ആ ഭ്രാന്തൻ അവളുടെ നേരെതന്നെ നടന്നു. അവൻ അറിയാത്തമട്ടിൽ അവളുടെ സാരിയെ തൊട്ടുകൊണ്ട് കടന്നുപോയി. അവൾക്കതു തീരെ രസിച്ചില്ല. അവളുടെ മുഖം ചെമന്നു.

മുഖം തിരിച്ച് അവനെ രൂക്ഷമായൊന്നു നോക്കി. അവനു പേടിതോന്നി. അവൻ വേഗം നടന്നു. അവളെന്തോ പിറുപിറുത്തുംകൊണ്ടു വേഗം കടന്നുപോയി.

അവളാരാണ്? പേരെന്ത്? എവിടെ താമസിക്കുന്നു? ഏതു ക്ലാസ്സിൽ പഠിക്കുന്നു? ജാതിയെന്ത്? ഒന്നും ഗോപിക്കറിഞ്ഞുകൂടാ. എന്തിനാണ് അതൊക്കെ അറിയുന്നത്? എങ്കിലും അതൊന്നറിയണം. കാരണം അവന്റെ ജീവിതത്തിൽ അവളൊരു ഭാഗമായിത്തീർന്നിരിക്കുന്നു.

നാലു മണിക്ക് അവൾ കോളേജിൽനിന്ന് കൂട്ടുകാരികളുമൊത്തു മടങ്ങിവരുന്നത് അവൻ കണ്ടു അവൾ അവനെ കാണരുത്; കാണാതെ അവൻ മറഞ്ഞുനിന്നു. അന്നു രാവിലത്തെ അനിഷ്ടസംഭവം നടന്ന വഴിയുടെ ഭാഗത്ത് എത്തിയപ്പോൾ അവൾ വിരൽ ചൂണ്ടുന്നത് അവൻ കണ്ടു. അവൾക്കവനോട് യാതൊരനുകമ്പയുമില്ലെന്നുള്ളതു തീർച്ചയായി, അവളോട് ഒന്നു മിണ്ടുവാൻ പോലും അവസരം ലഭിക്കുകയില്ല; അതും തീർച്ച.

പിന്നെന്തിനു തിരക്കുന്നു? എങ്കിലും വളരെ അകന്നു മാറി അവൻ ആ പെൺകുട്ടികളെ പിൻതുടർന്നു. ചിലർ ഇടയ്ക്കുവച്ച് മററു വഴികൾ തിരിഞ്ഞു പോയി.

അവളും മറെറാരു കൂട്ടുകാരിയും മാത്രം ശേഷിച്ചു. അവർ താമസിക്കുന്ന കെട്ടിടം അവൻ കണ്ടു. കോളേജുകുമാരികൾ മാത്രം താമസിക്കുന്ന മനോഹരമായ മന്ദിരം! അതിന്റെ ചുററും ഉയർന്ന കനത്ത കരിങ്കൽമതിലുകളാണ്, കരിങ്കൽമതിലുകൾ. ആകെക്കൂടെ, സ്വർണ്ണാഭരണങ്ങൾ വച്ചിരിക്കുന്ന ഒരു ചന്ദനപ്പെട്ടിയാണ് ആ മന്ദിരമെന്നു തോന്നി. ആ പറുദീസായിൽ പുരുഷന്മാർക്ക

പ്രവേശനമില്ല. യുവഹൃദയങ്ങളിൽ എണ്ണകാച്ചിയ നൊമ്പരം ഉണ്ടാക്കുന്ന ഒരു സ്ഥലമാണതു്.

അവർ ഗേററു കടന്നു് അകത്തേക്കു പോയി. ആ ഇരുമ്പുഗേററിൻെറ പാളികൾ വീണ്ടും കൂടിച്ചേർന്നു.

പ്രേമപുഷ്പങ്ങളുടെ ആ മണിക്കോവിലിൻെറ നടയിൽ ഒരു തീർത്ഥകനെപ്പോലെ അവൻ ക്ഷണനേരം നിന്നു. അവൻ തിരിയെ നടന്നു. ഏതാനും വാര പുറകോട്ടു നടന്നിട്ടു് അവൻ വീണ്ടും തിരിഞ്ഞുനിന്നു് ആ സൗന്ദര്യമാളികയിലേക്കു നോക്കി. പട്ടുസാരികളിൽ പൊതിഞ്ഞു് പെൺകൊടികൾ ആ കെട്ടിടത്തിൻെറ രണ്ടാംനിലയിൽ ഉലാത്തുന്നു. അക്കൂട്ടത്തിൽ അവളുമുണ്ടു്; ഗോപിയുടെ പൊന്നിൻകിനാവു്. അവൻ എത്രനേരം അങ്ങനെ നിന്നെന്നു് അറിഞ്ഞില്ല.

“എന്താ സാറെ, ഇങ്ങനെ നില്ക്കുന്നെ?” ഒരു പരിചയക്കാരൻ ചോദിച്ചു.

“വണ്ടി കാത്തു നില്ക്കുയാ.” ഗോപി പറഞ്ഞു. കഷ്ടകാലത്തിനു് അപ്പോൾ ഒരു ബസ്സും വന്നു. അവൻ കൈ നീട്ടിയില്ല. ആ പരിചയക്കാരൻ അർത്ഥഗർഭമായി തലകുലുക്കിക്കൊണ്ടു പോയി.

ഗോപി അവസാനമായി ആ കെട്ടിടത്തിലേക്കു് ഒന്നുകൂടി നോക്കി. ക്രൂരമായ ആ ഗേററു തുറക്കുന്നു. ഒരു മൂരാച്ചിക്കിഴവി കൈയിൽ ഒരു പരന്ന കുട്ടയുമായി പുറത്തേക്കിറങ്ങുന്നു. ആ കെട്ടിടത്തിലെ സുന്ദരികളും ഒരു കാലത്തു് ആ കിഴവിയെപ്പോലെ കവിളൊട്ടിയും, തൊലി ഞുറുങ്ങിയും, പല്ലു കൊഴിഞ്ഞും വികൃതരൂപങ്ങളാകുമല്ലോ എന്നു ഗോപി സമാധാനിച്ചു.

ആ മുതുകിഴവി അടുത്തു വന്നു.

“അമ്മൂമ്മേ!” അവൻ വിളിച്ചു. അവർ വിളി കേട്ട

തായി ഭാവിച്ചുപോലുമില്ല. ആ അഹങ്കാരിപ്പെണ്ണുങ്ങളുടെ സ്വഭാവം പാവം വൃദ്ധയിലേക്കും പകൎന്നുവോ?

"ഓയ്, വല്യമ്മേ!" അവൻ അടുത്തു ചെന്നു കുറേക്കൂടെ ഉച്ചത്തിൽ വിളിച്ചു.

"എന്നാ?"

"ഒരു കാൎയ്യം ചോദിക്കാനൊണ്ടാരുന്നു." ഗോപി വളരെ സ്നേഹഭാവത്തിൽ പറഞ്ഞു.

"എന്തോന്നാ, കാൎയ്യം പറഞ്ഞാട്ടെ; പെമ്പിള്ളാരേ എങ്ങാൻ കാണാനാണെങ്കി ഇവിടെ പററുല്ല."

"ഇവിടെ കോളേജിൽ പഠിക്കുന്ന ഒരു വെളുത്ത പെണ്ണു താമസിക്കുന്നില്ലേ?"

"ഇവിടെ ഒത്തിരി വെളുത്ത മങ്കമാരൊണ്ട്; ഏതാന്നിപ്പം ഞാനെങ്ങനാ അറീന്നെ? ഇതു കുത്ത്." അവർ നടക്കുകയാണ്. ഗോപി അവരുടെ അടുത്തു കൂടി.

"നല്ലപോലെ ചുരുണ്ട തലമുടിയുള്ള രണ്ടുപേരു് ഇപ്പം അങ്ങോട്ടു വന്നില്ലേ?"

"ഓ, മജിസ്ട്രേട്ടിന്റെ മോടെ കാൎയ്യമായിരിക്കും; എന്തിനാ, അന്വേഷിക്കുന്നെ; അതിൻെറ വല്ലോരും ആണോ?"

"സ്വന്തത്തിൽപ്പെട്ടതാ; എന്നാലും പേരു മറന്നുപോയി."

"ഇതുങ്ങടെയൊക്കെ പേരെങ്ങനാ ഓത്തിരിക്കുന്നെ."—അവർ ആ കൊട്ടയിൽനിന്നു് ഒരെഴുത്തെടുത്ത് എന്നെ കാണിച്ചു. "തേ, ഇവൃത്തേലെങ്ങാനും അതിന്റെ പേരൊണ്ടോന്നു നോക്കിക്കേ കുഞ്ഞേ!"

അവൻ ആ കവറിലെ മേൽവിലാസവും അതിനു താഴെ അതയയ്ക്കുന്ന ആളിൻെറ മേൽവിലാസവും കണ്ടു. സുധ! അവൾ ഏതോ ഒരു കൂട്ടുകാരിക്കു് എഴുതുന്ന എഴു

ത്താണ്. എന്തായിരിക്കുമോ അവൾ കൂട്ടുകാരിക്കു് എഴുതുന്നതു്? ആ എഴുത്തൊന്നു പൊട്ടിക്കുവാൻ അവൻെറ വിരലുകൾ തരിച്ചു. പക്ഷേ, അതു് ആ കിഴവി പെട്ടെന്നു വാങ്ങിച്ചുകളഞ്ഞു. അവൻ ആ പേരു് ഒന്നുകൂടി നോക്കി ഹൃദിസ്ഥമാക്കി.

"തപ്പാലാപ്പീസിൽ നേരംപോയോ കുഞ്ഞേ?" അവർ നടന്നുകൊണ്ടു ചോദിക്കുകയാണു്.

"ഇല്ല, വേഗം നടന്നാട്ടെ," ഗോപി പറഞ്ഞു. ഒരെട്ടണാത്തുട്ടു് ഗോപി അവൎക്കു സമ്മാനിച്ചപ്പോൾ പല്ലില്ലാത്ത മോണ കാട്ടി അവർ കൃതജ്ഞത പ്രകടിപ്പിക്കുകയുണ്ടായി.

ഗോപി അന്നുതന്നെ സുധയ്ക്കൊരെഴുത്തെഴുതി. അവനറിയാവുന്ന സാഹിത്യം മുഴുവനും ചേൎത്തു്; അവളെ ഒന്നു കണ്ടു സംസാരിക്കുവാൻ ആഗ്രഹിക്കുന്നുവെന്നു്.

ആ എഴുത്തിനു മറുപടി പ്രതീക്ഷിച്ചു് അവൻ കാത്തിരുന്നു. പക്ഷേ, മറുപടി ഒന്നും കിട്ടിയില്ല. ആ എഴുത്തു് അവൾക്കു കിട്ടാതെവന്നോ? പേരു് അതുതന്നെയാണോ? അതോ, ആ മുതുകിഴവിക്കു പിശകുപററിയതാണോ? എങ്കിൽ അതു മഹാ അബദ്ധംതന്നെ. മററു വല്ല പെൺകുട്ടികൾക്കും ആ എഴുത്തു കിട്ടിയാൽ എന്തായിരിക്കും അനുഭവം? കഷ്ടകാലത്തിനു് അവൻ അവൻ്റെ മേൽവിലാസവും അതിൽ വ്യക്തമായി കുറിച്ചിരുന്നു. നിനച്ചിരിയാതെ ക്രിമിനലോ, സിവിലോ, രണ്ടുംകൂടെയോ ആയ കേസിൽ അവൻ കുടുങ്ങുമോ? ആ പെണ്ണിൻെറ പേരു സുധതന്നെയാണെന്നിരിക്കട്ടെ, ആ സുധയ്ക്കുതന്നെ എഴുത്തു കിട്ടിയെന്നും ഇരിക്കട്ടെ. അവൾക്കതു തീരെ രസിച്ചിട്ടില്ല എന്നതു തീൎച്ചയാണു്. അല്ലെങ്കിൽ അവൾ മറുപടി അയയ്ക്കുമായിരുന്നു. ഒരുപക്ഷേ, അവളെ അങ്ങനെ

അപമാനിച്ചു എന്നു് അവൾക്കു വേണ്ടപ്പെട്ടവരെ വിവരം ധരിപ്പിച്ചിരിക്കാം. അവർ വന്നു് അവനെ ദേഹോപദ്രവംചെയ്യാൻ പാടില്ലായ്കയില്ല.

വന്നുപോയ ബുദ്ധിമോശത്തെ ഓർത്തു ഗോപി പശ്ചാത്തപിച്ചു. കഴിവതും വേഗം സ്ഥലംവിടുകയല്ലേ നല്ലതു്?

ആ എഴുത്തയച്ചതിനുശേഷം അവളെ നോക്കാൻ പോലും ഗോപിക്കു ധൈര്യമുണ്ടായില്ല. എങ്കിലും എന്നും അവൻ പത്തുമണിക്കു മുമ്പും നാലുമണിക്കു പിമ്പും ജനൽ തുറന്നിട്ടു് ഇരുമ്പഴികളുടെ ഇടയിൽക്കൂടി വഴിയിലേക്കു നോക്കിനില്ക്കും. ആയിരം പൂക്കളുടെകൂടെ ആ പാരിജാത പുഷ്പവും ഒഴുകിപ്പോകുന്നതു് അവൻ കാണും; ആയിരം നക്ഷത്രങ്ങളുടെ ഇടയിൽ ശോഭിക്കുന്ന വിശാലനക്ഷത്രത്തെ അവൻ കാണും; അവനറിയാതെ അവന്റെ ഹൃദയത്തിൽനിന്നു് ഒരു നെടുവീർപ്പു പുറപ്പെടും.

എത്രയോ യുവതികളെ അവൻ കണ്ടിട്ടുണ്ടു്. പക്ഷേ, സുധയെപ്പോലെ മററാരും അവന്റെ ഹൃദയത്തെ ആകർഷിച്ചിട്ടില്ല.

അത്രകണ്ടു മനോഹരിയായിരുന്നു ആ കോളേജു കുമാരി.

ഒരിക്കൽക്കൂടി അവൻ ആ കിഴവിയെ കണ്ടു. ഒരെട്ടണാകൂടി വീണ്ടും നഷ്ടപ്പെട്ടു. മേൽവിലാസത്തിൽ പിശകൊന്നും ഇല്ല എന്നു തിട്ടപ്പെടുത്തി.

"അമ്മൂമ്മ എൻെറ കാര്യം അവളോടു പറഞ്ഞോ?"

"ഞാൻ പറഞ്ഞു."

"എന്നിട്ടു്?" ഗോപി ഉല്ക്കണ്ഠയോടെ ചോദിച്ചു.

"കുഞ്ഞിനെ അതു് അറിയത്തേയില്ലെന്നു പറഞ്ഞു. എന്നോടു ദേഷ്യപ്പെട്ടു."

"ദേഷ്യപ്പെട്ടോ?"

"പിന്നില്ലേ?"

കഷ്ടകാലവിശേഷമെന്നേ പറയേണ്ടൂ, സുധയും അവളുടെ ഒരു കൂട്ടുകാരിയുംകൂടെ അപ്പോൾ ആവഴി വന്നു. ആകാശത്തിലേക്കുയരന്നോ, ഭൂമിയിലേക്കു താണോ അപ്രത്യക്ഷനായാൽ കൊള്ളാമെന്നു് അവൻ ആശിച്ചു. അവൾ അവനെ കണ്ടു. അവളുടെ മുഖത്തു് അനുഭാവത്തിൻേറയോ, അനുകമ്പയുടേയോ യാതൊരു ലക്ഷണവും കണ്ടില്ല.

ഭാരിച്ച മനസ്സോടെ അവൻ ലോഡ്ജിലേക്കുതന്നെ മടങ്ങിപ്പോയി.

നോവലെഴുതാൻ എടുത്തു വച്ച പേനാ അതേപടി ഇരിക്കുന്നു. പേനാ നീങ്ങുന്നില്ല.

ശൂന്യങ്ങളായ ദിവസങ്ങൾ കടന്നുപോയി; എങ്കിലും നീലനിലോൺസാരി ധരിച്ച ആ സുന്ദരി അവന്റെ ഹൃദയത്തിൽനിന്നു കടന്നുപോകുന്നില്ല. കഴിവതും വേഗം സ്ഥലംവിടുക എന്ന അന്ത്യതീരുമാനത്തിൽത്തന്നെ അവൻ എത്തിച്ചേർന്നു.

ഒരു ശനിയാഴ്ചദിവസം ഉച്ചതിരിഞ്ഞ സമയം. ചന്നംപിന്നം മഴ ചാറിക്കൊണ്ടിരുന്നു. അവൻേറ സഹ 'ലോഡ്ജന്മാർ' എല്ലാം ആഫീസുകളിലേക്കു പൊയ്ക്കഴിഞ്ഞിരുന്നു. ഏകാകിയായി ചാരുകസേരയിൽ ഇരുന്നു് അവൻ ഉറക്കംതൂങ്ങുകയായിരുന്നു.

പകുതി തുറന്നുകിടന്ന വാതിലിലൂടെ ഒരു ചെല്ലക്കാററു വന്നു് ആ മുറിക്കകം ശുദ്ധവൃത്തിയാക്കാൻ ശ്രമിച്ചു; കാരണം, ബീഡിക്കുററികളും, കരിഞ്ഞ തീപ്പെട്ടിക്കൊള്ളികളും, കടലാസ്സുകഷണങ്ങളും അവിടെ ഒരു പടക്കളം സൃഷ്ടിച്ചിരുന്നു. മേശപ്പുറത്തിരിക്കുന്ന വെള്ളക്കട

ലാസ്സുകൾ, പറക്കാൻ തുടങ്ങുന്ന വെള്ളപ്രാവിന്റെ ചിറകുകൾമാതിരി ഇളകി.

കതകിൽ ആരോ മുട്ടുന്നു. അവൻ കതകു തുറന്നു. അവൻെറ സപ്തനാഡികളും സ്തംഭിച്ചുപോയി.

സുധ! നീലനിലോൺസാരി ധരിച്ച മഴവില്ല്!

ഹോ! അവന്റെ ഹൃദയത്തിന്റെ രാജകുമാരി അവന്റെ പക്കലേക്ക് എഴുന്നള്ളിയിരിക്കുന്നു.

"സുധേ!" അവനറിയാതെതന്നെ അവന്റെ നാവു ശബ്ദിച്ചുപോയി.

"നിങ്ങളാണോ നോവലെഴുത്തുകാരൻ ഗോപി?" മുഖത്തു യാതൊരു ചലനവുമില്ലാതെ അവൾ ചോദിക്കുകയാണ്. അവളുടെ നില്പും ഭാവവും കണ്ടാൽ ഗോപിയെ അവൾ സംഹരിച്ചുകളയും എന്നു തോന്നും.

"അതെ." ഗോപി പറഞ്ഞു. മഴത്തുള്ളികളോടു കൂടിയ കാറ്റ് ഊതിക്കൊണ്ടിരുന്നു. അവൾ അകത്തേക്കു കയറി. ഒരു കസേരയിൽ ഇരുന്നു. ഗോപി കതകടച്ചു. എന്തൊരു ശല്യംപിടിച്ച മഴ!

"നിങ്ങളാണോ എനിക്ക് എഴുത്തയച്ചതു്?"

"അതെ." ഗോപി അവളുടെ ഓമനയായ മുഖത്തേക്കുതന്നെ നോക്കുകയായിരുന്നു. നുണച്ചുഴികളും, കൊച്ചരിപ്പല്ലുകളും, താടിക്ക് അല്പം മുകളിലായി കടുകുപോലുള്ള ഒരു കറുത്ത മറുകും അവൻ കണ്ടു.

"ഉം, എന്താ കാര്യം?"

"ഇങ്ങനെ ഗൗരവത്തിൽ ചോദിച്ചാലോ?"

"പിന്നെങ്ങനെയാണു ചോദിക്കേണ്ടതു്?"

"കുറേക്കൂടെ മയത്തിൽ, അല്പം ഒരു പുഞ്ചിരിയോടുകൂടി..."

"അതിനു സൗകര്യമില്ലെങ്കിലോ?"

"എങ്കിൽ ലോകത്തിലെ ഏററവും വലിയ ഭാഗ്യഹീനൻ ഞാനാണെന്നു സമാധാനിച്ചുകൊള്ളാം."

"കാര്യം എന്താണെന്നു കേൾക്കട്ടെ."

"അതായതു ഞാനൊരു നോവലെഴുതുന്നുണ്ടു്. അതിലെ കഥാനായിക ലോകൈകസുന്ദരി ആയിരിക്കണമെന്നുണ്ടു്. അതുകൊണ്ടു സുധയെ അടുത്തു കണ്ടു വാക്കുകൾകൊണ്ടു സുധയുടെ ഒരു ചിത്രം പെയിൻറുചെയ്യണമെന്നുണ്ടു്. ഈ നീലക്കണ്ണുകളും ഈ നുണച്ചുഴികളും, ഈ കറുത്ത മറുകും; അതാ, അതുപോലെ പൊട്ടിവിടരുന്ന പുഞ്ചിരിയും."

"എന്നിട്ടു്?"

"എന്നിട്ടു് എന്റെ നോവലിലും ഹൃദയത്തിലും സുധയെ പ്രതിഷ്ഠിക്കുക."

"ഓഹോ!"

"സുധയ്ക്കു പോകാൻ ധൃതിയുണ്ടോ?"

"ഇല്ല, ഞാൻ മാറ്റിനി കാണാൻ പോകുന്നു എന്നു പറഞ്ഞിട്ടാണു ഹോസ്റ്റലിൽനിന്നു പോന്നതു്." അവൾ ശാന്തമായ സ്വരത്തിൽ പറഞ്ഞു. 'മഹാനായ ഒരു കലാകാരനെ കണാൻ സാധിച്ചല്ലോ.' അവൾ എണീറ്റു മേശപ്പുറത്തെ പുസ്തകങ്ങൾ ഒക്കെയും എടുത്തു താൾ മറിച്ചു. ഗോപി അടുത്തു ചെന്നു് അവളെ സഹായിച്ചു.

"ഓ, ഞാനിതൊക്കെ വായിച്ചിട്ടുണ്ടു്."

"ഇഷ്ടമാണോ സുധയ്ക്കു് എൻെറ പുസ്തകങ്ങൾ?"

"ഇഷ്ടമില്ലെങ്കിൽ വായിക്കുമോ?"

"എന്നോടും ഇഷ്ടമാണോ?"

അവൾ ഒന്നും മിണ്ടിയില്ല. ഗോപി അവളുടെ മുഖത്തേക്കു നോക്കി. അവിടെ ഒരു മന്ദഹാസം നിഴലിക്കു

ന്നതു് അവൻ കണ്ടു. അവന്റെ ശ്വാസം അവളുടെ പനിനീർപോലത്തെ പൂങ്കവിളിൽ സ്പർശിച്ചു.

മഴയും കാററും വർദ്ധിച്ചുകൊണ്ടിരുന്നു. ലോകം ഇരുളുന്നതുപോലെ തോന്നി.

സായാഹ്നത്തിനുമുമ്പു മഴ തോരുകയും ആകാശം തെളിയുകയും ചെയ്തു. പാടലച്ഛവി പുരണ്ട സന്ധ്യാകാശം സുധയെപ്പോലെതന്നെ നയനമോഹനമായിരുന്നു.

പിറ്റേ ശനിയാഴ്ചയും ഉച്ചതിരിഞ്ഞ സമയം അവൾ വന്നു. അപ്പോഴേക്കും ഗോപി അവന്റെ നോവൽ എഴുതി പൂർത്തിയാക്കിയിരുന്നു.

അവൾ അവൻെറ അടുത്തിരുന്നു. ആ നോവൽ അവൻ അവളെ വായിച്ചുകേൾപ്പിച്ചു.

"ഗോപിയുടെ നോവലുകളിൽവച്ചു് ഏററവും മനോഹരം ഇതാണു്." അവൾ പറഞ്ഞു.

"വാസ്തവം." അവൻ മന്ത്രിച്ചു.

പക്ഷേ, സുധ!

അവളിൽനിന്നു രക്ഷപെടാതെ ഗോപിക്കു ഗത്യന്തരമില്ലെന്നായി. അവൾ അവനു പ്രേമലേഖനങ്ങൾ എഴുതുകയായി.

ഒരുദിവസം അവൻ അവളറിയാതെ ആ ലോഡ്ജിൽനിന്നു പിരിഞ്ഞു. അവൻെറ വീട്ടിലേക്കുതന്നെ മടങ്ങിപ്പോയി.

"നല്ല നോവൽ." അവന്റെ ഭാര്യ ഗീത പറഞ്ഞു.

"എന്താണിതിൻെറ മെച്ചം?" ഗോപി സാകൂതം ചോദിച്ചു.

"മറെറല്ലാ കഥാനായികമാരെയുംകാൾ ഇതിലെ കഥാനായികയ്ക്കു ജീവനുണ്ടു്."

ആ കഥാനായിക ഉണ്ടായ കഥ അവൾ അറി

ഞ്ഞാൽ എന്തായിരിക്കും കഥ! ആ കഥാനായികയിൽ നിന്നു് അവൻ ഒളിച്ചോടിപ്പോന്നിരിക്കയാണെന്നുള്ള വിവരം ഉണ്ടോ അവൾ അറിയുന്നു!

പാവം ഗീത!

"ഏതായാലും നിന്നേക്കാൾ സുന്ദരിയല്ല." ഗോപി ചിരിച്ചു. ഗീതയും ചിരിച്ചു.

സുധയെ മറക്കാൻ അവൻ ശ്രമിച്ചു. ക്രമേണ അവന്റെ ഹൃദയത്തിൽനിന്നു് അവൾ മാഞ്ഞു. സുധ എന്തു വിചാരിക്കും? പ്രേമാർദ്രമായ ഒരു ഹൃദയവുമായി അവൾ കാത്തിരിക്കുന്നുണ്ടാവും. ഒരുപക്ഷേ, അവളെ വഞ്ചിച്ച ഘാതകനോടു് അവൾ പ്രതികാരത്തിനു ശ്രമിക്കുമായിരിക്കും. പ്രത്യേകിച്ചു് അവൻ വിവാഹിതനാണെന്നറിഞ്ഞാൽ. അതല്ലെങ്കിൽ അവളും അവനെ വിസ്മരിച്ചിരിക്കാം. സ്ത്രീകളുടെ ഹൃദയം എന്തെന്നു് ആക്കും ഒരുകാലത്തും പിടികിട്ടുകയില്ല. ഈശ്വരന്റെ ഒരു പ്രത്യേകസൃഷ്ടി തന്നെയാണു് സ്ത്രീ.

ദിവസങ്ങൾ കടന്നുപോയി. ആഴ്ചകളും മാസങ്ങളും. ഗോപിയുടെ ഹൃദയത്തിൽനിന്നു സുധ നിശ്ശേഷം മാഞ്ഞുപോയി.

ഗീതയുടെ ബന്ധത്തിൽപ്പെട്ട ആരോ വിരുന്നുകാർ വരുന്നുണ്ടു്. അവൾ അടുക്കളയിൽ തിരക്കിട്ട ജോലിയിൽ ഏർപ്പെട്ടിരുന്നു.

പടിക്കൽ ഒരു കാർ വന്നു നിന്നു. അതിന്റെ ശബ്ദം കേട്ടു് അവൻ അടുക്കളയിൽ എത്തി.

"ഗീതേ, അവർ വന്നു." ഗോപി അറിയിച്ചു.

"ഞാൻ വരുന്നു. നിങ്ങൾ ചെന്നു് അവരെ സ്വീകരിക്കു്." ഗീത പറഞ്ഞു. "അവരിത്ര പെട്ടെന്നു വരുമെന്നു വിചാരിച്ചില്ലല്ലോ."

അതിഥികളെ സ്വീകരിക്കാനായി ഗോപി വേഗം വാതില്ക്കലേക്കു ചെന്നു.

പക്ഷേ, അവൻ കണ്ട കാഴ്ച!

നീലനിറത്തിലുള്ള നിലോൺസാരിയും, പച്ചനിറത്തിലുള്ള ബ്ലൗസും ധരിച്ചു സുധ കയറിവരുന്നു. ജീവച്ഛവംപോലെ ഗോപി നിന്നു. ജീവിതത്തിന്റെ അന്ത്യമുഹൂർത്തം അടുത്തു എന്ന് അവനു തോന്നി. അവന്റെ കണ്ണിൽ ഇരുട്ടു കയറി. ശരീരമാസകലം പുകയുന്നു.

"എങ്കിലും എന്നെ ഇങ്ങനെ ചതിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല." അവൾ കയറിവന്നുകൊണ്ടു പറഞ്ഞു. "കേട്ടോ, മഹാനായ സാഹിത്യകാരാ!"

"സുധേ! എന്റെ പൊന്നു സുധേ! ഈശ്വരനെ വിചാരിച്ച് എന്നോടു ക്ഷമിക്ക്." ഗോപി പറഞ്ഞു. "നമ്മൾ തമ്മിൽ പരിചയമാണെന്ന് ഗീത അറിഞ്ഞാൽ..."

"ഗീതയോ?"

"അതേ സുധേ!"

"ആരാണ് ഗീത?"

"എന്റെ...ഭാ...ര്യ."

അവളൊന്നു ഞെട്ടി. അവളുടെ മോഹനമായ വക്ഷസ്സ് ഉയരുകയും താഴുകയും ചെയ്യുന്നത് അവൻ കണ്ടു. അവൾ അവന്റെ കണ്ണുകളിലേക്കുനോക്കി. അവൻ അവളുടെ കണ്ണുകൾ കണ്ടു. നീലോല്പലങ്ങൾപോലുള്ള ആ കണ്ണുകൾ. ആ കണ്ണുകളിൽനിന്നു കണ്ണുനീരിന്റെ മുത്തുകൾ പൊഴിയുന്നതും അവൻ കണ്ടു. അവന്റെ ഹൃദയം തകരുകയായിരുന്നു.

"സുധേ!"

അവൾ മിണ്ടിയില്ല. അനശ്വരവും വിശ്വോത്തര

വുമായ ഒരു തങ്കപ്രതിമപോലെ അവൾ നിന്നു. ആ ഗംഭീരമുഹൂർത്തത്തിൽ ഗീത ഞങ്ങളുടെ പക്കലേക്കു വന്നു.

"ഇതാരാണ്?" അവൾ സുധയുടെ മുഖത്തേക്കു നോക്കിക്കൊണ്ടു ചോദിച്ചു.

"വീട്ടുതെററി കയറിയതാ." ഗോപി ഒരുവിധത്തിൽ പറഞ്ഞു.

"അതാണോ കരയുന്നതു്? അയ്യോ പാവം, പേരെന്നാ?"

"സുധ." സുധ പറഞ്ഞു. അവൾ ഗീതയുടെ മുഖത്തു നോക്കിക്കൊണ്ടു പറഞ്ഞു: "ഞാൻ പോണു...വഴി തെറ്റിപ്പോയി." അവൾ പിന്നീടൊന്നും പറഞ്ഞില്ല. അവൾ വേഗം നടന്നു.

"നല്ല പെൺകുട്ടി." ഗീത പറഞ്ഞു.

"വാസ്തവം." ഗോപി തന്നത്താനെന്നോണം മന്ത്രിച്ചു.

സുധ കാറിൽ കയറി; പെട്ടെന്നു് ആ കാർ ദൃഷ്ടിയിൽനിന്നു മറഞ്ഞു.

ഗോപി എത്രനേരം ജന്നൽക്കമ്പിയിൽ പിടിച്ചുകൊണ്ടു പടിഞ്ഞാറെ ചക്രവാളത്തിലേക്കു നോക്കി നിന്നെന്നു് അറിഞ്ഞില്ല. നെടുവീർപ്പുകൾ അവനു കൂട്ടുനിന്നു.

തങ്കം പൂശിയ ചക്രവാളത്തിൽ സുധയെപ്പോലെ നയനമോഹനമായ സായംസന്ധ്യ വന്നുനിന്നു. ഗോപി മുഖം തിരിച്ചുകളഞ്ഞു.

## അമ്മയുടെ കണ്ണുകൾ

അനന്തതയിലേക്കു പറന്നുപോകുന്ന വെള്ളിൽ പക്ഷികളെ നോക്കിക്കൊണ്ടു ഞാൻ ജാലകത്തിനടുത്തിരുന്നു. ഒരു നനഞ്ഞ ദിവസമായിരുന്നു അതു്. ഓഗസ്റ്റ്മാസത്തിലെ ഒരു വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ നേരം. മഴ പെയ്തുപറന്നുപോയെങ്കിലും വാഴകളുടെയും മാവിന്റെയും ഇലകളിൽനിന്നു വെള്ളം ഇററിറ്റു വീണുകൊണ്ടിരുന്നു. മർമ്മരം കേൾക്കാം. അകലെയുള്ള അടുക്കളയിൽ വേലക്കാരി ദാക്ഷായണി തേങ്ങാ ചുരണ്ടുന്നതിൻെറ കരോ കരോ കരോ എന്ന നേരിയ ശബ്ദമുണ്ടു്. മറെറല്ലാം ശാന്തമാണു്. അയൽപക്കത്തെ വേലിക്കരുകിൽനിന്നു് ഒരു പിടക്കോഴി കുറെമുമ്പു കൊക്കുന്നുണ്ടായിരുന്നു. ഇപ്പോൾ ഒന്നും കേൾക്കാനില്ല.

മഴത്തുള്ളികളുടെ മർമ്മരം തുടന്നുകൊണ്ടേയിരുന്നു. കാററു് നിശ്ചലമായിരുന്നു. ആകാശം ചാരനിറംപൂണ്ടു നിന്നു. ചാരമേഘങ്ങൾക്കുള്ളിൽ സൂര്യന്റെ ഒരു വെള്ളായം കാണാം.

“നീ എന്തു നോക്കിയിരിക്യയാരുന്നെടീ...എന്തെടീ...എന്തെടീ...” കൈകൊണ്ടു തല്ലുന്ന ശബ്ദം. അമ്മയുടെ സ്വരം: “കുറെനാളായി നിൻെറ വിചാരം ഇവിടെങ്ങുമല്ല; എൻറമ്മച്ചി ഇനീം ഇവിടെ അധികം പൊറുക്കുമെന്നു തോന്നുന്നില്ല.”

“കോഴി ചാടി മറിച്ചിട്ടതാ അമ്മച്ചീ!” ദാക്ഷായണിയുടെ സ്വരം.

“അതെനിക്കറിയാം, കോഴി പൊട്ടിച്ചതാണെന്നു്,

നീ എന്തു നോക്കിക്കൊണ്ടിരിക്കുകയായിരുന്നെന്നാ ചോദിച്ചതു്."

"ഞാൻ തേങ്ങാ ചുരണ്ടുവാരുന്നമ്മേച്ചീ!"

"നോക്കു്, നല്ലോരു പിഞ്ഞാണം!" അമ്മയുടെ സ്വരം.

നിശ്ശബ്ദം.

ഞാൻ എണീറ്റു് രണ്ടു മുറികൾ കടന്നു് അടുക്കളവാതിൽക്കൽ എത്തി. അടുക്കളയുടെ കോണിൽ പാതകത്തിനടുത്തു ദാക്ഷായണി ദൂരേക്കു നോക്കിക്കൊണ്ടു നിശ്ചലം നില്ക്കുന്നു. അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

"എന്തു പററിയമ്മേ, പിഞ്ഞാണത്തിനു്?" ഞാൻ ചോദിച്ചു.

"പിഞ്ഞാണത്തിനു പറ്റി—" അമ്മ ദേഷ്യപ്പെട്ടു തന്നെ നിൽക്കുകയാണു്.

എന്നെക്കണ്ടപ്പോൾ ദാക്ഷായണി മുഖംപൊത്തി കരഞ്ഞുകൊണ്ടു പുറത്തേക്കു പൊയ്ക്കളഞ്ഞു.

"ആ പെണ്ണെന്തിനാമ്മേ കരേന്നതു്?"

"നീ ചെന്നു ചോദിക്കു് എന്തിനാ കരേന്നതെന്നു്. പോ, പോ പൂച്ചേ." അമ്മയുടെ പാദത്തിൽ ഉരചാരാൻ ചെന്ന പൂച്ചയെ തട്ടിയൊരേറു് കാലുകൊണ്ടു്.

അമ്മയുടെ മുമ്പിൽ ഇനി നില്ക്കുന്നതു് അപകടമാണെന്നു് എനിക്കറിയാം. കാരണം, അമ്മയുടെ സ്വഭാവം ഞാൻ ശരിക്കു പഠിച്ചിട്ടുണ്ടു്. കൊച്ചുന്നാൾതൊട്ടു് എനിക്കറിയാം അമ്മയെ. മുൻദേഷ്യക്കാരിയാണു്. ഇന്ദ്രനെയും ചന്ദ്രനെയും വകവയ്ക്കുകയില്ല. എന്നാൽ സ്നേഹസമ്പന്നയാണുതാനും.

ദാക്ഷായണിയോടു വളരെ സ്നേഹമായിരുന്നു അമ്മയ്ക്കു്. എന്തുകൊണ്ടെന്നറിഞ്ഞില്ല, കുറെ നാളുകളായി അമ്മയ്ക്കു് ആ പെണ്ണിനെ കണ്ണെടുത്തു കണ്ടുകൂടാ. തൊട്ടു

ന്നതെല്ലാം കുററമാണ്. മുമ്പൊരിക്കലും അമ്മ അവളെ തല്ലീട്ടുള്ളതല്ല, ഇപ്പോൾ കൂടെക്കൂടെ തല്ലും.

ദാക്ഷായണി വീട്ടിൽ വന്നിട്ട് ഏഴരക്കൊല്ലമായി ക്കാണും. അന്ന് അവൾക്കു പത്തു വയസ്സേ പ്രായമുണ്ടാ യിരുന്നുള്ളു. ഒരു കൊച്ചു കുറിയോണ്ടും ഉടുത്തുകൊണ്ടു് അവൾ വന്നു; അവളുടെ അമ്മയാണു കൊണ്ടുവന്നതു്. ഒരു മൈൽ അകലെ ഞങ്ങളുടെവക പുരയിടത്തിലാണ് അവളുടെ അമ്മയും അച്ഛനും ആങ്ങളമാരും താമസിക്കു ന്നതു്. അവർ തീരെ പാവങ്ങളാണ്. ആണ്ടിലൊരി ക്കലേ ദാക്ഷായണി വീട്ടിൽ പോകൂ, ഓണത്തിനോ മറേറാ. പിറേറദിവസംതന്നെ മടങ്ങിപ്പോരുകയും ചെയ്യും. ജോലിചെയ്യുന്നതിനു നല്ല ചൊടിയാണ് ആ പെണ്ണിന്. സ്വന്തം വീടുപോലെയാണ്. അവൾക്കു് അമ്മയെ വലിയ കാര്യമായിരുന്നു. ഇപ്പോഴും ആയിരി ക്കാം. അമ്മയുടെ കട്ടിലിനടുത്തു് അവൾ നിലത്തു പായ് വിരിച്ചു കിടക്കും. അമ്മയെ എണ്ണതേച്ചു കുളിപ്പിക്കുന്നതു പോലും ദാക്ഷായണിയാണ്.

ദാക്ഷായണിയോടു ഞാൻ അധികമൊന്നും മിണ്ടി യിട്ടില്ല. എങ്കിലും എനിക്കവളെ ഇഷ്ടമാണ്. അവൾ അഞ്ജനക്കറുമ്പിയാണ്. എങ്കിലും അവളുടെ മുഖത്തൊ രു ഐശ്വര്യമുണ്ടു്, ഒരു തേജസ്സുണ്ടു്; അനന്യസാധാര ണമായ ഒരു സൗന്ദര്യമുണ്ടു്. അവളുടെ കണ്ണുകൾ വിടന്ന വയും അത്യാകർഷകങ്ങളുമാണ്. ഇന്ന് അവൾക്കു പതി നേഴ വയസ്സു കാണും. പണ്ടു വീട്ടിൽ വെറും കുറിയോണ്ടും ഉടുത്തുകൊണ്ടു വന്ന ദാക്ഷായണിയും, ഇന്നു ബോഡീസും ജംബറും കരമുണ്ടും ധരിച്ചിരിക്കുന്ന ദാക്ഷായണിയും ത മ്മിൽ യാതൊരു സാമ്യവുമില്ല. ഇന്ന് അവളുടെ പുഞ്ചി രി മാദകമാണ്. വെളുത്ത കൊച്ചരിപ്പല്ലുകൾ കാട്ടിയുള്ള

ചിരി എത്ര ആകഷകമാണെന്നോ. ഓടിച്ചെന്നു കെട്ടിപ്പിടിച്ചു ബലാൽക്കാരമായി ആ പുഞ്ചിരിച്ചുണ്ടുകളിൽ ആയിരം ഉമ്മ കൊടുക്കാൻ തോന്നിപ്പോകും.

അവൾ എന്നോടു മിണ്ടാറില്ല. ഇപ്പോഴൊക്കെ എന്നെക്കാണുമ്പോൾ അവൾ നാണിച്ച് ഓടിക്കളയും. എങ്ങനെയുണ്ടായി ഈ നാണം എന്നറിഞ്ഞില്ല. ചിലപ്പോൾ ഞാൻ വായിച്ചുകൊണ്ടിരിക്കുമ്പോൾ അവൾ പുറകിലത്തെ ജനൽക്കൽ വന്നെന്നെ നോക്കിക്കൊണ്ടു നിൽക്കും. ഞാൻ അതു കണ്ടു എന്നറിഞ്ഞാൽ അവൾ ഓടിപ്പൊയ്ക്കളയും.

അമ്മയുടെ കണ്ണുകൾ ഭയങ്കരങ്ങളാണ്. എപ്പോഴും അമ്മയുടെ ഒരു കണ്ണ് അവളുടെമേലും മറേറക്കണ്ണ് എൻെറമേലും ആയിരിക്കും. യൗവനത്തിൻെറ അന്ധതയേയും അപകടങ്ങളേയും പററി അമ്മയ്ക്കറിയാം. അമ്മ അഭ്യസ്തവിദ്യയാണ്. വളരെയേറെ വായിക്കുന്ന കൂട്ടത്തിലാണ്.

എനിക്കുവേണ്ടി അമ്മ ഒരു കല്യാണം ആലോചിക്കുന്നുണ്ട്; സുന്ദരിയും, പഠിത്തക്കാരിയും, വമ്പിച്ച സ്വത്തിൻെറ അവകാശിനിയുമായ ഒരു പെണ്ണാണെന്നു പറഞ്ഞു. എൻെറ സമ്മതം അമ്മയ്ക്കൊരു പ്രശ്നമേ അല്ല. തിരുവായിക്കെതിർവായില്ല. അമ്മ പറഞ്ഞാൽ പറഞ്ഞതുതന്നെ; അതിനു മാറ്റമില്ല. അമ്മ ഭയങ്കരിയാണ്; എന്റെ അമ്മ: എങ്കിലും സ്നേഹംകൊണ്ടുമാത്രം നിമ്മിക്കപ്പെട്ടതാണ് അമ്മയുടെ ഹൃദയം എന്ന് എനിക്കറിയാം. പക്ഷേ, അമ്മയുടെ ആശയങ്ങൾ പലതും പഴഞ്ചനാണെന്ന് എനിക്കു തോന്നിയിട്ടുണ്ട്. ഉദാഹരണമായി വിവാഹക്കായ്യം. “നീ എന്തു പറയുന്നെടാ?” എന്നെങ്കിലും എന്നോടൊന്നു ചോദിക്കണ്ടെ? ഇതേവരെ ചോദിച്ചിട്ടില്ല. ചോദി

ക്കയുമില്ല. കണ്ണുമടച്ച് അനുസരിച്ചുകൊള്ളണം. അനുസ രിച്ചില്ലെങ്കിലോ? അങ്ങനെയൊന്നു ചിന്തിക്കാൻപോലും എനിക്കു ധൈര്യം തോന്നുണ്ടോ? തോന്നീട്ടില്ല. ഒന്നുമൊ ന്നും തോന്നുന്നില്ല. അത്രകണ്ടു ഭയങ്കരിയാണ് എന്റെ അമ്മ, എന്റെ പ്രിയപ്പെട്ട അമ്മ. അമ്മയെ എനിക്കു വലിയ ഇഷ്ടമാണ്, അതിലുമേറെ ഭയമാണ്; അതിലു മേറെ ബഹുമാനമാണ്. ഇത്രകണ്ടു് അറിവും തന്റേട വും സ്നേഹവുമുള്ള ഒരമ്മയെ ലഭിക്കുക എന്നുള്ളതു് ഒരു അപൂർവ്വഭാഗ്യമാണ്.

എങ്കിലും അമ്മ ഭയങ്കരിയാണ്. ആ പെണ്ണിനെ ഞാനൊന്നു നോക്കിയാൽ, അതിനോടു ഞാനൊന്നു വ ർത്തമാനം പറഞ്ഞാൽ അമ്മയ്ക്കെന്താണു ചേതം? എനി ക്കറിഞ്ഞുകൂടാ, എണ്ണക്കറുമ്പിയായ ദാക്ഷായണിയോടു് എനിക്ക് എന്തുമാത്രം സ്നേഹമുണ്ടെന്നു്. അതു ദാക്ഷായ ണി അറിയുന്നില്ലായിരിക്കണം. അവൾക്കു് എന്നോടു സ്നേഹം കാണും, കാണുമായിരിക്കും. പെണ്ണുങ്ങളുടെ സ്വഭാവം എന്തെന്നു് ആക്കറിയാം.

എങ്കിലും ആ പാവപ്പെട്ട പെണ്ണിനെ അമ്മ തല്ലി യതു തെററാണ്. അമ്മയോടു് അക്കാര്യമെങ്ങാൻ മിണ്ടാ നൊക്കുമോ? എങ്കിൽ തീൎന്നു എന്റെ കഥ. അത്രകണ്ടു ഭയങ്കരിയാണ് എന്റെ അമ്മ. ഇതുവരെ ഞാൻ അമ്മ യോടു പിണങ്ങിയിട്ടില്ല. കല്യാണക്കാര്യത്തിൽ ഒരു ചെറിയ ഭൂകമ്പം ഉണ്ടാകും. അതൊരു വലിയ പൊട്ടി ത്തെറിക്കലായിരിക്കും. കാരണം ഞാനിപ്പോൾ വിവാ ഹംകഴിക്കാനാഗ്രഹിക്കുന്നില്ല. എന്തുകൊണ്ടെന്നുമാത്രം എന്നോടു ചോദിക്കരുതു്. അമ്മ നിർബ്ബന്ധിക്കും. ഞാൻ എതിർക്കും. പിന്നെന്തൊക്കെയാണു സംഭവിക്കുന്നതെന്ന റിഞ്ഞുകൂടാ. വിധിനിർണ്ണായകമായ ആ ദിവസം ഭാവി

യുടെ അന്തരാളത്തിൽനിന്നു് ഉററുനോക്കുന്നു; നോക്കി ഭയപ്പെടുത്തുന്നുണ്ടു്.

ഞാനെൻെറ മുറിയിലേക്കുതന്നെ മടങ്ങി. ജാലകത്തിലൂടെ പടിഞ്ഞാറെ ആകാശത്തിലേക്കു് നിരുന്മേഷനായി നോക്കിക്കൊണ്ടിരുന്നു. വെള്ളിൽപ്പക്ഷികൾ എത്രയോ നേരത്തെ അപ്രത്യക്ഷങ്ങളായി. ചാരനിറമുള്ള മേഘത്തിൽ അങ്ങിങ്ങായി കീറല്യകളുണ്ടായി; ആ കീറല്യകളിൽക്കൂടി പകൽവെളിച്ചം ചോന്നു ഭൂമിയിൽ വീണുകൊണ്ടിരുന്നു.

അനച്ച അടകളും പാൽക്കാപ്പിയുമായി അമ്മ എന്റെ മുറിയിൽ വന്നു. സെറ്റിയിൽ ഇരുന്നു. കാപ്പിയും പലഹാരങ്ങളും ടീപ്പോയിയിൽ വച്ചു. അമ്മയ്ക്കു് എന്റെ കൂടെയിരുന്നു ഭക്ഷണം കഴിക്കണം. എനിക്കു് ഓമ്മവച്ച നാൾമുതൽ അങ്ങനെയാണു്. എങ്കിലേ അമ്മയ്ക്കു ദഹിക്കയുള്ളത്രെ. കുറേനാൾ മുമ്പുവരെ അമ്മ ഉണ്ണുമ്പോൾ ഒരുരുളച്ചോറു് അമ്മ എൻെറ വായിൽ വച്ചുതരുമായിരുന്നു. ഇപ്പോൾ എനിക്കു പുരുഷപ്രാപ്തിയായി. ഞാൻ തീരെ കുഞ്ഞല്ല. എന്നിരിക്കിലും അമ്മയുടെ അടുത്തിരുന്നു ഭക്ഷണം കഴിക്കുമ്പോൾ എനിക്കൊരു പ്രത്യേക തൃപ്തിയുണ്ടു്.

അമ്മ സന്തുഷ്ടയായി കാണപ്പെട്ടു. അമ്മയുടെ അടുത്തിരുന്നുതന്നെ ഞാൻ മധുരമുള്ള അട തിന്നു; നല്ല ചൂടുണ്ടായിരുന്നു. അടയുടെ അകത്തു് തേങ്ങായും പഞ്ചസാരയും ഉണ്ടായിരുന്നു. നല്ല രുചിയായിരുന്നു. അമ്മയുടെ അടുത്തിരുന്നിട്ടായിരിക്കാം.

"മഹാ കഷ്ടമായിപ്പോയി അമ്മേച്ചി ആ പെണ്ണിനെ അങ്ങനെ തല്ലിയതു്." ഞാൻ നല്ലനേരംനോക്കി

പറഞ്ഞു. എന്നിട്ട് ഒളികണ്ണിട്ട് അമ്മയുടെ മുഖത്തേക്കു നോക്കി, ഭാവം മാറുന്നുണ്ടോ എന്നറിയാൻ.

"അവളീയിടെയായി അധികപ്രസംഗിയായിട്ടാണു വരുന്നത്."

"അവളെന്തോന്ന് ഇത്രവലിയ അധികപ്രസംഗിച്ചതു്? ആരുമോരുമില്ലാത്ത ആ പാവത്തിനെ ഉപദ്രവിക്കുന്നതു പാപമാണ്."

"ആ പാപം ഞാനേറ്റു." അമ്മയുടെ ഭാവം ക്രമേണ മാറുന്ന ലക്ഷണം കണ്ടു. "നെനക്കെന്താ അവളോടിത്ര സിമ്പതി തോന്നാൻ? എന്തെടാ?"

"എനിക്ക് ആ പെണ്ണിനോടു വാസ്തവം പറഞ്ഞാൽ വലിയ സിമ്പതിയാമ്മേ."

"ആഹാ, എന്നാൽ അവളെ ഇവിടെനിന്നു പറഞ്ഞയയ്ക്കാൻപോവുകയാണ്."

"അമ്മയൊരു ദുഷ്ടയാണ്."

"നിനക്കെന്താ അവളെ കെട്ടണോ?" അമ്മയുടെ മുഖം സ്വതേ ചുവന്നതാണ്. കോപംകൊണ്ടു ചെമ്പരത്തിപ്പൂപോലെ ചെമന്നു.

"അമ്മേ!" എൻെറ സ്വരവും ഗൗരവമുള്ളതായിരുന്നു. അമ്മയുടെ മകനല്ലേ ഞാൻ? എനിക്കും അമ്മയുടെ സ്വഭാവത്തിൽ ഒരംശമുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

"സിമ്പതി അത്രയ്ക്കായോ?" അമ്മ ചാടിയെണീറ്റു. വയസ്സു നാല്പത്തഞ്ചായെങ്കിലും അമ്മയ്ക്ക് ഇന്നും നല്ല ചുണയാണ്. ഒരു യുവതിയേക്കാൾ പ്രസരിപ്പുണ്ടു്. സൗന്ദര്യവുമുണ്ട്. എന്നെമാത്രം ഉദ്ദേശിച്ചാണ് അമ്മ പുനർവിവാഹം ചെയ്യാതെ നില്ക്കുന്നതു്. അമ്മയുടെ ആനന്ദവും ആശയും ജീവനും എന്നിൽ ഒതുങ്ങിനില്ക്കുന്നു.

വിചാരിച്ചതുപോലെതന്നെ സംഭവിച്ചു. ജന്നല്ക്കതകിൽക്കൂടി ദാക്ഷായണി ഒരു പൊതിക്കെട്ടുമായി പോകുന്നതു കണ്ടു. അവളെ തടഞ്ഞുനിറുത്താൻ എനിക്കു ശക്തിയില്ലായിരുന്നു; ധൈര്യമില്ലായിരുന്നു; ഞാൻ ഭീരുതയുടെ മൂർത്തീഭാവമായി പ്രതിമപോലെ ജന്നല്ക്കൽ ഇരുന്നതേയുള്ളു. അവളൊന്നു തിരിഞ്ഞുനോക്കി, എൻെറ മുഖത്തേക്കു്. ആ നോട്ടം ജീവിതത്തിൻെറ അന്ത്യംവരെ എൻെറ ഹൃദയത്തിൽ നിലനില്ക്കും. ഒന്നേ നോക്കിയുള്ളു. അവൾ പടികടന്നു നാട്ടുവഴിയിലെത്തി. ഒരു സ്വപ്നം പോലെ അവൾ മാഞ്ഞുപോയി.

അമ്മയോടു് ആ സംഭവത്തെപ്പററി ചോദിക്കാൻ എനിക്കു ധൈര്യമുണ്ടായില്ല. അമ്മ ഒരു ദുഷ്ടയാണെന്ന ബോധം എൻെറ ഹൃദയത്തിൽ തിളച്ചു തിളച്ചു നിന്നു. പക്ഷേ, എൻെറ ഹൃദയത്തിൽ അതോടെ വലിയ ഒരു പരിവർത്തനമുണ്ടായി. "നിനക്കവളെ കെട്ടണോടാ?" എന്ന അമ്മയുടെ ചോദ്യം എൻെറ ചുററും ചിറകിട്ടടിച്ചുകൊണ്ടേയിരുന്നു. എന്തുകൊണ്ടു കെട്ടിക്കൂടാ. അവൾ പോയിക്കഴിഞ്ഞാണു് അവളെപ്പററി ഞാൻ ചിന്തിക്കാൻ തുടങ്ങിയതു്.

എല്ലുക്കറുമ്പിയായ ദാക്ഷായണി! എൻെറ ആശകൾ അവളിലേക്കു തിരിഞ്ഞു. ദിവസങ്ങൾ കടന്നുപോകുന്തോറും അവളെ കാണാതിരിക്കാൻ എനിക്കു നിവൃത്തിയില്ലെന്നായി. അവളെ കെട്ടിയാലെന്താണു്? എന്റെ ജീവിതം പരമാനന്ദകരമാകും; അത്രതന്നെ.

ഞാൻ തിരക്കിച്ചെന്നു. അവളെ കണ്ടില്ല.

അമ്മ ജയിച്ചു. അമ്മ കല്യാണം പറഞ്ഞ പെണ്ണിനെത്തന്നെ ഞാൻ കെട്ടി. ഞാൻ ദാക്ഷായണിയെ മറക്കാൻ ശ്രമിച്ചു. ഞാൻ എൻെറ ഭാര്യയെ സ്നേഹിച്ചു;

അവൾ എന്നെ ഒരു ദേവനെപ്പോലെ പൂജിച്ചു. ഞാൻ ക്രമേണ ദാക്ഷായണിയെ മറന്നു.

മാസങ്ങൾ വഷ്ങ്ങളായി വളൻു.

ഒരു തിരുവോണത്തുനാൾ ദാക്ഷായണി വന്നു. അവളുടെ കൈയിൽ ഒരു കുട്ടിയുണ്ടായിരുന്നു. അന്നത്തെ ദാക്ഷായണിയും ഇന്നത്തെ ദാക്ഷായണിയും തമ്മിൽ യാതൊരു സാമ്യവുമില്ല. ഇന്നു് അവൾ പ്രാകൃതയും വിരൂപയും ആയിരിക്കുന്നു. ദാരിദ്ര്യം അവളുടെ സൗന്ദയ്യത്തെ നിശ്ശേഷം അപഹരിച്ചുകളഞ്ഞു.

അമ്മ അവളെ കെട്ടിപ്പിടിച്ചു കരഞ്ഞു. അമ്മ ഒരു വെറും ശുദ്ധഗതിക്കാരിയാണ്. അമ്മ അവൾക്കു് എട്ടപ്പത്തു സമ്മാനങ്ങൾ കൊടുത്തു.

“ദാക്ഷായണീ, നീ ഇനീം ഇങ്ങുപോരൂ. നീ മരിക്കുന്നതുവരെ ഇവിടെ നിന്നോ.” അമ്മ പറഞ്ഞു.

“ഇല്ലമ്മച്ചീ.”

“നിൻെറ ഭത്താവിനു് എന്താ ജോലി?”

അവളൊന്നും മിണ്ടിയില്ല.

അവളെൻെറ ജന്നല്ക്കൽ വന്നു.

“ദാക്ഷായണീ!”

“എന്തോ!” അവൾ വിളികേട്ടു. ഞാൻ അവളുടെ മുഖത്തേക്കു നോക്കി.

“നീ എന്താണിങ്ങനെ വെററമുറുക്കി പല്ലൊക്കെ ചൊമപ്പിച്ചുകളഞ്ഞതു്?”

“എൻെറ പല്ലു് ആരും കാണണ്ടാ.” അവളുടെ കണ്ണുകൾ നിറയുന്നതു ഞാൻ കണ്ടു. എനിക്കു് ആ കാഴ്ച കാണാൻ ത്രാണിയില്ലായിരുന്നു. ഞാൻ കണ്ണടച്ചു. കണ്ണടച്ചപ്പോൾ മനോഹരിയായ ദാക്ഷായണി മധുരപ്പതി

നേഴാംവയസ്സിൽ എൻെറ ഹൃദയത്തിൽ ചാരിനില്ക്കുന്ന തുപോലെ തോന്നി.

ഞാൻ കണ്ണുതുറന്നപ്പോഴേക്കും അവൾ പൊയ്ക്കഴി ഞ്ഞിരുന്നു. ഞാൻ അനന്തമായ നീലാകാശത്തിലേക്കു നോക്കി. വസന്തത്തിലെ മനോജ്ഞമായ സായാഹ്നമാ യിരുന്നു.

പക്ഷേ, എനിക്കതു മനോജ്ഞമായി തോന്നിയില്ല.

## തുറന്ന ജന്നൽ

അവർ വന്നിട്ട പത്തോ പതിനഞ്ചോ ദിവസമേ ആയിട്ടുള്ളു. രണ്ടാംനിലയിലുള്ള എൻെറ മുറിയുടെ ജന്നലിൽക്കൂടി നോക്കിയാൽ ആ വീട്ടിലെ മിക്ക വിശേഷങ്ങളും കാണാം. സ്ഥലം മാറി വന്ന ഒരു ഡോക്ടരും കുടുംബവും. ദീഘ്ലകായനും സുമുഖനും ഇരുനിറക്കാരനും അമ്പതുവയസ്സുകാരനുമായ ഡോക്ടർ; ഭാര്യ കൃശഗാത്രിയും, പവന്റെ നിറമുള്ളവളും, മുപ്പത്തഞ്ചു വയസ്സിൽ കൂടുതൽ പ്രായം തോന്നിക്കാത്തവളുമായ ഒരു സുന്ദരി. നാലു മക്കളുണ്ടു്; രണ്ടു പെണ്ണും രണ്ടു് ആണും. മൂത്തവൾക്കു് ഒരു പതിനേഴ വയസ്സു പ്രായം തോന്നിക്കും; രണ്ടാമത്തവൻ ഹൈസ്കൂളിൽ പഠിക്കുന്ന ഒരു ബാലനാണു്. പതിമൂന്നു വയസ്സു പ്രായം തോന്നും; മൂന്നാമത്തവൾക്കു് ഒമ്പതു വയസ്സിൽ കൂടുതലില്ല; ഏററവും ഇളയതു മഹാ ശുണ്ഠിക്കാരനായ ഒരു പയ്യനാണു്; അഞ്ചു വയസ്സു കഷ്ടിയാണു്. അവൻ അച്ഛന്റെ തനിപ്പകപ്പാണു്; ശേഷിച്ചവരെല്ലാം അമ്മയുടെ പ്രതിരൂപങ്ങളും. അവരെ കൂടാതെ മദ്ധ്യവയസ്കയായ ഒരു കറുത്ത വേലക്കാരിയും, ഇരുപതുകാരനായ ഒരു മെല്ലിച്ച വേലക്കാരനും.

ഇത്രയും അംഗങ്ങളോടുകൂടി ഒരു പുതിയ പൊറുതിക്കാർ അയൽപക്കത്തു വന്നു താമസം തുടങ്ങിയതു് ഒരു വലിയ സംഭവമല്ല. എനിക്കു് ആ വീടു നേരത്തെ അറിയാം. അവിടെ രണ്ടുമൂന്നു മാസത്തിൽ കൂടുതലായി ആരും താമസിക്കാറില്ല; അങ്ങനെയെന്തോ ഒരു ശാപം ആ വീടിനു കിട്ടിയിട്ടുണ്ടു്. എൻെറ അറിവിൽ അവിടെ നാലു താമസക്കാർ വന്നു താമസിക്കുകയും പോകുകയും ചെയ്തിട്ടുണ്ടു്.

എൻെറ ജന്നലിനു നേരെയുള്ള ആ മുറി ഡോക്ടരുടെ മൂത്ത മകൾ കരസ്ഥമാക്കി. എനിക്കു് ആ പെൺകുട്ടിയെ എപ്പോഴും കാണാമായിരുന്നു.

അവൾ ആ ജനാലയ്ക്കരികിൽ വന്നിരുന്നു പുസ്തകം വായിക്കും, തലമുടി ചീകും, മുഖത്തു പൗഡർ പുരട്ടും, ഡ്രസ്സ് ചെയ്യും. എന്നാൽ ഇങ്ങേ വീട്ടിൽ താമസക്കാരനായ ഞാൻ എന്ന പുരുഷൻ അതെല്ലാം കാണുന്നു എന്നു് ആ യുവതി അറിഞ്ഞിരിക്കയില്ല.

അവൾ അവിടെ വന്നിരിക്കുമ്പോൾ ഞാൻ എന്റെ ജന്നലയിൽക്കൂടി അങ്ങോട്ടു നോക്കും. അന്യയായ ഒരു യുവതിയെ എന്തിനു് അങ്ങനെ നോക്കുന്നു? അതു ശരിയല്ല എന്നെനിക്കറിയാം. അവൾ സാരി ചുറ്റുമ്പോൾ ഞാൻ എൻെറ ജന്നൽ അടച്ചുകളയും. എങ്കിലും ആ ജന്നൽ എപ്പോഴും അടച്ചിടുവാനോ അങ്ങോട്ടു നോക്കാതിരിക്കുവാനോ എനിക്കു കഴിഞ്ഞില്ല. ആ മുഖം അത്ര കണ്ടു മനോഹരമായിരുന്നു. ഒരുപക്ഷേ, അത്രയും അഴകുള്ള മുഖവും ശരീരവും ഞാൻ കണ്ടിട്ടില്ല. അവളുടെ കഴുത്തിൽ കിടക്കുന്ന ശരപ്പൊളിമാലയുടേയും ആ ശരീരത്തിൻെറയും നിറങ്ങൾതമ്മിൽ വേർതിരിക്കുവാൻ വിഷമമാണു്.

അവൾ ആ മുറിയിൽ ഇരുന്നു് ഹാർമോണിയത്തിൻെറമേൽ വിരലുകളോടിച്ചുകൊണ്ടു പാട്ടുപാടും. ആ സംഗീതത്തിൽ പ്രപഞ്ചം മുഴുവനും അലിഞ്ഞുചേരുന്നതുപോലെ തോന്നും; സൗന്ദര്യത്തിൽനിന്നു് ഒഴുകുന്ന ആ ഗാനമാധുരിയിൽ പരിസരങ്ങളെല്ലാം മുങ്ങിപ്പോകും. ആ നാദത്തിൻെറ ചിറേറാളങ്ങൾ ഹൃദയത്തെ തഴുകിക്കൊണ്ടിരിക്കും.

ശാരദാകാശത്തിലെ വെണ്മേഘങ്ങളിലൂടെ നക്ഷത്രപ്പൂക്കളുടെ ഇടയിലൂടെ ചക്രവാളങ്ങളിലേക്ക് എന്റെ മനസ്സിനെ ആ ഗാനങ്ങൾ കൂട്ടിക്കൊണ്ടുപോകും.

"ലീലേ!" ചിലപ്പോൾ അവളുടെ അമ്മ വിളിക്കും.

"എന്തോ!" ലീല വിളികേൾക്കും.

"വരൂ, കാപ്പികുടിക്കാൻ."

ലീല എണീററു് അപ്രത്യക്ഷയാകും. ആ മുറിയും ശൂന്യമാകും. ആ ജനാൽ അടയ്ക്കാറില്ല. വല്ലപ്പോഴും വേലക്കാർ വന്നു് ആ ജന്നൽ അടച്ചിട്ടാലും അവൾ വരുമ്പോൾ പൂമൊട്ടിന്റെ ഇതളുകൾ മാതിരി ആ ജന്നൽ പ്പാളികൾ വിടരും. ആ ജന്നലിന്റെ താഴത്തെ പകുതിയോളം തൂക്കിയിട്ടിരുന്ന പട്ടുയവനിക കൊച്ചു കാററത്തു് ഇളകും. അവൾ ആ കർട്ടനെ ഒരുവശത്തേക്കു നീക്കിവയ്ക്കും.

ഒരുദിവസം ഞാൻ ആഫീസിലേക്കു പോകുന്നതിൻെറ ആരംഭമായി തലമുടി ചീകുകയായിരുന്നു. ജന്നലിൽ തൂക്കപ്പെട്ടിരുന്ന കണ്ണാടിയിൽനിന്നു് എൻെറ കണ്ണുകൾ അങ്ങേ ജന്നലിൻെറ ഉള്ളിലേക്കു സഞ്ചരിച്ചു. അവൾ ആ ജന്നലിൻെറ അഴികളെ പിടിച്ചുകൊണ്ടു് എന്നെത്തന്നെ നോക്കിനില്ക്കുന്നതു കണ്ടു—മുറിയിൽ പുഷ്പിച്ച ഒരു ചെമ്പനീർപൂവുപോലെ! അവളുടെ കണ്ണുകളിലേക്കു ഞാൻ സൂക്ഷിച്ചുനോക്കി, അവളുടെ ചെമന്ന അധരങ്ങളിൽ ഒരു പുഞ്ചിരി പരക്കുന്നതു കണ്ടു. മുത്തുകൾപോലുള്ള കൊച്ചരിപ്പല്ലുകളും കണ്ടു; എൻെറ ഹൃദയത്തിൽ ഒരു വേലിയേറ്റമുണ്ടായി. എനിക്കു പകരമൊന്നു പുഞ്ചിരിക്കുവാൻ ധൈര്യം തോന്നിയില്ല. അവാച്യമായ ഏതോ ഒരനുഭൂതിയിൽ എൻെറ മനസ്സു് എന്നിൽനിന്നും വേർപെട്ടുപോയതുപോലെ തോന്നി.

അന്നു് എൻെറ ഓഫീസിലെ ഫയലുകളിലെ അക്ഷരങ്ങളിലും അക്കങ്ങളിലുമെല്ലാം ആ പുഞ്ചിരി പ്രതിബിംബിക്കുന്നതുപോലെ തോന്നി.

എൻെറ ഹൃദയത്തിൽ ഓളങ്ങൾ ഇളകിക്കൊണ്ടിരുന്നു. ഞാൻ ഓഫീസിൽനിന്നും തിരിച്ചുവന്നു. ആ ജന്നലിൽക്കൂടി നോക്കുവാൻ എനിക്കു ധൈര്യം വന്നില്ല. എങ്കിലും നോക്കാതിരിക്കുവാൻ മനസ്സു് അനുവദിച്ചുമില്ല. ഞാൻ നോക്കി. അവൾ വീട്ടുമുററത്തിൻെറ അരികിലുള്ള പൂന്തോപ്പിൽ ഇളയ സഹോദരിയുമൊന്നിച്ചു നില്ക്കുന്നു; അവളുടെ ആങ്ങളമാർ മുററത്തു പന്തുതട്ടുന്നു. മുൻവശത്തെ വഴിയുടെ അരികിൽ ഒരു വിറകുവണ്ടിക്കാരൻ മററൊരാളോടു് എന്തോ വിലപേശുന്നു. രണ്ടു പെണ്ണുങ്ങൾ പുത്തൻകലങ്ങൾ വില്ക്കുവാനായി പടിവാതില്ക്കൽ വന്നുനില്ക്കുന്നു. അല്പം അകലെമാറി ഭ്രാന്തനായ ഒരു പിച്ചക്കാരൻ കഥാകാലക്ഷേപംമാതിരി എന്തൊക്കെയോ വിളിച്ചുപറയുന്നു. വഴിയിറമ്പിലെ പുല്ലു കാൎന്നുതിന്നുകൊണ്ടു് ഒരു ആടു് സോല്ലാസം സഞ്ചരിക്കുന്നു. വെളുത്തതും ചുമന്നതുമായ മേഘങ്ങളുടെ ഇടയ്ക്കു തങ്കനിറത്തിലുള്ള സന്ധ്യാസൂൎയ്യൻ പടിഞ്ഞാറെ അകാശസീമയിൽനിന്നു ജ്വലിക്കുന്നു. ചെടികളുടെ ഇടയിൽക്കൂടി വരുന്ന പൊൻപ്രകാശം ലീലയുടെ മാദകമനോഹരമായ മുഖത്തും, വക്ഷസ്സിലും സമൃദ്ധിയായി പതിയുന്നു. റോസ്നിറത്തിലുള്ള അവളുടെ ജോർജററ് സാരി ഇളംകാററിൽ ഇളകി തോളത്തുനിന്നും ഇഴകിയിഴകി കിടക്കുന്നു.

അവൾ എന്നെക്കണ്ടു.

അവൾ ചിരിച്ചു.

ഞാനും ചിരിച്ചു.

ലീല അവളുടെ മുറിയിലേക്കു വന്നു, പകുതി അടഞ്ഞുകിടന്നിരുന്ന ജന്നൽ അവൾ തുറന്നു.

എനിക്കു ധൈര്യമുണ്ടായി. അവളുടെ ചിരിയിൽ ഞാൻ ഒരടിമയായിത്തീൎന്നു.

അവളോടൊന്നു സംസാരിക്കുവാൻ എന്റെ മനസ്സ് വെമ്പൽ പൂണ്ടു; എന്നോടു സംസാരിക്കുവാൻ അവളും ആശിക്കുന്നു എന്നു് എനിക്കു മനസ്സിലായി. അല്ലെങ്കിൽ എന്നെ നോക്കി അവൾ ആ റോസാപ്പൂവിനെ ചുംബിച്ചതെന്തിനു്?

നാവുകൾ മൂകങ്ങളായിരുന്നുവെങ്കിലും ഞങ്ങളുടെ ഹൃദയങ്ങൾ സംസാരിച്ചു.

ഞാൻ അവളെ സ്നേഹിച്ചു.

അവൾ എന്നേയും.

എങ്കിലും ഞങ്ങൾ തമ്മിൽ മിണ്ടിയില്ല; സംസാരിക്കുവാൻ യാതൊരു സൗകൎയ്യവും ഞങ്ങൾക്കു ലഭിച്ചില്ല. പക്ഷേ, എന്തിനു സംസാരിക്കുന്നു? ദിവസങ്ങൾ കടന്നു പോകുന്തോറും ഞങ്ങളുടെ ഹൃദയങ്ങൾ കൂടുതൽ കൂടുതൽ അടുത്തു.

അവൾ എന്നെ പ്രേമിക്കുന്നു എന്നു് എനിക്കു മനസ്സിലായി. എനിക്കവളെ പ്രേമിക്കുവാൻ സാധിക്കും; പക്ഷേ, വിവാഹം ചെയ്യുക സാദ്ധ്യമല്ല. കാരണം, ഞാൻ വിവാഹിതനാണു്; ഞങ്ങൾ രണ്ടു വിഭിന്നസമുദായങ്ങളിൽപ്പെട്ടവരാണു്; പക്ഷേ, സ്നേഹിക്കാൻ പാടില്ലെന്നില്ല; ഞാൻ വിവാഹിതനാണെന്നറിഞ്ഞാൽ അവൾക്കെന്നോടുള്ള സ്നേഹം അസ്തമിക്കും. അവളെന്നെ സ്നേഹിച്ചില്ലെങ്കിലും ഞാൻ അവളെ സ്നേഹിക്കും; വിവാഹത്തിനല്ല, ഒന്നിനുമല്ല; ചുമ്മാ.

ഒരു ദിവസം ഡോക്ടരുടെ വേലക്കാരനെ വഴി

യിൽ വച്ചു കണ്ടു. അവൻ എന്തോ വാങ്ങിക്കുവാൻ ചന്തയ്ക്കു പോവുകയായിരുന്നു.

"ഡോക്ടരടങ്ങു നില്ക്കുന്ന ആളല്ലെ?" ഞാൻ ചോദിച്ചു.

"അതെ." പരിചയഭാവത്തിൽ അവൻ ചിരിച്ചു.

"പേരെന്താ?"

"വേലൂന്നു്."

"ചന്തയ്ക്കു പോവാണോ?"

"ഒവ്വം്—സാറു് അങ്ങേ മാളികേൽ അല്ലെ താമസിക്കുന്നെ?"

"എന്നെക്കണ്ടിട്ടുണ്ടോ?"

"ഒണ്ടോന്നോ, കൊള്ളാം; സാറും ഞങ്ങടെ ലീലാമ്മക്കൊച്ചമ്മേമായിട്ടു് വല്യ സ്നേഹമാ. ഇല്യോ?"

എൻെറ ചങ്കിടിച്ചു.

"ഇതാരു പറഞ്ഞു?"

"ആരും പറേണ്ട, ഞാൻ കണ്ടു."

"എന്നാ കണ്ടു?"

"സാറാ ജനേലക്കെ വന്നു നിക്കുമ്പോൾ കൊച്ചമ്മ സാറിനെ നോക്കി ചിരിക്കുന്നതും കൈകൊണ്ടു് എന്തൊക്കെയാണ്ടോ കാണിക്കുന്നതും ഒക്കെ."

"എന്നിട്ടു്?"

"ഞാൻ കൊച്ചമ്മയോടു പറഞ്ഞു, കൊച്ചമ്മേ ഇതു മോശമാ, ഞാൻ ഏമാനോടു പറേമേ എന്നു്!"

"ലീല എന്തു പറഞ്ഞു?"

"പറേരുതെന്നു്—അതുകാരണം ഞാനാരോടും പറഞ്ഞില്ല."

"നീ നല്ലവനാ."

"ഇന്നീം ഏതായാലും ഒരാഴ്ചത്തേക്കുടെ ഒള്ളല്ലൊ."

"അതെന്താ?"

"ബർത്താവിൻെറ കൂടെ പോവാ—അങ്ങേരു് വടക്കെങ്ങോ ഒരു ദൂരദേശത്താ."

എൻെറ ചങ്കു് വീണ്ടും ഇടിച്ചു. ലീല വിവാഹിതയാണെന്നു്!

"എത്രനാളായി ലീലയുടെ വിവാഹം കഴിഞ്ഞിട്ടു്?"

"രണ്ടുമൂന്നു മാസമേ ആയൊള്ളു. വിവാഹം കഴിച്ചു് ഒരാഴ്ച ആയപ്പം അങ്ങേരു് ഉദ്യോഗത്തിനുപോയി."

"പിന്നെ വന്നിട്ടില്ലേ?"

"ഇല്ലാ—സാറും കല്യാണം കഴിച്ചതല്ലെ?"

"നീ ഇതെങ്ങനെയറിഞ്ഞു?"

"ലീലാമ്മക്കൊച്ചമ്മ പറഞ്ഞു."

"ലീലയോ?"

"ഉം."

എന്റെ ഹൃദയം ശക്തിയായി തുടിച്ചു. അവൾ എന്റെ വിവരങ്ങളെല്ലാം അറിഞ്ഞിരിക്കുന്നു. എന്നിട്ടും അവളെന്നെ സ്നേഹിക്കുന്നു!

"ലീല എങ്ങനെയറിഞ്ഞു?"

"ഇന്നാളാരോ കൊച്ചമ്മേടെ കൂട്ടുകാരത്തികൾ വന്നപ്പം സാറിൻെറ കാര്യം പറേണ കേട്ടു. അവർ പറഞ്ഞതാരിക്കും."

"നിന്നോടു ലീല എന്തിനാണു് എൻെറ കാര്യം പറഞ്ഞതു്?"

"ഇന്നാളു് കൊച്ചമ്മയോടു ഞാൻ ചുമ്മാ തമാശിനു ചോദിച്ചു, ആ സാറിനെ കെട്ടാൻപോവാണോന്നു്—അന്നേരം കൊച്ചമ്മ പറഞ്ഞു—എടാ മണ്ടച്ചാരേ, ആ

സാറു കല്യാണം കഴിച്ചതാണ്—യ്യോ! നേരം പോയി, ന്നാ ഞാമ്പോട്ടെ."

"ഉം."

അവൻ നടന്നു.

ഞാൻ വിവാഹിതനാണെന്നറിഞ്ഞിട്ടും അവൾ എന്തിനു് എന്നെ സ്നേഹിക്കുന്നു? അതൊരത്ഭുതരഹസ്യമാണല്ലോ! പക്ഷേ, ഞാൻ വിവാഹിതനായിട്ടും, അവൾ വിവാഹിതയാണെന്നറിഞ്ഞിട്ടും ഞാൻ എന്തുകൊണ്ടു് അവളെ സ്നേഹിക്കുന്നു? ആരെന്തു പറഞ്ഞാലും അവളെ സ്നേഹിക്കാതിരിക്കാൻ എനിക്കു സാദ്ധ്യമല്ല; മറെറാന്നിനുമല്ല, ചുമ്മാ.

അന്നൊരുരാത്രിയിൽ അവൾ ജനല്ക്കൽ വന്നുനിന്നു; അന്നു ഡോക്ടർ എവിടെയോ പോയിരിക്കയാണെന്നും, ഞാൻ രാത്രിയിൽ അങ്ങോട്ടു ചെല്ലണമെന്നും അവൾ ആംഗ്യം കാണിച്ചു. അവളുടെ അടുത്തെത്താൻ എനിക്കും ആശയുണ്ടായിരുന്നു. ഞാൻ തലകുലുക്കി.

അന്നു രാത്രിയിൽ എനിക്കുറക്കം വന്നില്ല; പാതിരാത്രി കഴിഞ്ഞിരുന്നു. പടിഞ്ഞാറെ ആകാശത്തിൽ ശരത്കാലത്തിലെ ചന്ദ്രൻ തെളിഞ്ഞു പ്രകാശിച്ചിരുന്നു. തുടിക്കുന്ന ഹൃദയത്തോടും വിറയ്ക്കുന്ന കാലുകളോടും കൂടി ഞാൻ അങ്ങേ വീട്ടിലേക്കു പതുക്കെ കയറിച്ചെന്നു. എന്തിനാണെന്നു് എനിക്കു് ഒരു രൂപവുമില്ല. ഞാൻ ജനല്ക്കൽ ചെന്നു് അകത്തേക്കു നോക്കി. അവൾ മെത്തമേൽ ഒരു വശം അല്പം ചരിഞ്ഞു കിടക്കുന്നു. നിലാവു് സമൃദ്ധിയായി അവളുടെ മുഖത്തും അർദ്ധനഗ്നമായ തുടിച്ച മാറിടത്തിലും പതിഞ്ഞിരുന്നു. സ്വർണ്ണനിറത്തിലുള്ള അവളുടെ അരവയറും, തുടുതുടുത്ത കണങ്കാലുകളും എനിക്കു കാണാമായിരുന്നു. ഉറങ്ങിക്കിടക്കുന്ന അവളുടെ മുഖത്തു്

ആ ഓമനപ്പുഞ്ചിരിയുടെ അംശം അപ്പോഴും തങ്ങിനിന്നിരുന്നു. ഞാൻ ആ സൗന്ദര്യവിഗ്രഹത്തെ നോക്കിനിന്നുപോയി. അവളുടെ ശ്വാസത്തിന്റെ നേരിയ ശബ്ദം എനിക്കു കേൾക്കാമായിരുന്നു. ആ ശബ്ദത്തിൽ സ്വർഗ്ഗസംഗീതം കലർന്നിരിക്കുന്നതുപോലെ തോന്നി. അവളെ വിളിച്ചുണർത്തേണ്ട—? ഉണർത്തിയാൽ, എങ്ങനെ ആ ഉറങ്ങുന്ന സൗന്ദര്യത്തെ എനിക്കു കൺകുളുർക്കെ കാണാൻ കഴിയും?

ഞാൻ അവളെ വിളിച്ചുണർത്തിയില്ല; വിളിച്ചുണർത്തുന്നതു പാതകമാണെന്ന് എനിക്കു തോന്നി. മുല്ലപ്പൂക്കളുടെ മണം കലർന്ന പാതിരാക്കാറ്റ് എന്നെ കൂട്ടാക്കാതെ ആ ജന്നലിൻെറ ഉള്ളിലേക്കു കയറിച്ചെന്ന് അവളുടെ കുറുനിരകളെ തലോടി. ഒരു ദേവതയുടെ പരിശുദ്ധമായ സന്നിധിയിലാണു ഞാൻ നില്ക്കുന്നതെന്ന് എനിക്കെന്തോ ഒരു തോന്നൽ.

ഞാൻ എന്റെ മുറിയിലേക്കുതന്നെ മടങ്ങിപ്പോന്നു. പിറ്റേ പ്രഭാതത്തിൽ അവൾ ജന്നല്ക്കൽ വന്നപ്പോൾ ഞാൻ ചെല്ലാഞ്ഞതിൽ ക്ഷമിക്കണമെന്നു ഞാൻ ആംഗ്യം കാണിച്ചു. അവളുടെ മുഖത്തെ പരിഭവം പെട്ടെന്നു മാറി. മേഘലങ്ങൾക്കിടയിൽനിന്നു പുറത്തു വരുന്ന പ്രഭാതസൂര്യനെപ്പോലെ അവളുടെ മുഖം കൂടുതൽ ശോഭിച്ചു. അവളുടെ, എന്നെ നോക്കിയുള്ള ആ പുഞ്ചിരിക്ക് ലോകത്തിലുള്ള എല്ലാ രത്നങ്ങളേക്കാളും വിലയുണ്ട്.

അന്നു നാലുമണിക്ക് ഞാൻ ആഫീസിൽനിന്നു വന്നപ്പോൾ ശോകാത്മകമായ ഒരു ഗാനം ഹാർമ്മോണിയത്തിൻെറ സഹായത്തോടുകൂടി അവൾ ആലപിക്കുകയായിരുന്നു. എന്റെ കണ്ണും, കാതും, കരളും ആ സമ്മിശ്രസൗന്ദര്യസമുദ്രത്തിലെ അലകളിൽ നീന്തിത്തുടിച്ചു.

സിനിമാനോട്ടീസുമായി പിള്ളേർ ചെണ്ടയുംകൊട്ടി ആ വഴിയേ വന്നു. ഒരു നോട്ടീസുമായി ലീലയുടെ കൊച്ചാങ്ങള അവളുടെ മുറിയിലേക്കു് ഓടിക്കയറി. ആ ഗാനം തകർന്നു.

“ചേച്ചീ, നമുക്കിന്നു സിനിമാ കാണാൻ പോകാമേ...”

“മോൻ ചെന്നു് അമ്മയോടു പറ.”

“അമ്മേച്ചി സമ്മതിച്ചു ചേച്ചീ.”

“എന്നാപ്പോകാം.”

“അയ്യയ്യോ!” അവൻ ഓടി അപ്പുറത്തേക്കു പോയി. പുറകേ ലീലയും.

സിനിമാക്കൊട്ടകയിൽ ആൾ നിറഞ്ഞു. എന്റെ അടുത്ത സീററിൽ ലീലയുടെ ഏററവും ഇളയ ആങ്ങള, അതു കഴിഞ്ഞു ലീല, ലീലയുടെ അമ്മ, ലീലയുടെ അനുജത്തി—ഇങ്ങനെ സ്ഥാനംപിടിച്ചിരിക്കുന്നു. സിനിമാ തുടങ്ങുന്നതിനുമുമ്പുള്ള പ്രകാശത്തിൽ അവൾ എന്നെ കണ്ടു.

ലൈററുകൾ അണഞ്ഞു ഗംഭീരമായ ഇരുട്ടു്; വികാരോജ്ജ്വലമായ ഒരു ഭയങ്കരകഥ—പരിഷ്കൃതനായ ഒരു റൗഡി ഒരു മാന്യയുവതിയെ ബലാല്ക്കാരേണ തട്ടിക്കൊണ്ടുപോകുന്നു.

“ചേച്ചീ, എനിക്കൊട്ടും കാണാമ്മേലാ, ഈ തൂണിന്റെ മറകൊണ്ടു്.” ബാലൻ പരാതിപ്പെട്ടു.

“എന്നാ മോനിപ്പുറത്തിരുന്നോ.” ലീല പറഞ്ഞു. ലീല എന്റെ അടുത്തിരുന്നു.

ഞങ്ങളുടെ കൈകൾ തമ്മിൽ സ്പർശിച്ചു.

ഉല്ക്കണ്ഠാജനകമായ ആ കഥ വെള്ളിത്തിരയിൽ

കാണികളുടെ ശ്വാസോച്ഛ്വാസത്തെപ്പോലും പിടിച്ചുനിൎത്തിക്കൊണ്ടു തുടരുകയാണു്.

ലീല എന്റെ അടുക്കലേക്കു ശിരസ്സു ചരിച്ചു; ഞാനും; എന്തോ പറയുവാൻ എന്റെ നാവു തരിച്ചു; എനിക്കൊന്നും പറയാൻ കഴിഞ്ഞില്ല; അധരങ്ങൾ ചുടപ്പെട്ടതുപോലെ തോന്നി; ഞങ്ങളുടെ അധരങ്ങൾ തമ്മിൽ സ്പൎശിച്ചു; ആയിരം പ്രേമകാവ്യങ്ങളുടെ മധുരിമ ഉണ്ടായിരുന്നു അവളുടെ അധരങ്ങൾക്കു്! അവളുടെ ഹൃദയത്തുടിപ്പു് എനിക്കു കേൾക്കാമായിരുന്നു. അവൾ ഒന്നും മിണ്ടിയില്ല.

"ലീലേ, നീ ഇങ്ങേ സീററിലോട്ടു പോരു്." അമ്മ അനുശാസിച്ചു. 'എന്തുകൊണ്ടാണെന്നു് എനിക്കറിഞ്ഞുകൂടാ; അവൾ എണീററു് അപ്പുറത്തെ സീററിലേക്കു മാറി ഇരുന്നു.

അങ്ങനെ ആ സിനിമാ കഴിഞ്ഞു.

പിന്നെയും ആ തുറന്ന ജന്നൽക്കൽ പുഞ്ചിരി വിടൎന്നു.

ഒരുദിവസം അദ്ദേഹം വന്നു—ലീലയുടെ ഭൎത്താവു്. ലീല അവളുടെ ഭൎത്താവൊന്നിച്ചു പോയി. യാത്രതിരിക്കുമ്പോൾ അവൾ എന്നെ നോക്കി; കണ്ണുകൾകൊണ്ടു് അവൾ യാത്രപറഞ്ഞു; ആ കണ്ണുകൾ നനഞ്ഞിരുന്നു; എന്റെയും കണ്ണുകളിൽ ബാഷ്പസ്ഫുരണമുണ്ടായി. മങ്ങിയ നിലാവുപോലെ അപ്പോഴും അവൾ പുഞ്ചിരിച്ചു. ആ പുഞ്ചിരിയിൽ ഒരു ശോകച്ഛവി നിഴലിച്ചു. കൈലേസുകൊണ്ടു ഞാൻ കണ്ണു തുടച്ചു. അവർ കാറിൽ കയറി. ക്ഷണനേരംകൊണ്ടു കാർ ദൃഷ്ടിയിൽനിന്നു മറഞ്ഞു.

ആ ജന്നൽ അടയ്ക്കപ്പെട്ടു; ആ പൈങ്കിളി പറന്നുപോയി; ആ പൂനിലാവു് അസ്തമിച്ചു; ആ മധുരസ്വപ്നം

തകന്നു; ആ വസന്തപുഷ്പം കൊഴിഞ്ഞു; ആ മഴവില്ലു മാഞ്ഞു.

ഒരു മാസം കഴിഞ്ഞു. ഡോക്ടരും കുടുംബവും മറ്റൊരു വീട്ടിലേക്കു മാറി; പോകാന്നേരം വേലു എന്നെ കണ്ടു.

"സാറെ, ഞങ്ങൾ പോവാ."

"ഉം." ഞാൻ മൂളി.

ആ വീട്ടിൽ വേറെ താമസക്കാർ വന്നു. ആ ജന്നൽ വീണ്ടും അടയ്ക്കുകയും തുറക്കുകയും ചെയ്തു. ലീലയുടെ ആ മുറിയിൽ മറെറാരു യുവതി താമസമാരംഭിച്ചു. അവൾ എന്നെ നോക്കി ഒരിക്കൽ പുഞ്ചിരിച്ചു. ഞാൻ ഗൗനിച്ചില്ല. ഗൗനിക്കുകയുമില്ല.

ചിലപ്പോൾ എനിക്കു തോന്നും ലീല പ്രോയതു നന്നായി എന്ന്; എങ്കിലും ആ സ്മരണ എന്റെ ഉള്ളിൽ നിന്നു മായുന്നില്ല. ജന്നലിൽക്കൂടി ഞാൻ ചിന്താമൂകനായി പടിഞ്ഞാറെ ആകാശത്തിലേക്കു നോക്കും. സായാഹ്നത്തിൽ ആകാശത്തിൻെറ ജന്നൽ തുറക്കപ്പെട്ടുന്നെന്നും, അവിടെ റോസ്നിറത്തിലുള്ള ജോർജററ്സാരി ചുറ്റിയ ലീല എന്നെ നോക്കി ചിരിക്കുകയാണെന്നും എനിക്കിപ്പോഴും തോന്നാറുണ്ട്.

UNIVERSITY LIBRARY
11 FEB 1975
MADRAS
284555
032:3N065K
K7
MADRAS UNIVERSITY LIBRARY
- 3 APR 2003

## ഹോട്ടലിൽവച്ച്

ഒരിക്കലും ഒരിക്കലും അവസാനിക്കാത്ത ഹൃദയത്തു ടിപ്പുകൾമാതിരി കന്യാകുമാരിയിലെ തിരമാലകൾ ശ ബ്ദിച്ചുകൊണ്ടേയിരുന്നു. ഭൂമിയുടെ ചെവിയിൽ എന്തോ രഹസ്യം മന്ത്രിച്ചുകൊണ്ടു് അവ മടങ്ങിപ്പോകുന്ന പോക്കു കാണാൻ കൗതുകമുണ്ടു്. പ്രത്യേകിച്ച് നിശീഥിനിയു ടെ ഏകാന്തതയിൽ; അതും വസന്തകാലത്തിലെ പൗർണ്ണ മിച്ചന്ദ്രൻ തേർവാഴ്ച നടത്തുന്ന മംഗളകരമായ വേള യിൽ; സമുദ്രത്തിനഭിമുഖമായി നിലകൊള്ളുന്ന മനോഹ രമായ ലൈലാഹോട്ടലിന്റെ രണ്ടാമത്തെ നിലയിലുള്ള എന്റെ മുറിയിൽ ഇരുന്നു ഞാൻ എൻെറ പുതിയ സിനി മയുടെ സ്ക്രീൻപ്ലേ പൂർത്തിയാക്കി. വെളുപ്പിനു നാലര മണിക്കുള്ള എക്സ്പ്രസ്സ് ബസ്സിനു് എനിക്കു തിരുവന ന്തപുരത്തേക്കു മടങ്ങണം. അലാറംടൈംപീസിനെ പൂ ർണ്ണമായും വിശ്വസിക്കാൻ തരമില്ല. അതു ചതിച്ചെ ങ്കിലോ!

തെക്കുനിന്നു വരുന്ന മാദകമായ തണുത്ത കാററും, അലയാഴിയുടെ സംഗീതവും, ഉറക്കത്തിനു പററിയ ഉപാധികൾ ആണെന്നിരിക്കിലും എനിക്കു് ഉറക്കം വന്നില്ല. എക്സ്പ്രസ്സ് ബസ്സിനുള്ള ടിക്കററ് എൻെറ മേശപ്പുറത്തിരുന്നു് 'ഉറങ്ങരുതു്, ഉറങ്ങരുതു്'—എന്നോ ടു് ഉപദേശിക്കുന്നതുപോലെ തോന്നി. പ്രഭാതത്തിലേക്കു നടന്നുപോകുന്ന രാത്രിയുടെ കാലൊച്ചപോലെ ടൈംപീ സിൻെറ ടിക്ടിക്കുകൾ എൻെറ ചെവിയിൽ മുഴങ്ങി ക്കൊണ്ടിരുന്നു. കാമുകനെ കാത്തിരിക്കുന്ന കാമുകിയെ പ്പോലെ ഞാൻ ആ നാലരമണിക്കുവേണ്ടി ചെവിയോ

ത്തുകൊണ്ടിരുന്നു. കന്യാകുമാരിയെ വിട്ടുപോകുന്നതിൽ എനിക്കു ഖേദമുണ്ട്. അവസാനമായി ആ സൗന്ദര്യത്തെ ഒരുനോക്കുകൂടി കാണണം. മററാരും കാണാതെ എനിക്കാ മനോഹാരിതയെ ആസ്വദിക്കണം; പ്രത്യേകിച്ച് നറുംനിലാവിൻെറ നേരിയ വെള്ളമസ്ലിൻസാരി അണിഞ്ഞിരിക്കുന്ന ആ അഴകിനെ. ഞാൻ വാതിൽ തുറന്നു. പാൽചന്ദ്രികയുടെ പ്രവാഹത്തിൽ ഞാൻ മുങ്ങിപ്പോയി. രണ്ടു സമുദ്രങ്ങൾ കൂട്ടിമുട്ടുന്നു. ആകാശത്തിലേക്ക് ഉയർന്നു നില്ക്കുന്ന കരിമ്പനകളെയും, സുന്ദരമായ ഗാന്ധിമണ്ഡപത്തെയും എല്ലാം ഭംഗിയായി കാണാം. ഒരു ചിത്രകാരൻ കലാവിരുതോടെ രചിച്ച മോഹനമായ ചിത്രംപോലെ കടൽ എൻെറ മുമ്പിൽ അങ്ങനെ വിസ്തരിച്ചു കിടക്കുന്നു. ജീവിതാന്ത്യംവരെ ആ കാഴ്ച കണ്ടുകൊണ്ട് അങ്ങനെതന്നെ നിൽക്കാൻ സാധിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചുപോയി.

വരാന്തയുടെ അങ്ങേ അററത്തുനിന്ന് ഒരു ശബ്ദമുണ്ടായി. ഒരു കതകു തുറന്ന ശബ്ദം. ഞാൻ സൂക്ഷിച്ചു നോക്കി. ഉറക്കക്ഷീണംകൊണ്ട് ഞാനറിയാതെതന്നെ കിനാവുകൾ എൻെറ മുമ്പിൽ വന്നു നിൽക്കുന്നുണ്ടാവും. ഞാൻ വാസ്തവമായും ഉറങ്ങുകയാണോ? ഉറക്കവും ഉണർച്ചയും തമ്മിൽ എനിക്കു വേർതിരിച്ചറിയാൻ പാടില്ലെന്നോ? ഞാൻ ഉറങ്ങുകയല്ല. ഞാൻ വാസ്തവമായും ലൈലാ ഹോട്ടലിൻെറ രണ്ടാംനിലയിലുള്ള വരാന്തയുടെ അരികിലുള്ള സിമൻറഴികളുടെ മുകളിൽ കൈമുട്ടുകൾ ഊന്നി നിലാവണിഞ്ഞ കന്യാകുമാരിയുടെ സൗന്ദര്യത്തെ ആസ്വദിക്കുകയാണ്. എൻെറ കാതുകൾക്കും കണ്ണുകൾക്കും മനസ്സിനും യാതൊരു തകരാറും സംഭവിച്ചിട്ടില്ല. ഞാൻ കാണുന്നതു യാഥാർത്ഥ്യമാണ്.

ഒരു പതിനേഴ വയസ്സു തോന്നിക്കും. ഇളം നീല സാരിയും വെളുത്ത സിൽക്കുബ്ലൌസും കൈനിറയെ തരിവളകളും കഴുത്തിൽ രത്നഖചിതമായ സ്വർണ്ണനെക്ക്ലസും ധരിച്ചിരിക്കുന്നു. ആ മദാലസയെ പൂപോലത്തെ നിലാവിൽ എനിക്കു വ്യക്തമായി കാണാമായിരുന്നു. അവളുടെ നീണ്ടുചുരുണ്ട തലമുടി അരക്കെട്ടിനേയും കവിഞ്ഞു് അലസമായി കിടക്കുന്നു. അവളുടെ നെററിത്തടത്തിലേക്കു് ഊൻറുവീഴുന്ന അളകങ്ങളെ കുളൂർകാററു് നിസ്തന്ദ്രം ഇളക്കിക്കൊണ്ടിരുന്നു. പ്രഭാതത്തിൽ, ചൈത്രമാസത്തിലെ പ്രഭാതത്തിൽ വിടരുന്ന താമരപ്പൂപോലെ നയനമോഹനമായിരുന്നു അവളുടെ മുഖം.

ഞാൻ കണ്ണു തുടച്ചു വീണ്ടും ആ സൗന്ദര്യധാമത്തെ നോക്കി. കിനാവല്ല. തുടിക്കുന്നതു സമുദ്രമായിരുന്നില്ല. എന്റെ ഹൃദയമായിരുന്നു. ഞാൻ സമുദ്രത്തിലേക്കു കണ്ണോടിച്ചു. പാൽനുരകൾ ചിതറി ചിരിച്ചട്ടഹസിക്കുന്ന തിരമാലകൾ. യാതൊരു മനുഷ്യജീവിയും ഈ പ്രപഞ്ചത്തിൽ ഉണർന്നിരിപ്പില്ല. ഞാനും അവളും അല്ലാതെ. അങ്ങകലെക്കാണുന്ന ഗാന്ധിമണ്ഡപത്തിൽ സമാധികൊള്ളുന്നഗാന്ധിജിദിവ്യശക്തികൊണ്ടു് എണീറ്റിരുന്നു് ആ സ്മാരകസൗധത്തിലെ കിളിവാതിലിലൂടെയെങ്ങാനും ഞങ്ങളെ കാണുന്നുണ്ടോ? ഇല്ല അദ്ദേഹത്തിൻെറ ചിതാഭസ്മങ്ങൾ സപ്തസാഗരങ്ങളിൽ അലിഞ്ഞുചേർന്നുപോയി. ആകാശത്തിലെ നക്ഷത്രങ്ങൾ കാണുന്നുണ്ടോ? അവയ്ക്കു കണ്ണുകളില്ല. നിർജ്ജീവങ്ങളായ ജ്യോതിസ്സുകളാണവയത്രയും. അഥവാ നക്ഷത്രങ്ങൾക്കു ജീവനും കാഴ്ചയും ഉണ്ടെന്നിരിക്കട്ടെ; എങ്കിൽത്തന്നെ അവയ്ക്കു ശബ്ദിക്കാനോ നില്ക്കുന്നിടത്തുനിന്നു് അനങ്ങുവാനോ കഴിവില്ല. പിന്നുള്ളതു ശാരദേന്ദുവാണു്. ഇന്നോളം വിശുദ്ധമായ പ്രേമ

ത്തിനു സഹായിയായിട്ടേ വർത്തിച്ചിട്ടുള്ളൂ, സ്നേഹസമ്പന്നനായ അമൃതകിരണൻ. പാതിരാത്രി കഴിഞ്ഞുള്ള തണുത്ത കടൽക്കാററിനു് എന്തെങ്കിലും ഉപദ്രവംചെയ്യാൻ കഴിവുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല; അതു ശബ്ദമുണ്ടാക്കുമെന്നല്ലാതെ, ആ ശബ്ദത്തിന്റെ അർത്ഥമെന്തെന്നു് ആരും ഗ്രഹിക്കുകയില്ല. അവൾ അഴികളിൽ കാലൂന്നിക്കൊണ്ടു സമുദ്രത്തിൻെറ മാന്ത്രികസ്വഭാവത്തെ നോക്കുകയാണു്. അവളാരാണു്? വിചിത്രങ്ങളായ ചിന്തകൾ എൻെറ ഹൃദയത്തിൽ ഓടിയെത്തി.

കന്യാകുമാരിയിലെ കടലിൽ പലരും മുങ്ങിച്ചത്തിട്ടുണ്ടെന്നും, അവരുടെ ആത്മാവുകൾ രാത്രികാലങ്ങളിൽ അവിടെ ഇറങ്ങി സഞ്ചരിക്കാറുണ്ടെന്നും, ഞാൻ കേട്ടിട്ടുണ്ടു്. എൻെറ ഉള്ളിൽ പെട്ടെന്നു് ഒരു ഞെട്ടക്കമുണ്ടായി. മരിച്ചുപോയവരുടെ ആത്മാവുകൾക്കു് അങ്ങനെ സ്വൈരമായി സഞ്ചരിക്കാൻ സാധിക്കുമോ? എങ്കിൽ അതൊരു നല്ലകാര്യമാണല്ലൊ. മരിച്ചുകഴിഞ്ഞാലും ലോകത്തിൽ ഇറങ്ങി സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിയുമെങ്കിൽ മരണത്തെ ഭയപ്പെടേണ്ടല്ലോ. ആശ്ചര്യം ജീവിതത്തിന്റെ അപ്രമേയങ്ങളായ രഹസ്യങ്ങൾ! ഒരുപക്ഷേ, ക്രൂരങ്ങളായ തിരമാലകളിൽപ്പെട്ടു മൃതിയടഞ്ഞ ഒരു സുന്ദരിയുടെ ആത്മാവുതന്നെ ആയിരിക്കുമോ, പത്തുനാല്പതടി അകലെ ആ വരാന്തയിൽ നില്ക്കുന്നതു്? ലോകാരംഭംമുതൽ കടലിൽ വീണു മരിച്ച മനുഷ്യരുടെ ആത്മാവുകൾ നിലവിളിക്കുന്നതാണു് സമുദ്രത്തിൽനിന്നു നിരന്തരം കേൾക്കുന്ന ശബ്ദമെന്നു പറയുന്നതു വാസ്തവമാണെങ്കിൽ, ആ നില്ക്കുന്നതു് ഒരു ആത്മാവുതന്നെ ആയിരിക്കാം. എങ്കിൽ എൻെറ ജീവിതത്തിൽ ആദ്യമായിട്ടാണു് ഒരു അശരീ

രിയെ കാണുക. നിശ്ചലമായി കടലിലേക്കുതന്നെ നോക്കിനില്ക്കുന്ന ആ കോമളവിഗ്രഹത്തിൽ എൻെറ ദൃഷ്ടികൾ കേന്ദ്രീകൃതങ്ങളായ നിമിഷങ്ങളെ ഞാൻ ശപിച്ചു. അവളുടെ അളകങ്ങൾ ഇളംകാററത്തു് ഇളകുന്നു. കറുത്ത തിരമാലകൾപോലെ അവളുടെ അസിതകുടില കുന്തളങ്ങൾ നിതംബപര്യന്തം കാണപ്പെടുന്നു. അവൾ രക്തമാംസങ്ങളും ഹൃദയവികാരങ്ങളും ഉള്ള ഒരു മനുഷ്യജീവി ആണെന്നതിൽ സംശയമില്ല.

യക്ഷികളും, അപ്സരസ്സുകളും എല്ലാം ഭീരുക്കളായ ഭക്തന്മാരുടെയും, സഹൃദയരായ കവികളുടെയും കപോലകല്പിതങ്ങളാണു്.

അവൾ, ആ നില്ക്കുന്ന മധുരപ്പതിനേഴകാരി യക്ഷിയല്ല, അപ്സരസ്സല്ല, കന്യാകുമാരിയിലെ ദേവി...സാക്ഷാൽ കന്യകയായ പാർവ്വതി...ദിവ്യശക്തികൊണ്ടു് എഴുന്നെള്ളിവന്നതും ആയിരിക്കയില്ല. അവൾ എന്നെ കണ്ടു. അവളുടെ കണ്ണുകൾ ഞാൻ കണ്ടു. നീണ്ട നീലനയനങ്ങൾ.

തുടിക്കുന്നതു സമുദ്രത്തിലെ തിരമാലകളല്ല, എന്റെ ഹൃദയമാണു്.

അനേകമനേകം സുന്ദരികളെ ഇതിനുമുമ്പു ഞാൻ കണ്ടിട്ടുണ്ടു്. പക്ഷേ, അവക്കാക്കും എൻെറ ഹൃദയത്തെ ഇത്രകണ്ടു് ഇളക്കിമറിക്കാൻ കഴിഞ്ഞിട്ടില്ല.

എൻെറ അന്തരാത്മാവു് അലിഞ്ഞലിഞ്ഞു് ആ സൗന്ദര്യദേവതയിൽ ലയിച്ചു ജന്മനിർവൃതി പ്രാപിക്കുകയാണോ?

അവൾ വീണ്ടും എന്നെ നോക്കുന്നുവല്ലോ. എന്റെ നോവലുകളിൽ ഞാൻ വർണ്ണിച്ചിട്ടുള്ള കഥാനായികകൾ ആരുംതന്നെ ഇത്രയും സുന്ദരികളല്ല. എൻെറ ഭാവനക്കും

അതീതമാണ് അവളുടെ അഴക്. പ്രേമത്തിന്റെ അമർത്ത്യമായ മാഹാത്മ്യത്തെ ഞാൻ പുകഴ്ത്തിയിട്ടുണ്ട്. പക്ഷേ, എനിക്കിന്നോളം ആരേയും പ്രേമിക്കാൻ കഴിഞ്ഞിട്ടില്ല. കാരണം, എന്റെ സങ്കല്പത്തിന് അനുയോജ്യമായ ഒരു സൗന്ദര്യത്തെ ഇതിനുമുമ്പൊരിക്കലും ഞാൻ കണ്ടെത്തിയിരുന്നില്ല. ഇന്നു ഞാൻ കണ്ടു, എന്റെ ഹൃദയത്തിന്റെ പൂജാവിഗ്രഹത്തെ—ഇന്നോളം എന്നിൽനിന്ന് ഒളിഞ്ഞിരുന്ന എന്റെ ജീവിതേശ്വരിയെ. എന്റെ നോവലുകളും, ചെറുകഥകളും, നാടകങ്ങളും, ചലച്ചിത്രങ്ങളുമെല്ലാം എന്റെ യഥാർത്ഥമായ പ്രേമത്തിന്റെ നിഴലുകൾ മാത്രമായിരുന്നു.

അവൾ വീണ്ടും എന്നെ നോക്കുന്നു. അവൾക്കുവേണ്ടി ഞാൻ ആദ്യത്തെ പ്രേമലേഖനം എഴുതുന്ന മുഹൂർത്തത്തിൽ മാത്രമേ എന്റെ പേനാ അനുഗൃഹീതമാവുകയുള്ളു. അവളുടെ പവിഴാധരങ്ങളിൽ ഞാൻ എന്റെ പ്രേമത്തിന്റെ മുദ്ര പതിപ്പിക്കുന്ന മുഹൂർത്തം ലോകചരിത്രത്തിലെ ഏററവും മോഹനമായ മുഹൂർത്തമായിരിക്കും. അവൾ എന്റേതു്, എന്റേതു മാത്രമായിക്കഴിയുമ്പോൾ, ലോകം ഇന്നോളം വായിച്ചിട്ടില്ലാത്ത രീതിയിലുള്ള നോവലുകൾ എന്റെ പേനാത്തുമ്പിൽനിന്നു പ്രവഹിക്കും.

പ്രപഞ്ചം മുഴുവനും ചുരുങ്ങിച്ചുരുങ്ങി ആ ഹോട്ടലിലെ വരാന്തയായി ലോപിച്ചിരിക്കുന്നു. ഞാനും അവളും തമ്മിലുള്ള ഏതാനും വാരകളുടെ അകൽച്ചയ്ക്കു് അനേകായിരം കാതം ദൈർഘ്യമുണ്ടെന്നു തോന്നി. ഞാനും അവളുംതമ്മിൽ ആദ്യമായി സംസാരിക്കാൻ തുടങ്ങുന്നതിനു മുമ്പുള്ള ഓരോ വിനാഴികയ്ക്കും ഓരോ യുഗത്തോളം വലിപ്പമുണ്ടെന്നു തോന്നി. അവൾ എന്റെ പക്കലേക്കു വരും എന്നു ഞാൻ പ്രതീക്ഷിച്ചു. പക്ഷേ, സ്ത്രീത്വത്തിന്റെ

ശാലീനമായ മനഃശാസ്ത്രത്തിലുള്ള അജ്ഞതനിമിത്തമാണു ഞാനങ്ങനെ പ്രതീക്ഷിച്ചതു്. ഒരിക്കലും ഒരു സ്ത്രീ ഒരു പുരുഷൻെറ പക്കലേക്കു പോവുകയില്ല. പുരുഷൻ അങ്ങോട്ടു ചെല്ലണം; അതാണു പ്രകൃതിനിയമം. ഞാനാണു് അവളുടെ പക്കലേക്കു ചെല്ലേണ്ടതു്—എൻെറ ജീവിതസഖി ആകേണ്ടുന്ന ആ കാഞ്ചനവിഗ്രഹത്തിൻെറ പക്കലേക്കു്.

പക്ഷേ, എൻെറ കാലുകൾ ചലിക്കുന്നില്ല. ഞാൻ ആദ്യമായിപ്രേമിക്കുവാൻ പോവുകയാണു്. അതെങ്ങനെയെന്നു് എനിക്കു് ഒരു രൂപവുമില്ല. എൻെറ കഥകളിലെ നായികാനായകന്മാരെ ഞാൻ പ്രേമബദ്ധരാക്കിയതു് എങ്ങനെയെന്നു ഞാൻ ഓർത്തുനോക്കി. പക്ഷേ, ഓർമ്മകൾ ഒന്നും ശരിക്കു നില്ക്കുന്നില്ല. കഥകളിലെ പ്രേമങ്ങളെല്ലാം സങ്കല്പങ്ങളായിരുന്നു. ഇതു യാഥാർത്ഥ്യമാണു്. സങ്കല്പവും യാഥാർത്ഥ്യവും തമ്മിലുള്ള അന്തരം അപ്പോഴാണു് എനിക്കു ബോദ്ധ്യമാകുന്നതു്. പക്ഷേ, അങ്ങനെ അനിശ്ചിതാവസ്ഥയിൽ നില്ക്കുന്നതുകൊണ്ടു പ്രയോജനമില്ല. ജീവിതത്തിൽ ഒരിക്കൽ മാത്രമേ ഇങ്ങനെ അസുലഭമായൊരു അവസരം ലഭിക്കൂ. അതിനെ ശരിക്കു പ്രയോജനപ്പെടുത്തുക എന്നതാണു പൗരുഷം. ഭീരുത്വം പരാജയത്തിൻെറ കളിത്തോഴനാണു്. ധീരചിത്തരെ മാത്രമേ വിജയം ആശ്ലേഷിക്കൂ.

'അവളുടെ പക്കലേക്കു ചെല്ലുക!'

എൻെറ മനസ്സാക്ഷി എന്നോടു മന്ത്രിക്കുകയാണു്. എന്നിട്ടും എനിക്കൊരു മടി. അവളോടു് എങ്ങനെയാണു സംസാരിച്ചുതുടങ്ങേണ്ടതു്.

"എൻെറ അഴകിൻെറ അഴകേ! ഞാനിത്രനാളും നിന്നെ കിനാവു കണ്ടുകൊണ്ടിരുന്നു; നീ എൻേറതും

ഞാൻ നിൻേറതുമാകുന്നു; എന്റെ ഹൃദയസാമ്രാജ്യത്തിലെ റാണിയായി ഞാൻ നിന്നെ സ്വീകരിക്കുന്നു."

"പ്രേമധാമമേ...!" ഇങ്ങനെ അവളോടു പറയണം. പ്രേമാർദ്രങ്ങളായ കൺകോണുകൾകൊണ്ടു് അവൾ എന്നെ കടാക്ഷിക്കും. പ്രവാളകോമളങ്ങളായ അവളുടെ അധരങ്ങളിൽ ലജ്ജ പുരണ്ട പുഞ്ചിരിയും, കവിളുകളിൽ നുണച്ചുഴികളും ദൃശ്യമാകും. അവളുടെ കണ്ണുകളിൽ പ്രേമത്തിന്റെ അനശ്വരകാവ്യം ഞാൻ വായിക്കും. അവളുടെ പൂങ്കവിളുകളിലെ മഴവില്ലുകളെ മാച്ചുന്ന കുറുനിരകളെ ഞാൻ ഒതുക്കിവയ്ക്കും.

അവൾ വീണ്ടും എന്നെ നോക്കുന്നു. അവൾ പുഞ്ചിരിക്കുന്നുവല്ലോ. ഹൊ...! കോളുകൊണ്ട കടലുപോലെ എൻെറ ഹൃദയം ഇളകിമറിയുന്നതുപോലെ തോന്നി.

"അഴകേ!" ഞാൻ മന്ത്രിച്ചു.

പക്ഷേ, എൻെറ ശ്വാസത്തിൻെറ ശബ്ദംപോലും ഇല്ലായിരുന്നു ആ വാക്കിനു്. ആ പുഞ്ചിരി എന്നെ മാടിവിളിക്കുകയാണു്. ഞാൻ ഒരിക്കൽക്കൂടി ആകാശത്തിലേക്കും കടലിലേക്കും നോക്കി. പഴയപടി നിലാവു പുരണ്ട നീലസമുദ്രം ഇളകുകയും ശരന്നക്ഷത്രങ്ങളോടു കൂടി നീലാകാശം നിശ്ചലം നില്ക്കുകയുംചെയ്യുന്നു.

അങ്ങങ്ങു കിഴക്കുനിന്നൊരു കറുത്ത മേഘം ഇഴഞ്ഞിഴഞ്ഞു വരുന്നുണ്ടു്. അതു് ഓടിവന്നു ചന്ദ്രനെ മറച്ചാതിരുന്നെങ്കിൽ! അവളുടെ പുഞ്ചിരി എനിക്കു ധൈര്യം നല്കി. ഞാൻ പതുക്കെ അടുത്തുചെന്നു. അടുത്തുചെല്ലുന്തോറും അവളുടെ സൗന്ദര്യം കൂടിക്കൂടിവരുന്നതുപോലെ തോന്നി. ഞങ്ങളുടെ വിവാഹഫോട്ടോ പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടമ്പോൾ ലോകം എൻെറ വിജയത്തെ പ്രശംസിക്കും. ഞാൻ അവളുടെ അടുത്തെത്തി. ഞാനൊരു

ഹൃദയത്തുടിപ്പായി രൂപാന്തരപ്പെട്ടുമോ എന്നു ഞാൻ ഭയപ്പെട്ടു.

എൻെറ ദേഹമാസകലം വിറയ്ക്കുകയാണു്.

"എന്താ—" അവൾ ചോദിക്കുകയാണു്. ഹൊ! ആ കിളിയൊച്ച! അവൾ എൻെറ മുഖത്തേക്കു സൂക്ഷിച്ചുനോക്കുന്നു. പക്ഷേ, ആ മുഖത്തു ഭീതി ദൃശ്യമായില്ല. സുന്ദരമായ ആ മുഖം കോപിക്കുകയും ദുഃഖിക്കുകയും ചെയ്യുന്നതുകൂടി എനിക്കൊന്നു കാണാൻ കഴിഞ്ഞിരുന്നെങ്കിൽ!

"നല്ല കാഴ്ച, ഇവിടെ നിന്നിട്ടു്." ഒടുവിൽ എൻ്റെ നാവു ശബ്ദിച്ചു.

"വാസ്തവം! പൂർണ്ണചന്ദ്രൻെറ നിലാവും കടൽപ്പരപ്പും കുളുർകാററും എല്ലാം മനോഹരമായിരിക്കുന്നു—" അവൾ പറഞ്ഞു.

"പേരു്?"

"എൻെറ പേരോ? ഷീല."

"നല്ല പേരു്."

"സർ, സിനിമാക്കഥ എഴുതിത്തീൎന്നോ?"

ഞാൻ അന്ധാളിച്ചുപോയി.

അവൾ എന്നെ അറിയും—ഞാനറിയാതെ എൻ്റെ ഷീല എന്നെ അറിയുന്നു.

"ഷീല എന്നെ അറിയുമോ?"

"കൊള്ളാം; അറിയുമോന്നു്."

"എന്നെ എങ്ങനെയാണു് ഷീല അറിഞ്ഞതു്?"

"സാറിനെ അറിയാത്തവരുണ്ടോ? സാറിൻ്റെ നാടകങ്ങളും, നോവലുകളും, സിനിമാകളും ആസ്വദിക്കാത്തവരായി ആരും കാണുകയില്ല."

"എന്നെ ഇതിനുമുമ്പു കണ്ടിട്ടുണ്ടോ?"

"ഇവിടെവച്ചാണു കാണുന്നതു്; സാറിനെ ഒന്നു കാണുവാൻ വളരെനാളായി ആഗ്രഹിക്കുന്നു; ഇന്നു് അതിനു ഭാഗ്യമുണ്ടായി."

"അതുകൊണ്ടു് എനിക്കു് ഷീലയെ കാണാൻ സാധിച്ചല്ലോ." ഞാൻ ചിരിച്ചു; അവളും ചിരിച്ചു. അവൾ ചിരിച്ചപ്പോൾ അവളുടെ കൊച്ചരിപ്പല്ലുകളും നുണച്ചുഴികളും ഞാൻ കണ്ടു. അവളുടെ കവിളുകളിലേക്കു വീഴുന്ന ചുരുണ്ട തലമുടികളെ ഒന്നു് ഒതുക്കിവയ്ക്കുവാൻ എൻെറ കൈ തരിച്ചു എങ്കിലും ധൈര്യമുണ്ടായില്ല. അ കാലത്തിലുള്ള നിസ്സാരമായ അവിവേകം ഞങ്ങളുടെ പ്രേമോൽഘാടനത്തിനു് ഒരു വിഘാതമായിത്തീർന്നെങ്കി ലോ? അതുകൊണ്ടു് ഓരോ വാക്കും വളരെ കരുതലോടു കൂടി പ്രയോഗിക്കേണ്ടിയിരുന്നു: അവളോടു് ആദ്യമായി പറയുവാൻ ഞാൻ കരുതിവച്ചിരുന്ന പ്രേമോക്തികൾ വിസ്മൃതങ്ങളായി.

"ഞാൻ ഇന്നുകൊണ്ടു കഥ പൂർത്തിയാക്കി."

"ഇനി എന്നു മടങ്ങിപ്പോകുന്നു?"

"തീരുമാനിച്ചില്ല; ഈ സൗന്ദര്യത്തിൽനിന്നു് അ കന്നുപോകുവാൻ എനിക്കു മനസ്സു തോന്നുന്നില്ല."

എൻെറ മേശപ്പുറത്തിരിക്കുന്ന ടിക്കറ്റിനേപ്പററി ഞാൻ ഓർത്തു. അതു നേരത്തെ വലിച്ചുകീറി കളയേണ്ട തായിരുന്നു. അവൾ എന്റെ മുറിയിലേക്കു വരികയാണെ ങ്കിൽ മേശപ്പുറത്തു നക്ഷത്രംപോലെയിരിക്കുന്ന ആ ടിക്ക റററു കണ്ടു് എന്നെ തെററിദ്ധരിക്കുമോ? വേഗം ചെന്നു് ആ ടിക്കററു കീറിക്കളഞ്ഞിട്ടു വന്നാലോ? ഞാൻ കതകു തുറന്നു നോക്കിയപ്പോൾ അവൾ അവിടെ നില്ക്കുന്നതു കണ്ടു.

“സാറിനോടു സംസാരിക്കുവാൻ ഞാൻ എത്രമാത്രം ആശിച്ചിരുന്നെന്നോ? സാർ എൻെറ പക്കലേക്കു് ഒന്നു വരേണമേ എന്നു ഞാൻ പ്രാത്ഥിച്ചുകൊണ്ടു നില്ക്കുകയായിരുന്നു,” അവൾ പറഞ്ഞു.

“എൻെറ ജീവിതത്തിലെ ഏററവും അനുഗൃഹീതമായ മുഹൂത്തമാണിതു്.” ഞാൻ പറഞ്ഞു. ആ വാക്കുകൾ കുറെ കടന്നുപോയി എന്നു ഞാൻ ശങ്കിച്ചു. ഞാൻ അവളുടെ മുഖത്തേക്കു ജിജ്ഞാസയോടെ നോക്കി.

“എൻെറയും. സാറിൻെറ പുതിയ സിനിമാ ഏതു നോവലാ?”

“ഇതൊരു പുതിയ കഥയാണു്.”

“നോവലോ?”

“അല്ല.”

“നല്ല കഥയാണോ?”

“നല്ല കഥയാണു്.”

അനേകമനേകം കൊല്ലത്തെ പരിചയക്കാരായതുപോലെ തോന്നി.

ആനന്ദാനുഭൂതിയുടെ കൊടുമുടിയിൽ ഞങ്ങൾ നില്ക്കുകയാണു്. കുറെ മുൻപു കണ്ട കറുത്ത മേഘം പതുക്കെപ്പതുക്കെ വന്നു് ചന്ദ്രനെ മായ്ക്കുന്നു. ചന്ദ്രൻ മേഘത്തിന്റെ മറവിലായപ്പോൾ ഞങ്ങളുടെ വരാന്തയിലെ വെളിച്ചം മങ്ങി. പ്രേമത്തിൻേറതായ പ്രഥമചുംബനം അവളുടെ അധരങ്ങളിൽ അപ്പിക്കുവാൻ ഞാൻ മുതിരുകയായിരുന്നു...പെട്ടെന്നു് അടുത്ത മുറിയിൽനിന്നു് ഒരാൾ ചുമയ്ക്കുന്ന ശബ്ദം കേട്ടു. ഞാൻ നിശ്ചേഷ്ടനായി! എന്റെ ചിന്തകൾ പെട്ടെന്നു് വിവേകത്തിൻെറ താഴ്വരയിലെത്തി.

അതിൽ ഷീലയെപ്പോലെ സുന്ദരിയായ ഒരു കാമുകി, ഇളനിലാവുള്ള ഒരു വസന്തകാലരാത്രിയിൽ കാമുകനുമൊന്നിച്ച് ഒളിച്ചോടുന്ന ഒരു രംഗമുണ്ട്.

"എന്തിനാ സാറെ, കാമുകീകാമുകന്മാരെയൊക്കെ സാർ ഇങ്ങനെ കഷ്ടപ്പെടുത്തുന്നത്?"

ഞാൻ ചിരിച്ചു.

അവളും ചിരിച്ചു. വരാന്തയുടെ അഴികളിൽ കൈമുട്ടുകൾ ഊന്നിക്കൊണ്ട് ഞങ്ങൾ കടലിലേക്കു നോക്കിക്കൊണ്ടുനിന്നു. ഞങ്ങളുടെ കരങ്ങൾ ഞങ്ങളറിയാതെതന്നെ സ്പർശിച്ചു. അവൾ കൈ മാററിയില്ല. ഞാൻ പറുദീസയിലെ ഏഴാംനിലയിൽ ആണോ നില്ക്കുന്നത്?

ഏതാനും നിമിഷങ്ങൾകൊണ്ടു ഞങ്ങൾ—ഞാനും ഷീലയും—

ഷീല ആരെന്ന് ഞാൻ ഇതുവരെ അന്വേഷിച്ചില്ല.

"ഷീലയുടെകൂടെ ആരൊക്കെയുണ്ട്?"

"അപ്പനും അമ്മയും," അവൾ പറഞ്ഞു. "ഞങ്ങൾ ഇന്നു സായാഹ്നമാണു വന്നത്."

"ഇന്നലെ സായാഹ്നം എന്നു പറയൂ."

"ഓ ശരി; എൻെറ അപ്പനും അമ്മയും സാറിനെ കാണാൻ അങ്ങനെ ആശിച്ചിരിക്കുകയാണ്. സാറിന്റെ എല്ലാ നോവലുകളും അവർ വായിച്ചിട്ടുണ്ട്."

"തീച്ച്യയായും നാം ഒരു പുതിയ ബന്ധത്തിൽ ഏർപ്പെടുവാൻ പോവുകയല്ലെ?"

"നാളെ രാവിലെ എൻെറ ഭത്താവു വരും... അദ്ദേഹം സാറിനെ അറിയും."

ഞാൻ പെട്ടെന്ന് എൻെറ ടിക്കററിൻെറ കാര്യം ഓത്തു. ഞാൻ വാച്ചിലേക്കു നോക്കി. നാലരമണിയാ

കാൻ ഇനി അഞ്ചു മിനിട്ടേയുള്ളൂ. ഞാൻ പെട്ടെന്നു് എന്റെ മുറിയിലേക്കു് ഓടി. എന്റെ ബാഗ് എടുത്തു് ഞാൻ ഗോവണിപ്പടി ഇറങ്ങുമ്പോൾ, "സാറേ, സാറേ!..." എന്നു ഷീല വിളിക്കുന്നതു ഞാൻ കേട്ടു. ഞാൻ തിരിഞ്ഞുനോക്കിയില്ല. തിരമാലകൾ പൊട്ടിച്ചിരിച്ചു.

# മണമുള്ള സോപ്പും എട്ടണയും

"അതാ ഞാമ്പറഞ്ഞത്; നീ ഒന്നൂടെ കണക്കു കൂട്ടിക്കെ."

"കണക്ക് കൂട്ടാനൊന്നുമില്ല; എന്റെ കൂലി എനിക്കു തന്നേച്ചാ മതി; എന്നാ കണക്കുകൂട്ടാനാ?"

"പിന്നേം അവളതുതന്നെ പറേം; ഏലീ, ഞാൻ പറേന്നതു കേക്ക്; ഇപ്പം നിന്റെ കൈയിൽ എത്രയണ യൊണ്ട്?—നിന്നോടാരു പറഞ്ഞു എന്റെ കൂലി കൂട്ടി മേടിക്കാൻ? നിന്റെ മടിയൊന്നു കാണിച്ചേ?"

"ഇതാ, പതിന്നാലണയൊണ്ട്."

"പതിന്നാലണയൊണ്ടേ; എനിക്കു പതിന്നാലിൽ പകുതി...ഞാനൊന്നു കണക്കു കൂട്ടട്ടെ...ഏഴണ വരും."

"അതെങ്ങനാടീ—മറിയേ, നീ ഏഴണ വരുന്നെ— നിനക്കു പത്തണയല്ലെ കൂലി കിട്ടിയെ?"

"അതെ—നിനക്കു പത്തണ."

"ആ പത്തണേൽ നീ എന്നാ ഒക്കെ വാങ്ങിച്ചു— രണ്ടണെക്കു മീൻ; പിന്നെ?..."

"പിന്നെ ഒരണക്കു പോലേം തീപ്പെട്ടീം."

"രണ്ടും ഒന്നും മൂന്നണ—അരയണക്കു വിസ്കുത്തു വാങ്ങിയതോ?—പിന്നെ, കപ്പ വാങ്ങിച്ചില്ലേ?—"

"രണ്ടണ കപ്പ—എല്ലാംകൂടെ കൂട്ടിക്കെ—"

"മൂന്നരേം രണ്ടും...അഞ്ചരയണ."

"അത്രേം അല്ലെല്ലോടീ—ഞാനോക്കട്ടെ—അല്ലേൽ നിന്റെ മടിയൊന്നു കാണിച്ചേ."

"തേ നോക്ക്—അയ്യോടീ ബീടിടെ കാര്യം മറന്നു പോയി—അരയണ."

"പിന്നതെന്നതാ—ചീപ്പുന്തുല്ല്. അമ്പടി കള്ളീ—നോക്കട്ടെ—നീ അസാദ്ധ്യപുള്ളിതന്നെ—ഈ വാസന സോപ്പോ?"

"സോപ്പിൻെറ കൂട്ടണ്ടാ."

"അതെവിട്ടന്നാടീ?..."

"അതു പിന്നെപ്പറയാം."

"അഞ്ചരേം അരേം ആറണ; പത്തീന്നു് ആറണേം പോയിട്ടു്..."

"നാലണ—നിനക്കിനീം നാലണേ വരത്തുള്ളു."

"അതെങ്ങനാടി നാലണ—എന്നാ നിൻെറ കണക്കൊന്നു കൂട്ടിക്കെ."

"എനിക്കിപ്പം മനസ്സില്ല."

"അപ്പഴാരാ കള്ളി, ഞാനോ നീയോ?"

"ആരെങ്കിലുമാട്ടെ; നിനക്കു നിൻെറ കാശു കിട്ടിയാപ്പോരെ?"

"എന്നാപ്പിന്നെ നിൻെറ കണക്കൊന്നു കൂട്ടിയാലെന്നാ?"

"കൂട്ടിക്കോ, ഞാൻ പറയാം."

"നാഴിയരി, നാലണ."

"നാലണ. എന്തിനാടീ ഈ നാഴി അരി?"

"എൻെറടീ എന്നാ പറയാനാ; നാളെ ആരാണ്ടൊക്കെ വരുന്നൊണ്ടത്രെ— വീട്ടിൽ— അതിനു വല്ലതും വേണ്ടേ?"

"ആരാടീ ഏലീ വരുന്നെ?—കല്യാണക്കാരു വല്ലോരും ആണോ?—അമ്പടി കള്ളീ, എന്നിട്ടു് നീയെന്നോടൊന്നു പറഞ്ഞില്ലല്ലോ—എവിട്ടന്നാടീ?"

"ആ, എനിക്കറിയാമ്മേലാ—അച്ചായൻ പറേന്ന കേട്ടു—എന്നെ കാണാൻ ആരാണ്ടോ വരുമെന്നു്."

"ചെറുക്കൻ മിടുക്കനാണോടീ?"

"പോടീ, മറിയേ നിൻെറ പാട്ടിനു്—ചെറുക്കൻ മിടുക്കനാണോന്നു്—ഞാൻ കണ്ടിട്ടുപോലുമില്ല—"

"മിടുക്കനാണേൽ നെനക്കു കൊള്ളാം—നീ എന്തിനാ എന്നോടു ദേഷ്യപ്പെടുന്നെ?"

"നേരം എരിഞ്ഞടങ്ങി; നീ വേഗം വരുന്നെങ്കി വാ."

"എന്നിട്ടു നാലണ പച്ചരി—പിന്നെ നീ എന്നാ എല്ലാം വാങ്ങിച്ചെടീ ഏലീ?"

"രണ്ടണയ്ക്കു ചക്കര, രണ്ടണയ്ക്കു കാപ്പിത്തൊലി. കണക്കു കൂട്ടിക്കോ."

"രണ്ടും രണ്ടും നാലു്, നാലും നാലും എട്ടണ—ഇനീം നിനക്കു രണ്ടണയേ കണക്കിനു വരാനൊള്ളു—പിന്നെങ്ങനാടീ ഇനീം പതിന്നാലണയൊള്ളതു്?"

"ആ എനിക്കറിയാമ്മേലാ—ഇന്നാ നിനക്കു വരാനുള്ള നാലണ—"

"അതു നിൻെറ കൈയിലിരിക്കട്ടെ—എൻെറപ്പൻ കണക്കു പടിപ്പിച്ചിട്ടൊണ്ടു്—നീ എന്നെ കളിപ്പിക്കാമെന്നു നോക്കണ്ടാ."

"ഇതെന്നാ മറിയേ, നീ ഇങ്ങനെ പറേന്നതു്? എനിക്കും കൊറേയൊക്കെ മനസ്സിലാകും, കേട്ടോ? ഞാൻ പറഞ്ഞേക്കാം."

"എന്നാപ്പിന്നെ ആ എട്ടണ എവിടെ കിട്ടിയെടീ?"

"നിനക്കു മണമൊള്ള സോപ്പെവിടുന്നാ—ആദ്യമായിട്ടു് അതൊന്നു പറഞ്ഞേ."

"അതു നീയെന്തിനാ അറീന്നെ?"

“എന്നാൽ എനിക്കു് എട്ടണാ കിട്ടീയതു നീയെന്തിനാ അറീന്നതു്?”

“അതൊന്നു പറഞ്ഞാലെന്താ?”

“പറയാൻ മനസ്സില്ലാഞ്ഞിട്ടു്.”

“എടീ ഏലീ, നീ ഒന്നാമതു പതുക്കെ പറ; വഴീയേ മനുഷേരു പോണതു കാണാമ്മേലേ?”

“ഞാനതികപ്രസംഗോന്നുമല്ലല്ലോ പറഞ്ഞതു്.”

“അയ്യോടീ! നേരം ഇരുട്ടീയല്ലോ—ഇനി എപ്പഴാ വീട്ടിലെത്തുന്നതു്?”

“എത്തുമ്പഴെത്തട്ടെ. നിനക്കെന്നാ ഇത്ര പേടി?”

“എനിക്കു പേടീം ഒന്നുമില്ല—നീ വേഗം നടന്നാട്ടു്—എടീ നമുക്കിച്ചിരി ചൂട്ട വല്ലോടത്തുന്നും വാങ്ങിക്കാം.”

“ഓ, ചൂട്ടവാങ്ങിക്കാൻപോണു—എനിക്കു ചൊവ്വിനേ കണ്ണു കാണാം. നീ വരുന്നേങ്കി വാ.”

“ഇപ്പോ അമ്മ എന്നെ നോക്കിയിരിക്കുവാരിക്കും.”

“വഴിപ്പണിക്കു പോയാൽ താമസിച്ചേ ചെല്ലത്തുള്ളെന്നു് അമ്മയ്ക്കു് അറിയാമ്മേലേ?”

“എന്നാലും നമ്മളിത്രേം താമസിച്ചിട്ടില്ല, ഒരിക്കലും.”

“ഇന്നു മേസ്തിരി ചില്ലറ മാറാൻ താമസിച്ചതാ ഇത്രേം താമസിച്ചതു്.”

“ആ മേസ്തിരി വല്ലാത്ത ആളുതന്നെ—പെമ്പിള്ളേരെ നോക്കുന്നതിനു് അയാക്കൊരു നാണോമില്ല.”

“എന്തെടീ മറിയേ, നിനക്കു് ആ സോപ്പെവിടെ കിട്ട്യെടീ?”

“നിന്നോടു പറയാമല്ലോ—എൻെറ ഏലീ, നീ ഒരു കുഞ്ഞിനോടും പറയരുതേ.”

"പിന്നെ—എനിക്കു വല്ലവരോടുമൊക്കെ പറഞ്ഞു നടക്കണതല്ലേ തൊഴിൽ—നീ എന്താ പൊറകോട്ടു നോക്കുന്നതു്?"

"വല്ലോരും അടുത്തൊണ്ടോന്നു നോക്കുവാരുന്നു."

"ആരുമില്ല—നീ പറഞ്ഞേ."

"നീ തേ വഴീടെ ഇറമ്പുചേൎന്നു നടക്കു്—അവിടൊരു കുഴിയൊണ്ടു്?"

"അതൊക്കെ എനിക്കറിയാം—നീ പറഞ്ഞേ."

"എടീ ചന്തേടെ തെക്കുവശത്തു് ഒരു മുറുക്കാൻകടയില്ലേ?"

"ആ തുണിക്കടേടെ ഇപ്പുറത്തു്, അല്ലേ?"

"അല്ലെടീ; നമ്മള ചന്തേന്നു തെക്കോട്ടു പോകുമ്പം എടത്തുവശത്തു രണ്ടാമതു കാണുന്ന മുറുക്കാൻകട."

"മനസ്സിലായി, ആ വാച്ചുംകെട്ടി ഇരിക്കുന്ന മനുഷേൻ."

"അതുതന്നെ, ആ."

"എന്നിട്ടു്?"

"അയാള തന്നതാ സോപ്പു്."

"എന്തിനു്?"

"ചുമ്മാ."

"എന്നിട്ടു് എല്ലാക്കും കൊടുക്കുന്നില്ലല്ലോ?"

"എടീ മങ്കേ, നീയൊന്നു പതുക്കെ ചിരിക്കു്—വല്ല മനുഷേരും കേട്ടാൽ."

"കേട്ടാലെന്നാ മൂക്കിലിട്ടുകളേമോ?—പിന്നെന്തൊക്കെ പറഞ്ഞെടീ ആ വാച്ചുകാരൻ?"

"നിന്നെ കെട്ടിക്കോളാമെന്നു്."

"നിനക്കു സോപ്പു തന്നേച്ചു് എന്നെയാണോ കെട്ടുന്നതു്—? നിൻെറ വാച്ചുകാരൻ മിടുക്കൻതന്നെ."

“എന്തോന്നാടീ ഇത്ര കൊടഞ്ഞിട്ട ചിരിക്കാൻ—നിൻെറ എട്ടണാക്കാരനെ എനിക്കറിയാം.”

“ചൊണയൊണ്ടേൽ നീ ഒന്നു പറഞ്ഞേ. കേൾക്കട്ടെ.”

“എനിക്കറിയാമെടീ—നീതന്നെ ഒന്നു പറഞ്ഞേ; കേൾക്കട്ടെ.”

“നീ കണ്ടോ? നേരു പറ.”

“ഞാൻ പൊട്ടക്കണ്ണിയല്ലെടീ.”

“മേസ്തിരീം ഞാനും തമ്മിൽ വത്തമാനം പറഞ്ഞപ്പം നീ എവിടാരുന്നു?”

“ഇപ്പോ കള്ളം തെളിഞ്ഞല്ലൊ.”

“എൻെറ മറിയേ, നീ ആരോടും പറയരുതേ.”

“ഞാനിതിനു മുമ്പു വല്ലതും പറഞ്ഞിട്ടൊണ്ടോടീ?”

“എൻെറടീ, ആ മനുഷ്യൻ വല്ലാത്ത വെഷമക്കാരനാ.”

“അയാളെന്നാ പറഞ്ഞു?”

“ഇന്നു കാത്തുനിക്കുമെന്നു്.”

“എന്നിട്ട നീ സമ്മതിച്ചോ?”

“സമ്മതിക്കാതെന്തു ചെയ്യുമെടീ?”

“എൻെറ മറിയേ, നാളെത്തൊട്ട ജോലിയില്ലെന്നു പറഞ്ഞു; എന്തുചെയ്യാം, എട്ടണേം കിട്ടില്ലേ?”

“ആ എട്ടണകൊണ്ടു് നൂറുകൂട്ടം കാര്യം കാണണം. എന്തു ചെയ്യാം, ഈ കീറിയ ചട്ടയിട്ടോണ്ടു് എത്രനാളെന്നാച്ചാ നടക്കുന്നെ?”

“എടീ നേരം നന്നേ ഇരുട്ടിയല്ലൊ?”

“ഓ, ഇനി ഇച്ചിരിക്കൂടേയൊള്ളല്ലോ മറിയേ?”

“മേസ്തിരി എവിടെ നിക്കുമെന്നാ പറഞ്ഞതു്?”

"ഇവിടെങ്ങാൻ കാണും; അതാരാടീ, അതേ ആ മാവിൻെറ ചോട്ടിൽ വെള്ളായം."

"അയാളായിരിക്കും."

"നീ ചെന്നൊന്നു നോക്കിയേച്ചു വാ."

"അയാളാടീ; ആ മാവിൻെറ ചോട്ടിൽ നിക്കുമെന്നാ പറഞ്ഞതു്."

"എന്നാൽ ഞാൻ മുമ്പോട്ടു നടന്നേക്കാം."

"പതുക്കെപ്പറ—എൻെറ മറിയേ; എൻെറ പൊന്നുമറിയേ, ഒരു കുഞ്ഞിനോടും പറേല്ലെ."

"നീയിത്ര മണ്ടിയാണോടീ—ഞാൻ പറയത്തില്ലെന്നു പറഞ്ഞില്ലേ."

"അതേ, അയാളു ചൂളമടിക്കുന്നു."

"എന്നാൽ മറിയ പൊയ്ക്കോ—ഇന്നാ നിൻെറ അണ."

"ഇതെന്തിനാണയൊണ്ടു്?"

"അണയൊണ്ടെടീ മറിയേ."

"നിനക്കു സോപ്പു വേണോടീ?"

"എന്നാൽ പകുതി ഇങ്ങു താ."

"ഇന്നാ—ഇതു പകുതിയിൽ കൂടുതലൊണ്ടു്."

"ഇങ്ങു വന്നേ മറിയേ; ഞാൻ ചെവീൽ ഒരു കാര്യം പറേട്ടു്."

"ഉം?"

"വീട്ടിലാരെയെങ്കിലും കണ്ടാൽ ഞാൻ പുറകെ വരുന്നെന്നു പറേണം; ഇങ്ങോട്ടു വിടരുതു്."

"ഇല്ല."

"എന്നാൽ നീ പൊയ്ക്കോ."

"നാളെ രാവിലെ വരുമോ?"

"നാളെ വരത്തില്ല; ആരാണ്ട കല്യാണക്കാരു് എന്നെ കാണാൻ വരുന്നെന്നു പറഞ്ഞില്ലേ."

"എന്നാ ഞാൻ പോവ്വാ ഏലീ."

"മേസ്തിരി എന്നെ കണ്ടോ?"

"ഓ, കണ്ടാലെന്നാ?"

"ഏലീ, ഞാൻ പോകുന്നു."

"പൊയ്ക്കോ, ഞാൻ ചുറുക്കെ വന്നേക്കാം."

## ചന്ദനവും വെന്തിങ്ങയും

പാടത്തിൻെറ വടക്കേ കരയിൽ ആകാശത്തിലേക്ക് ഉയൎന്നുനില്ക്കുന്ന വാളൻപുളിയുടെ തലപ്പുകങ്ങൾ, തെക്കേക്കരയിൽ തനിക്കുതാൻപോന്നവനായി നില്ക്കുന്ന ആഞ്ഞിലിയുടെ തുഞ്ചങ്ങളെ കൈ മാടി വിളിച്ചു. ആ രണ്ടു മരങ്ങളുടെയും മുകളിലായി വെൺമേഘപ്പുടവ ഞെറിഞ്ഞുടുത്ത നീലാകാശം നിത്യമായി നിലകൊണ്ടു! ആഞ്ഞിലിമരത്തുഞ്ചത്തിരുന്ന് ഒരു മാടത്തക്കിളി പുളിമരച്ചില്ലയിലെ ഇണയെ ചൂളംകുത്തി വിളിച്ചു. പാവകൾ ആ പാടത്തിൻെറ മുകളിൽക്കൂടി പറന്നുകളിക്കുമ്പോൾ കൈത്തോട്ടിലെ തെളിനീരിൽ അവയുടെ ചിത്രങ്ങൾ പകൎത്തപ്പെട്ടു.

പാടത്തിൻ തെക്കേക്കരയിലെ കവുങ്ങിൻചോട്ടിൽ കെട്ടിയിട്ടിരിക്കുന്ന കണ്ണമ്മപ്പശുവിനെ നോക്കി ഇങ്ങേക്കരയിലെ വറുങ്ങിൽ കെട്ടിയിട്ടിരിക്കുന്ന നീലാണ്ടൻ കാള മുക്രയിട്ടു.. കൊയ്ത്തു കഴിയുന്നതുവരെ അവർ അങ്ങനെ നില്ക്കുകയേ പററു. കൊയ്ത്തു കഴിഞ്ഞാൽ പിന്നെ അവക്ക് എവിടേയും യഥേഷ്ടം സഞ്ചരിക്കാം. അവക്ക് ഒന്നിച്ചു പാടത്തിൻെറ വരമ്പുകളിലെ ഇളം കറുകപ്പുല്ലുകൾകൊണ്ടു സദ്യകഴിക്കുകയും, വരണ്ടുകിടക്കുന്ന പാടത്തു കുത്താടുകയും ചെയ്യാം.

പാടത്തിൻനടുവിൽക്കൂടി പടിഞ്ഞാറോട്ടു വളഞ്ഞുപുളഞ്ഞുകിടക്കുന്ന കൈത്തോട്ട് ഒരതിൎത്തിരേഖയാണ്. രണ്ടു പാടങ്ങളെയും, രണ്ടു കുടുംബങ്ങളെയും അതു വേർതിരിച്ചുനിൎത്തുന്നു.

വടക്കേക്കര പാപ്പൻമാപ്പിളയും, തെക്കേക്കര പാച്ചൻപിള്ളയും. ഇരുപാടങ്ങളിലെയും മണ്ണിനും വെള്ളത്തിനും വളത്തിനും നെല്ലിനും വായുവിനും വെയിലിനും മഴയ്ക്കും ഒന്നും ഒരു വത്യാസവുമില്ലായിരുന്നു. അതുപോലെതന്നെയാണ് പാപ്പൻമാപ്പിളയും പാച്ചൻപിള്ളയും. രണ്ടുപേരും തുല്യപ്രായക്കാരാണ്. അറുപത്തേഴാം വയസ്സിലാണു രണ്ടുപേരും നടക്കുന്നതു്. പാച്ചൻപിള്ള മകരം ഒട്ടവിലും, പാപ്പൻമാപ്പിള മകരം ആദ്യവും ജനിച്ചു. ഏതാനും ദിവസത്തെ വ്യത്യാസമേ ഉള്ളു അവർ തമ്മിൽ. എന്നാൽ കാഴ്ചയ്ക്കു് തോന്നിക്കയില്ല. ഇരട്ടപെറ്റ സഹോദരങ്ങളാണെന്നേ തോന്നൂ. രണ്ടുപേർക്കും ഉണ്ണിക്കുടവയറുണ്ട്. തലമുടിയും മീശയും ഒട്ടമുക്കാലും നരച്ചു. രണ്ടുപേരുടെയും നിറം ഇരുണ്ട വെളുപ്പാണ്. രണ്ടുപേരുടെ എളിയിലും നാരായപ്പിച്ചാത്തിയുണ്ട്. കൈയിൽ മുറുക്കാൻചെല്ലവും, ഓലക്കുടയും കാണും. എന്നാൽ അവരെ തമ്മിൽ വേർതിരിച്ചറിയാൻ യാതൊരു വിഷമവും ഇല്ലതാനും. പാപ്പൻമാപ്പിളയുടെ കഴുത്തിൽ വെന്തിങ്ങാ ഉണ്ടായിരിക്കും. പാച്ചൻപിള്ളയുടെ നെറ്റിയിലും തോളുകളിലും നെഞ്ചത്തും ചന്ദനമുണ്ടായിരിക്കും. ഇടത്തുവശത്തേക്കു് കെട്ടിയിട്ടിരിക്കുന്ന കുടുമ്മ പാച്ചൻപിള്ളയെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകതയാണ്.

പാച്ചൻപിള്ളയുടെ മൂത്തമകൻ സദാശിവൻനായർ ഒരു ഡോക്ടരാണ്. രണ്ടാമത്തെ മകൻ ഒരു സ്കൂൾ അദ്ധ്യാപകനും. തങ്കമ്മ എന്ന മൂത്ത മകളെ പെനാംഗിലുള്ള ഒരു ഉദ്യോഗസ്ഥൻ സംബന്ധംചെയ്തു കൊണ്ടുപോയി. പോയിട്ടു വർഷങ്ങൾ എട്ടു കഴിഞ്ഞു. അടുത്ത് ഓണത്തിനു വന്നേക്കും. പിന്നത്തെ മകൾ ലക്ഷ്മിക്കുട്ടി, കോളേജിൽ പഠിക്കുന്നു. ഇളയ മകൻ ഗോവിന്ദൻകുട്ടി

ഹൈസ്കൂളിലും. പാച്ചൻപിള്ളയുടെ ഭാര്യ പാറുക്കുട്ടിയമ്മ നല്ല ഐശ്വര്യവും മനുഷ്യപ്പററുമുള്ള ഒരു സ്ത്രീയാണ്. പാച്ചൻപിള്ളയുടെ ഐശ്വര്യത്തിൻെറ എല്ലാം കാരണം അവരാണെന്നു പറയപ്പെടുന്നു.

പാപ്പൻമാപ്പിളയുടെ മൂത്ത മകൻ തോമസ്സ് എൻജിനീയരാണ്. രണ്ടാമത്തെ മകൻ ജോർജ്ജ് രാഷ്ട്രീയ സമുദായപ്രവർത്തനങ്ങളിലാണ്. ഒരിടനേതാവുമാണ്. മൂത്തമകൾ മേരി കോൺവെൻറിൽ ചേർന്നു; ഇന്നു് ഒരു കന്യാസ്ത്രീഅമ്മയാണ്; ഒരു ഗേൾസ് ഹൈസ്കൂൾ ഹെഡ് മിസ്ട്രസ്സുമാണ്. പിന്നൊരു മകനുള്ളതു കോളേജിൽ പഠിക്കുന്നു. ഇളയ മകൾ എമിലി ഹൈസ്കൂളിലും. പാപ്പൻമാപ്പിളയുടെ പെമ്പിള കുഞ്ഞുമറിയാമ്മ എണ്ണക്കറമ്പിയാണ്. എങ്കിലും കണ്ടാൽ അഴകുള്ള ഒരു വീട്ടമ്മയാണ്; കാര്യസ്ഥിയാണ്; മിതമായ പൊക്കവും വണ്ണവും. അലക്കിത്തേച്ച തേങ്കച്ചച്ചട്ടയും, പൂക്കലഞൊറിച്ചിലിട്ട മമ്മൽപുടവയും, തേരുവിളമ്പിൽ കസവുനേരിയതും ധരിച്ചു്, കൈയിൽ നിത്യാരാധനയും കൊന്തയും പിടിച്ചു് അവർ പള്ളിയിൽ പോകുന്ന പോക്കു കാണാൻ ഒരു ചേലുണ്ടു്. മുറുക്കിച്ചെമപ്പിച്ച അവരുടെ ചിരിക്കു് ഒരഴകുണ്ടു്. പെരുമാററത്തിലൊരു മര്യാദയുണ്ടു്.

പാറുക്കുട്ടിഅമ്മയും മക്കളും അമ്പലത്തിൽ കുളിച്ചു തൊഴാൻ പോകും; കുഞ്ഞുമറിയാമ്മയും മക്കളും പള്ളിയിൽ പ്രാർത്ഥിക്കും. അമ്പലവും പള്ളിയും തമ്മിൽ അഞ്ചു ഫർലോംഗിൻെറ അകലമേയുള്ളു. അമ്പലത്തിലെ ശംഖുനാദം പള്ളിയിലും പള്ളിയിലെ മണിയൊച്ച അമ്പലത്തിലും കേൾക്കാം. അമ്പലം അവിടെയുണ്ടായിട്ടു് എത്ര സഹസ്രാബ്ദങ്ങൾ ആയി എന്നറിവില്ല. അന്നു് അമ്പലത്തിൻെറ പണിയിൽ തെക്കേക്കര പാച്ചൻപിള്ളയു

ടെയും വടക്കേക്കര പാപ്പൻമാപ്പിളയുടെയും പൂർവ്വികന്മാർ തോളോടുതോൾ ചേൎന്നുനിന്നു് അദ്ധ്വാനിച്ചിട്ടുണ്ടാവും. എന്നാൽ പള്ളി ഉണ്ടായിട്ടു് അഞ്ഞൂറു കൊല്ലത്തിൽ അധികമായിട്ടില്ല. തെക്കേക്കര പാച്ചൻപിള്ളയുടെ ഒരു പിതാമഹൻ ദാനംചെയ്ത സ്ഥലത്താണു പള്ളിയിരിക്കുന്നതെന്നു് ഐതിഹ്യമുണ്ടു്. ഇന്നും പള്ളിയിലെ മുഖ്യ പെരുനാളിനു തെക്കേക്കരത്തറവാട്ടിലെ കാരണവരെ ക്ഷണിക്കാറുണ്ടു്.

പാച്ചൻപിള്ളയും പാപ്പൻമാപ്പിളയും കൊച്ചുന്നാൾതൊട്ടു് കൂട്ടുകാരായിരുന്നു. മഠത്തിൽപറമ്പിൽ മാധവനാശാൻ എന്നു് ഒരു പ്രസിദ്ധ പണ്ഡിതനുണ്ടായിരുന്നു. മാധവനാശാൻ ഒരീഴവനായിരുന്നു. പാച്ചനും പാപ്പനും ആ ആശാൻെറ കളരിയിൽനിന്നാണു് നിലത്തെഴുത്തും കണക്കും ശ്രീരാമോദന്തവും പഠിച്ചതു്. പാടത്തുഴാനും ചക്രം ചവുട്ടാനും അവർ പഠിച്ചതു് ഒന്നിച്ചാണു്. ഒരിക്കലും പിരിയാത്ത കൂട്ടുകാരായിരുന്നു അവർ. അവർ ഒന്നിച്ചു പലേടത്തും സഞ്ചരിച്ചിട്ടുണ്ടു്. പല തമ്മിൽത്തല്ലുകളിലും ഏർപ്പെട്ടിട്ടു് അവർ പുറംതിരിഞ്ഞുനിന്നു ശത്രുക്കളോടു പൊരുതി ജയിച്ചിട്ടുണ്ടു്. അടിതട മുതലായ കായികാഭ്യാസങ്ങൾ ഇരുവൎക്കും അറിയാം. ഭായി എന്ന പട്ടാണിയാണു് അവരെ കായികമുറ അഭ്യസിപ്പിച്ചതു്. പത്തിരുപതു പേരോടു തല്ലിനേടാൻ പാപ്പനും പാച്ചനും ധാരാളം മതി.

അവരൊന്നിച്ചു് കള്ളു കുടിക്കാൻ പോയിട്ടുണ്ടു്. ഇന്നും പാപ്പനും പാച്ചനും എന്നു കേട്ടാൽ നാട്ടുകാൎക്കു് ഞെട്ടക്കമുണ്ടു്. ഭയങ്കരന്മാരാണു്. ഉഗ്രപ്രതാപവാന്മാരാണു്. ഇപ്പോൾ വയസ്സായി. എങ്കിലും ഒന്നുരണ്ടാളിൻെറ കരുത്തുവീതം ഉണ്ടു് ഓരോരുത്തൎക്കും. പാച്ചൻപിള്ളയ്ക്കു

വല്ലപ്പോഴും എങ്ങാൻ വാതത്തിൻെറ ഒരേനക്കേട്ടുണ്ടാകാറുണ്ട്. പാപ്പൻമാപ്പിളയ്ക്കു് എക്കിളിന്റെ ശല്യം ഉണ്ട്.

"പണ്ടു് നിങ്ങള് ചട്ടമ്പികളിച്ചു നടന്നേന്റെ അനുഭവമാ ഈ എക്കിള്," എന്നു കുഞ്ഞുമറിയാമ്മ പറയാറുണ്ട്.

"എതായാലും ഞാൻ നിന്നോടു ചട്ടമ്പിത്തരമൊന്നും എടുത്തിട്ടില്ലല്ലോ," പാപ്പൻ പറയും. വാസ്തവമാണു്. ഇന്നേവരെ ഒരീക്കിലികൊണ്ടുപോലും അവരെ നോവിച്ചിട്ടില്ല.

പാറുക്കുട്ടിയമ്മയും കുഴമ്പു ചൂടാക്കി പാച്ചൻപിള്ളയുടെ കാല്യ തിരുമ്മുമ്പോൾ പറയാറുണ്ട്: "ഈ കാല്യ കൊണ്ടു് എത്രപേരെ അടിച്ചിട്ടുണ്ടു്?"

"ഏതായാലും നിന്നെ അടിച്ചിട്ടില്ലല്ലോ," പാച്ചൻപിള്ള പറയും. കാല്യമടക്കി കരണക്കുറ്റിക്കു് അടിക്കാൻ പാച്ചൻപിള്ളയ്ക്കു വശമുണ്ടു്. പാപ്പൻെറ കൈകൊണ്ടുള്ള ഇടിക്കു് ഒരു മന്നു തൂക്കമുണ്ടെന്നു് അനുഭവസ്ഥർ പറയുന്നു. ഏതായാലും പാപ്പൻ,പാച്ചൻമാരുടെ പൂർവ്വകാല വീരസാഹസകഥകൾ ഓക്കുന്നതു കുഞ്ഞുമറിയാമ്മയ്ക്കും പാറുക്കുട്ടിയമ്മയ്ക്കും വളരെ രസമാണു്. എൺപതോടടുത്ത കുഞ്ഞൻപുലയൻ പറയും കഥകൾ: "തമ്പ്രാട്ടിമാക്കു കേക്കണോ പുകില്യു്. മല്യവെള്ളപ്പൊക്കം കഴിഞ്ഞേതൻെറ പിന്നത്തെ പള്ളീമേട്ട ദോസി അമ്പലത്തിൽ കഥകളി നടക്കുന്നു. അപ്പോഴേക്കും ആല്യംചോട്ടിൽ ഒരു മെഹളം... മടക്കേക്കര തെക്കേക്കരത്തമ്പ്രാക്കന്മാരൊണ്ടു് അഞ്ചെട്ടു കടാമുട്ടന്മാരുമായി ഉണ്ടപ്പിടുത്തം, തമ്പ്രാക്കന്മാർ പൊറം പൊറം തിരിഞ്ഞുനിന്നു പടക്കം പൊട്ടിക്കണപോലല്ലെ കാല്യം കൈയുമെടുത്തു് അടിച്ചതു്."

"എന്നിട്ട്?" ചെവി കൂർപ്പിച്ചിരുന്നു കേൾക്കുന്ന കുഞ്ഞുമറിയാമ്മ ചോദിക്കും.

"എന്നിട്ടെന്നാ ചട്ടമ്പിമാരുടെയെല്ലാം എല്ലൊടിച്ചു മിട്ട തമ്പ്രാക്കന്മാര്."

"തമ്പ്രാക്കന്മാർക്കൊന്നും പററീല്ലേ മൂപ്പാ?" പാറുക്കുട്ടിയമ്മ ചോദിക്കും.

"ഉമ്മിണിച്ചേതമൊണ്ട്... തമ്പ്രാക്കന്മാരുടെ മേത്തൊന്നു കിള്ളാൻ അവന്മാരെക്കൊണ്ടു പററീല്ല."

അങ്ങനെ പാടത്തിനക്കരെയിക്കരെയുള്ള ആ രണ്ടു വീടുകൾ ഒരേയൊരു കുടുംബംപോലെ കഴിഞ്ഞുപോന്നു. ഏഴുകൊല്ലം മുമ്പ്, അതേ, ഏഴുകൊല്ലം മുമ്പ്, ഒരനിഷ്ടസംഭവമുണ്ടായി. ആ സംഭവം പാടത്തെ കൈത്തോടുപോലെ ആ കുടുംബങ്ങളെ വേർപെടുത്തിക്കളഞ്ഞു. ഏഴുകൊല്ലമായി പാച്ചൻപിള്ളയും പാപ്പൻമാപ്പിളയും തമ്മിൽ മിണ്ടിയിട്ട്. രണ്ടുപേരും വാശിക്കാരാണ്. ഇന്ന് അവർ ശത്രുക്കളായി. തമ്മിൽ കൈവച്ചിട്ടില്ല എന്നേയുള്ളു. ആ ഉഗ്രന്മാർ തമ്മിൽ ഒരു സംഘട്ടനമുണ്ടാകണമെന്നു നാട്ടുകാർ അഭിലഷിച്ചിരുന്നു. കാരണം, അവർ രണ്ടും ഒന്നിച്ചു നില്ക്കുന്നിടത്തോളം കാലം മററാരുത്തനു് ആ കരയിൽ മിണ്ടാൻ സാധിക്കുകയില്ല.

പാപ്പനും പിള്ളയും തമ്മിൽ പിണങ്ങിയെന്നറിഞ്ഞപ്പോൾ ആളുകൾ ദീർഘമായൊന്നു നിശ്വസിച്ചു.

പാറുക്കുട്ടിയും കുഞ്ഞുമറിയാമ്മയും അക്കരെയിക്കരെ നിന്നു പരസ്പരം കാണാറുണ്ട്. തൊട്ടടുത്തെത്തിയാലും മിണ്ടുകയില്ല. ഹൈസ്കൂളിൽ പഠിക്കുന്ന ഗോവിന്ദൻകുട്ടിയും എമിലിയും കളിത്തോഴരായിരുന്നു. ഒരിക്കലും പിരിയാത്ത കൂട്ടുകാരായിരുന്നു. അന്നു ഗോവിന്ദൻകുട്ടിക്കു് എട്ടും എമിലിക്കു് അഞ്ചും വയസ്സു പ്രായമേ ഉണ്ടാ

യിരുന്നുള്ളു. അവരിന്നു വളൎന്നുപോയി. എന്തിനാണു് അവർ തമ്മിൽ മിണ്ടാത്തതെന്നു് അവൎക്കുതന്നെ അറിഞ്ഞുകൂടാ. ഗോവിന്ദൻകുട്ടി എമിലിക്കു് ആഞ്ഞിലിച്ചക്കകളും, അവൾ അവനു ചാമ്പങ്ങാകളും സമ്മാനിച്ചിരുന്ന ആ കാലഘട്ടം, വെള്ളപ്പൊക്കകാലത്തു് കൈത്തോട്ടിൽ അവർ നീന്തിക്കളിച്ചിരുന്ന ആ കാലഘട്ടം, നോക്കെത്താത്ത വിദൂരതയിലായിരിക്കുന്നു അതു്. പള്ളിക്കൂടത്തിൽ പോകുമ്പോൾ അവർ തമ്മിൽ വഴിക്കുവെച്ചു കാണാറുണ്ടു്. വേറെയാരും ദൃഷ്ടിയിലില്ലെങ്കിൽ "ഗോവിന്ദൻകുട്ടീ" എന്നു് എമിലി വിളിക്കും. "എമിലീ" എന്നു് ഗോവിന്ദൻകുട്ടി വിളികേൾക്കും. അവരുടെ ഹൃദയങ്ങൾ ശക്തിയായി തുടിക്കും; അവർ ആരെയോ ഭയന്നു് ഓടി അകന്നുകളയും. പാച്ചൻപിള്ളയുടെ മൂത്ത മക്കൾ ഡോക്ടരും അദ്ധ്യാപകനും അവധിക്കു വീട്ടിൽ വരുമ്പോഴൊക്കെ വടക്കേക്കരയെത്തി പാപ്പൻമാപ്പിളയേയും കുടുംബത്തേയും കാണുകയും പതിവായിരുന്നു. കുഞ്ഞുമറിയപ്പെമ്പിളയുടെ കൈകൊണ്ടു കാപ്പി വാങ്ങി കുടിച്ചിട്ടേ അവർ മടങ്ങിപ്പോവുകയുള്ളു. അതുപോലെതന്നെ ആയിരുന്നു പാപ്പൻമാപ്പിളയുടെ മക്കളും. അവർ പാറുക്കുട്ടിയമ്മയെ സ്വന്തം അമ്മയെപ്പോലെതന്നെ സ്നേഹിച്ചിരുന്നു. സിസ്റ്റർ മേരി വീട്ടിൽ വന്നാൽ പാടം കടന്നു പാറുക്കുട്ടിയമ്മയെ കണ്ടിട്ടേ കോൺവെൻറിലേക്കു മടങ്ങിപ്പോകാറുള്ളു. ആ പതിവു നിന്നിട്ടു വൎഷം ഏഴായി. ഒരുകാലത്തു സാഹോദൎയ്യത്തിൻെറ ഭദ്രദീപങ്ങളായിരുന്ന ആ വീടുകൾ ഇന്നു ശത്രുപാളയങ്ങളായിരിക്കുന്നു.

ഒരു പഞ്ചായത്തുതെരഞ്ഞെടുപ്പാണു് കാരണം. വടക്കേക്കര ജോർജ്ജ് പഞ്ചായത്തുതെരഞ്ഞെടുപ്പിനു സ്ഥാനാൎത്ഥിയായി നിന്നു. പാച്ചൻപിള്ളയോടും മക്കളോടും

അനുവാദവും അനുഗ്രഹവും വാങ്ങിക്കൊണ്ടാണ് അവൻ നോമിനേഷൻപേപ്പർ സമർപ്പിച്ചതുതന്നെ. അവൻ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടുമെന്നു പ്രതീക്ഷിച്ചിരുന്നു. പക്ഷേ, ശാന്തനിർമ്മലമായ ആ അന്തരീക്ഷത്തിൽ വർഗ്ഗീയതയുടെ വിഷവിത്തുകളുമായി കുറേപ്പേർ അന്യദിക്കുകളിൽനിന്നു വന്നെത്തി. അന്യകരക്കാരനായ ഒരു നായർ ജോർജ്ജിൻെറ എതിർസ്ഥാനാർത്ഥിയായി പേരു കൊടുത്തു. ആ സ്ഥാനാർത്ഥിയെ എതിക്കാമെന്നു പാച്ചൻപിള്ള പ്രഖ്യാപിച്ചതാണ്. പക്ഷേ, അയാൾ മറിഞ്ഞുപോയി. സമുദായനേതാക്കൾ വന്നു പാച്ചൻപിള്ളയുടെ വീട്ടിൽ താമസമുറപ്പിച്ചു. അവർ ഒരാഴ്ചയോളം പാച്ചൻപിള്ളയെ ജാതിയുടെ പേരിൽ ഗുണദോഷിച്ചു. ഒടുവിൽ അയാൾ അവക്കു വഴങ്ങി.

ജോർജ്ജിനെതിരായി പാച്ചൻപിള്ളയുടെ അദ്ധ്യക്ഷതയിൽ തെരഞ്ഞെടുപ്പുപ്രചരണമീറ്റിംഗുകൾ നടന്നു. പാച്ചൻപിള്ളയും അദ്ദേഹത്തിന്റെ സമുദായത്തിൽപ്പെട്ട നേതാക്കളും നായർസ്ഥാനാർത്ഥിക്കുവേണ്ടി വോട്ടുപിടിച്ചുതുടങ്ങി.

പാച്ചൻപിള്ള അങ്ങനെ ചെയ്യുമെന്നു പാപ്പൻമാപ്പിള ഒരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല. ആ വാർഡിൽ നായരുടെയും നസ്രാണിയുടെയും വോട്ടുകൾ തുല്യമായിരുന്നു. ജയാപജയങ്ങൾ ത്രാസിൽ തൂങ്ങി. തെക്കേക്കര നായരും വടക്കേക്കര മാപ്പിളയും തമ്മിലുള്ള ഒരു വലിയ വടംവലിയായി ആ തെരഞ്ഞെടുപ്പു കലാശിച്ചു.

രണ്ടേ രണ്ടു വോട്ടിൻെറ ഭൂരിപക്ഷത്തോടെയാണ് ജോർജ്ജ് ജയിച്ചതു്.

ദൂരെയെങ്ങോനിന്നു വന്നുചേർന്ന രാഷ്ട്രീയവും വർഗ്ഗീയതയും ആ ഗ്രാമത്തിന്റെ സ്വച്ഛതയെ കെടുത്തുകയും ജന

ങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുകയും ചെയ്തു. നായന്മാർ നായന്മാരുടെ കടയിലും, ക്രിസ്ത്യാനികൾ ക്രിസ്ത്യാനികളുടെ കടയിലുംനിന്നു മാത്രം സാമാനം വാങ്ങിത്തുടങ്ങി. അങ്ങനെ ജാതിസ്പിരിററ് എല്ലാ മണ്ഡലങ്ങളിലേക്കും വ്യാപിച്ചു. പലേടത്തും നസ്രാണികളും നായന്മാരും ഏററുമുട്ടലുണ്ടായി. തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ വർഗ്ഗീയ പ്രമാണികളും രാഷ്ട്രീയനേതാക്കളും അവരുടെ പാട്ടിനു പോയി. പക്ഷേ, അവർ ഇളക്കിവിട്ട കലാപത്തിൻെറ കാററു ചുററിയടിച്ചുകൊണ്ടേയിരുന്നു. പാച്ചൻപിള്ളയും പാപ്പൻമാപ്പിളയും തമ്മിൽ ഒരു ഏററുമുട്ടലുണ്ടാക്കാൻ ഇരുഭാഗത്തെയും പ്രമാണികൾ കിണഞ്ഞു പരിശ്രമിച്ചു.

"അതിനു വച്ച വെള്ളം അങ്ങു വാങ്ങി വച്ചേരു്."
എന്നായിരുന്നു പാപ്പൻമാപ്പിളയുടെ മറുപടി.

"എന്നെ ആരും ഇനി ഗുണദോഷിക്കാൻ വരണ്ടാ."
എന്നു പാച്ചൻപിള്ളയും പറഞ്ഞു.

വാസ്തവത്തിൽ അവിചാരിതമായി ഉണ്ടായ ആ അകൽച്ച അവരെ രണ്ടുപേരെയും വേദനിപ്പിച്ചു. ലോകത്തിൽ മററുള്ളവർ എങ്ങനെയിരുന്നാലും പാച്ചനും പാപ്പനും തമ്മിൽ പിണങ്ങുക സാദ്ധ്യമല്ല.

തമ്മിൽ യോജിക്കണമെന്നുണ്ടായിരുന്നു. ആരെങ്കിലും ഒന്നു് ആരംഭമിട്ടാൽ മതി. രണ്ടുപേരും വാശിക്കാരാണു്. "പിള്ളയ്ക്കു് എന്നോടൊന്നു മിണ്ടിയാൽ എന്താ?" പാപ്പൻമാപ്പിള അയാളുടെ പെമ്പിളയോടു പറയും.

"നിങ്ങളു തമ്മിൽ എത്രനാളിങ്ങനെ പിണങ്ങിക്കഴിയും?" പാച്ചൻപിള്ളയോടു് പാറുക്കുട്ടിയമ്മ ചോദിക്കും.

"പാപ്പനു് എന്നോടൊന്നു മിണ്ടിയാലെന്താ," എന്നാണു് പിള്ളയുടെ ഉത്തരം.

അങ്ങനെ കാലങ്ങൾ നീണ്ടു. നീണ്ട ഏഴു വഷങ്ങൾ കടന്നുപോയി. മിക്കപ്പോഴും പാടത്തുവച്ച്, തോടിനക്കരെയിക്കരെവച്ച് അവർ തമ്മിൽ കാണും. മുഖം തിരിച്ചുകളയും. കൂട്ടുകാരൻ വിളിക്കുന്നുണ്ടോ എന്ന് ഇരുവരും ചെവിയോൎക്കും.

ഒരിക്കൽ പാപ്പൻമാപ്പിള കുഞ്ഞുമറിയാമ്മയോടു പറഞ്ഞു: "ഞാൻ മരിക്കാൻനേരം പിള്ളയെ വിളിപ്പിക്കണം. പിള്ള എൻെറ അടുത്തുണ്ടായിരിക്കണം."

ഒരിക്കൽ പാച്ചൻപിള്ള വടക്കേക്കരവീടിൻെറ പടിക്കൽവരെ വന്നു. അതു പാപ്പൻ കണ്ടു. ഉടനേ അയാൾ കസേര ശരിപ്പെടുത്തിയിടുകയും ചായ തിളപ്പിക്കാൻ കുഞ്ഞുമറിയയോടു പറയുകയും ചെയ്തു. പാച്ചൻപിള്ള ഒരു നിമിഷം പടിക്കൽ നിന്നിട്ടു നടന്നുപൊയ്ക്കളഞ്ഞു.

വടക്കേക്കര പുരയിടത്തിൻെറ പടിഞ്ഞാറെ അരികുചേൎന്നു കിടക്കുന്ന നാട്ടുവഴി പാടം മുറിച്ച് ഒരു കല്ലുങ്കിൻെറ മുകളിൽക്കൂടി തെക്കോട്ടു ചെന്ന് തെക്കേക്കര പുരയിടത്തിൻെറ പടിഞ്ഞാറുവശത്തെ പടി കടന്ന് അങ്ങനെ നീണ്ടു പോകുന്നു. ആവഴി ബസ്സ് പോകാറില്ല; കാറുകൾ പോകാറുണ്ട്. ഒരു മൈൽ വടക്കുമാറിയാണു റെയിൽവേസ്റ്റേഷൻ. അതുകൊണ്ടു തെക്കേക്കര പാച്ചൻപിള്ളയുടെ വീട്ടുകാർ വടക്കേക്കര പുരയിടത്തിൻെറ പടിഞ്ഞാറുവശത്തുള്ള വഴിയെയാണു പോകുന്നതും വരുന്നതും. പട്ടണം മൂന്നു മൈൽ വടക്കാണ്.

ജനങ്ങളെ ജാതിപ്പിശാചു വന്നു വേർതിരിച്ചെങ്കിലും പ്രകൃതിക്കു മാററമൊന്നുമുണ്ടായില്ല. വടക്കേക്കരവീട്ടിലും ചിങ്ങക്കാറും ചിങ്ങനിലാവും ഒന്നുപോലെ സഞ്ചരിച്ചിരുന്നു. അവയ്ക്കു ജാതിവ്യത്യാസം ഇല്ലായിരുന്നു.

വടക്കേക്കരയിലെ വാളൻപുളിയുടെ തുഞ്ചത്തുനിന്നും, തെക്കേക്കരയിലെ ആഞ്ഞിലിയുടെ തുഞ്ചത്തുനിന്നും മാടത്തക്കിളികൾ നെൽപ്പാടത്തിൻെറ മുകളിൽക്കൂടി അങ്ങോട്ടുമിങ്ങോട്ടും ഷട്ടിൽസർവ്വീസ് നടത്തിക്കൊണ്ടിരുന്നു. അവയ്ക്കു ജാതിവ്യത്യാസമില്ലായിരുന്നു. ജാതിയെച്ചൊല്ലി മാടത്തക്കിളികളെത്തമ്മിൽ വേർപെടുത്താൻ ലോകത്തിൽ ഒരു നേതാവിനു സാധിക്കുമോ, സാധിക്കുമോ? പാടത്തിൻെറ ഇരുകരകളിലുമുള്ള കൈതപ്പൂക്കളുടെ മണത്തിനും വ്യത്യാസമുണ്ടായിരുന്നില്ല. കൈതപ്പൂക്കൾക്കു ജാതിവ്യത്യാസമില്ലായിരുന്നു.

ഓണക്കാലമായി; മരങ്ങളും ചെടികളുമെല്ലാം പൂത്തുലഞ്ഞുനിന്നു; കൈത്തോട്ടു തുപ്പെത്തുപ്പെ തെളിനീരു് ചുറുചുറുക്കോടെ ഒഴുകിക്കൊണ്ടിരുന്നു. തിരുവോണം വരുന്നതേയുള്ളു. പുളിമരത്തിൻെറ തെക്കോട്ടുള്ള കൊമ്പത്തു കെട്ടിയിരിക്കുന്ന ഊഞ്ഞാലിൽ ഇരുന്നു് എമിലി ആടുകയായിരുന്നു. അങ്ങേക്കരയിൽനിന്നു പട്ടം പറപ്പിക്കുന്ന ഗോവിന്ദൻകുട്ടിയെ അവൾക്കു കാണാമായിരുന്നു. അവൾ ആഞ്ഞാഞ്ഞു് ഊഞ്ഞാലാടി. തെക്കുവശത്തു നിറയെ കായിച്ചുനില്ക്കുന്ന ചാമ്പച്ചെടിയെ അവൾക്കു തൊടാം. ചാമ്പങ്ങാ പറിച്ചു കറുമുറെ ചവച്ചുതിന്നുകൊണ്ടു് അവൾ ഊഞ്ഞാലാടി.

പാപ്പൻചേട്ടൻ കുറെ അകലെ മാറി കാച്ചിലിനു മണ്ണുകൂട്ടുകയായിരുന്നു. ധാരാളം മുതലുണ്ടെങ്കിലും അയാൾക്കു ജോലി ചെയ്യണം, ദേഹം വിയർക്കണം. എങ്കിലേ സുഖമുള്ളു. ദേഹത്തുകൂടെ വിയർപ്പു് ഒഴുകുന്നുണ്ടു്.

നേരം സായാഹ്നത്തോടു സമീപിക്കുകയായിരുന്നു. പെയ്തുതീർന്ന മേഘങ്ങളുടെ ബാക്കി ആകാശത്തിൽ കിട

പ്പുണ്ടായിരുന്നു. ആ മേഘങ്ങളുടെമേൽ പല നിറത്തിലുള്ള ചായങ്ങൾ തേക്കുകയായിരുന്നു സൂര്യൻ.

വടക്കേക്കര വീടിൻെറ പടിഞ്ഞാറെ പടിക്കൽ ഒരു കാർ വന്നു. അതിൽനിന്നു യൂറോപ്യൻ വേഷധാരിയായ ഒരു പുരുഷനും, സാരി ധരിച്ച സുന്ദരിയായ സ്ത്രീയും, മണിമണിപോലുള്ള രണ്ടു കുട്ടികളും ഇറങ്ങി. അവർ യാതൊരു സങ്കോചവുംകൂടാതെ മുററത്തേക്കു നടന്നുവരികയാണു്.

"മറിയപ്പെമ്പിളെ," വരാന്തയിലേക്കു കയറിയ ആ യുവതി വിളിച്ചുചോദിക്കുകയാണു്. എന്നിട്ടു് ഒരു കൂസലും കൂടാതെ അകത്തേക്കു കയറുകയാണു്. കുഞ്ഞുമറിയാമ്മ ക്ഷണനേരം അന്ധാളിച്ചുപോയി.

"എൻെറ അമ്മച്ചിയല്ലേ ഇതു്!" അവൾ കുഞ്ഞുമറിയാമ്മയെ കെട്ടിപ്പിടിക്കുകയാണു്.

"എൻ്റീശോകർത്താവേ! ഇതെൻെറ തങ്കമ്മയല്ലേ?"

"എല്ലാരും എന്ത്യേ?"

എട്ടാംവർഷം പെനാംഗിൽനിന്നു വന്നിരിക്കുകയാണു്...പാച്ചൻപിള്ളയുടെ പ്രിയപ്പെട്ട മകൾ തങ്കമ്മ. അവൾക്കു വടക്കേക്കര വീടിൻെറ ഓരോ മുറിയും പരിചയമുണ്ടു്. അതു് ഒരു അന്യവീടാണെന്നു് അവൾക്കു് ഒരിക്കലും തോന്നീട്ടില്ല. പക്ഷേ, അവൾ പോയതിനു ശേഷം ആ രണ്ടു വീടുകളും തമ്മിലുണ്ടായ അകൽച്ചയെപ്പററി പാവം അറിഞ്ഞിട്ടില്ല. മാടത്തക്കിളികൾക്കും, കുളിർകാററിനും അറിഞ്ഞുകൂടായിരുന്നു.

തെക്കേക്കര വീട്ടിൽനിന്നു രണ്ടു കണ്ണുകൾ ആ കാഴ്ച കാണുന്നുണ്ടായിരുന്നു.

"പാറുക്കുട്ടീ!" പാച്ചൻപിള്ള വിളിച്ചു.

"എന്താ?"

"നമ്മുടെ തങ്കമ്മ വന്നെടി."

"എൻെറ പൊന്നുമോളോ! എവിടെ?"

"അതേ." അയാൾ വിരൽ ചൂണ്ടി.

"അവളാണോ അതു്? എൻെറ കുഞ്ഞു്!"

"അതേടീ."

പാച്ചൻപിള്ള ഒരോട്ടമായിരുന്നു. അയാളുടെ ഒപ്പം എത്താൻ പാവം പാറുക്കുട്ടിയമ്മയ്ക്കു സാധിക്കുമോ? പാച്ചൻപിള്ള തോടു ചാടിക്കടന്നു.

വടക്കേക്കര പുരയിടത്തിലേക്കു ചാടിക്കയറി.

"പാപ്പാ!" അയാൾ നീട്ടിവിളിച്ചു.

"പിള്ളേച്ചാ!" എവിടെനിന്നോ പാപ്പൻ വിളി കേട്ടു.

പാവങ്ങൾ കെട്ടിപ്പിടിച്ചുകൊണ്ടു കൊച്ചുകുഞ്ഞുങ്ങളെപ്പോലെ രണ്ടുപേരും പൊട്ടിക്കരഞ്ഞുപോയി. അവരുടെ നരച്ച മീശകൾ കണ്ണീർകൊണ്ടു നനഞ്ഞു. ആ കണ്ണുനീർത്തുള്ളികൾക്കു വ്യത്യാസമില്ലായിരുന്നു. രസതന്ത്രശാലയിൽ പരിശോധിച്ചാലും അവയ്ക്കു വ്യത്യാസം കാണുകയില്ല. രണ്ടുപേരുടേയും വിയർപ്പുകൾ തമ്മിൽ കലന്നു. പാച്ചൻപിള്ളയുടെ നെററിയിലെയും നെഞ്ചത്തെയും ചന്ദനം പാപ്പൻമാപ്പിളയുടെ ദേഹത്തു പുരണ്ടു. അയാളുടെ വെന്തിങ്ങായുടെ പാടു പാച്ചൻപിള്ളയുടെ വയററത്തും പതിഞ്ഞു.

അതൊരു സമാഗമംതന്നെയായിരുന്നു. ഏഴുകൊല്ലം അണകെട്ടി നിർത്തിയിരുന്ന സാഹോദര്യത്തിൻെറ നദി തുറന്നുവിടുകയായിരുന്നു.

"എൻെറ പാപ്പാ!"

"എൻെറ പിള്ളേച്ചാ!"

"നീ വിശ്വസിക്കണ്ടോ; എങ്കിലും എൻെറയും എൻെറ

പാറുക്കുട്ടിയുടെയും വോട്ട നിൻെറ മോനുതന്നെ ആയി രുന്നെടാ."

"പോട്ടെ പിള്ളേച്ചാ,. ഇനി അക്കഥ ഓൎമ്മിപ്പി ക്കണ്ടാ."

എമിലി വച്ചുനീട്ടിയ ചാമ്പങ്ങാ വാങ്ങിക്കൊ ണ്ടു ഗോവിന്ദൻകുട്ടി ആ കുസൃതിക്കുടുക്കയുടെ നുണച്ചുഴി യുള്ള പൂങ്കവിളത്തു മൃദുവായി ഒന്നു നുള്ളുകയുണ്ടായി; മററാരും കാണാതെ.

സൂൎയ്യന്റെ രശ്മികൾ തങ്കംപോലെയിരുന്നു. ആ രശ്മി കൾക്കു ജാതിയില്ലായിരുന്നു. ആ കാഞ്ചനമരീചികളാക ട്ടെ, അമ്പലത്തിന്റെ കൊടിമരത്തെയും, പള്ളിയുടെ മുക ളിലത്തെ കുരിശിനെയും ഏകകാലത്തു തലോടിക്കൊ ണ്ടിരുന്നു.

## ചുവരെഴുത്ത്

"പൊന്നുമോൻ എന്ത്യേടീ കുഞ്ഞമ്മേ?" മത്തായിസാർ ഷർട്ടൂരിക്കൊണ്ട് ഇളയ മകളോടു ചോദിച്ചു.

"ഇവിടൊണ്ടാരുന്നു." കുഞ്ഞമ്മ പറഞ്ഞു. എന്നിട്ട് അവൾ അടുക്കളയിലേക്കോടി. ഭർത്താവു വന്നെന്നറിഞ്ഞ സാറാമ്മ ചുറുക്കെ കാപ്പി തിളപ്പിക്കുകയായിരുന്നു.

"ഇച്ചാച്ചനെന്ത്യേമ്മേ, അപ്പച്ചൻ വിളിക്കുന്നു." കുഞ്ഞമ്മ അറിയിച്ചു. അപ്പോഴേക്കും മത്തായിസാർ ഒരു തോർത്തുകൊണ്ടു വിയർപ്പു തുടച്ചുംകൊണ്ട് അടുക്കളവാതില്ക്കൽ എത്തിക്കഴിഞ്ഞു.

"അവൻ പൊറത്തേക്കെങ്ങാണ്ടു പോയതായിരിക്കും." സാറാമ്മ അടുപ്പിലേക്ക് ഉണക്ക ഓലക്കാലുകൾ തിരുകിവച്ചുംകൊണ്ടു പറഞ്ഞു. അടുപ്പിൽനിന്നുള്ള പുക ആ പരിസരങ്ങളിലെല്ലാം വ്യാപിച്ചു. സാറാമ്മയുടെ കണ്ണു ചുവന്നിരുന്നു.

"നമ്മളെന്താ ഇന്നു വ്യാഴാഴ്ചേം ആയിക്കൊണ്ട്? നാളെ പള്ളിക്കൂടം അവധിയാണോ?"

"നാളത്തേക്കവധിയെടുത്തു."

"ഉം?"

"കുറേനാളായി നെഞ്ചത്തൊരു നൊമ്പരം—ഡോക്ടരെ ഒന്നു കാണിക്കാമെന്നുവച്ചു."

"ഞാനെത്രനാളൊണ്ടു പറയുന്നു. ഇപ്പോഴെങ്കിലും തോന്നിയല്ലോ."

"സാരമില്ലെന്നു വിചാരിച്ചു—പൊന്നുമോൻ ഇന്നു സ്കൂളിൽ പോയില്ലേ?"

"പോയേച്ച് ഇപ്പം വന്നതേയുള്ളു... ശകലം ചക്ക

പ്പുഴക്കൊണ്ടാരുന്നു... അതും തിന്നേച്ച് എറങ്ങുന്നതു കണ്ടു."

"എവിടെപ്പോയതാന്നു് എനിക്കറിഞ്ഞുകൂടാ."

"ഇച്ചാച്ചൻ അങ്ങേ പറമ്പിലിരുന്നു ചീട്ടു കളിക്ക്യാ." പൊന്നുമോൻെറ നേരെ ഇളയവളായ ലൂസി പറഞ്ഞു. അവൾക്കു് അവനോടു് ഒരു ചെറിയ ചൊരുക്കുണ്ടു്. ഒരു കളർപെൻസിലിൻെറ കേസ്സു്.

മത്തായിസാർ കാണാതെ സാറാമ്മ അവളുടെ നേരേ നോക്കി ചിറികടിച്ചു. വാസ്തവത്തിൽ സാറാമ്മയ്ക്കറിയാമായിരുന്നു അവൻ അയൽപക്കത്തെ പിള്ളേരുടെകൂടെ ചീട്ടുകളിക്കാൻ പോയിരിക്കയാണെന്നു്. ആ വിവരം അവൻെറ അപ്പച്ചൻ അറിയുന്നതു് അപകടമാണു്. കാരണം പൊന്നുമോനെ അവൻെറ അപ്പച്ചൻ പലപ്രാവശ്യം ഗുണദോഷിച്ചിട്ടുള്ളതാണു്; കഠിനമായി ശിക്ഷിച്ചിട്ടുള്ളതാണു്. ഒരിക്കൽ പോലീസുകാർ വന്നു പിടികൂടിയ ചീട്ടുകളിസംഘത്തിൽ പൊന്നുമോനും ഉണ്ടായിരുന്നു. മത്തായിസാറിൻെറ മകനാണല്ലോ എന്നു കരുതി പോലീസുകാർ അവനെ ഗുണദോഷിച്ചു വിട്ടയച്ചു. ആ വിവരം അറിഞ്ഞു മത്തായിസാർ അവനെ തൂണിൽ കെട്ടിയിട്ടു് അടിച്ച അടി ഭയങ്കരമായിരുന്നു.

ദൂരെയുള്ള സ്കൂളിൽ അദ്ധ്യാപകജോലി നോക്കുന്ന മത്തായിസാർ വാരാന്ത്യത്തിൽ മാത്രമേ വീട്ടിൽ വരാറുള്ളു. തിങ്കളാഴ്ച വെളുപ്പിനു പോകുകയുംചെയ്യും. ആ കാലയളവിൽ പൊന്നുമോൻ വീട്ടിൽ വളരെ അച്ചടക്കത്തോടെ വർത്തിക്കും. യാതൊരു ശല്യവുമില്ല. അദ്ദേഹം ഇല്ലാത്ത ദിവസങ്ങളിൽ അവൻേറതാണാ സാമ്രാജ്യം. സാറാമ്മയുടെ ചൊല്ലുവിളിയിൽ അവൻ നില്ക്കുകയില്ല. അവർ അവൻെറ കാലുപിടിച്ചു കരഞ്ഞപേക്ഷിച്ചിട്ടുണ്ടു്. അവൻ വക

വയ്ക്കുകയില്ല. അമ്മയുടെ താക്കോൽ ചൂണ്ടി പെട്ടിയിൽ നിന്നു് അവൻ കാശു മോഷ്ടിക്കും. അല്ലെങ്കിൽ കുരുമുളകോ തേങ്ങയോ മോഷ്ടിച്ചു വില്ക്കും. പുസ്തകം വാങ്ങാനെന്ന പേരിൽ അവൻ സാറാമ്മയോടു കാശു വാങ്ങി കൊണ്ടുപോയി ചീട്ടുകളിക്കും. ആഴ്ചയിൽ ഒരു ദിവസമെങ്കിലും അവൻ വഴക്കുണ്ടാക്കും. അതിനു് അയല്ക്കാരോടു് അച്ചാപോററി പറയേണ്ടതു സാറാമ്മയാണു്. മത്തായിസാറിൻെറ മകനാണല്ലോ എന്നു കരുതി കാപ്പിക്കടക്കാർ അവനു കടംകൊടുക്കും. മത്തായിസാറിൻെറ ലററർപേപ്പറിൽ കള്ളയൊപ്പിട്ടു് അവൻ പലരോടും കാശു വാങ്ങിയിട്ടുണ്ടു്. അവനെ ഗുണദോഷിക്കാത്തവരില്ല. പക്ഷേ, അവൻ നന്നാവുകയില്ല എന്നു ദൃഢവ്രതംചെയ്തിരിക്കയാണെന്നു തോന്നും. എത്രയെന്നുവച്ചാണു ഗുണദോഷിക്കുന്നതു്? ശിക്ഷിക്കുന്നതിനും ഒരതിരില്ലേ?

അവനെച്ചൊല്ലി നെഞ്ചത്തടിച്ചും കരഞ്ഞും വേദനതിന്നും മുപ്പത്തഞ്ചുകാരിയായ സാറാമ്മ ഒരു അറുപതുകാരിയുടെ ലക്ഷണത്തിലായി! നാല്പതുകാരനായ മത്തായിസാറിൻെറ തലമുടി അകാലത്തിൽ പഞ്ഞിപോലെ നരച്ചു. വളരെയേറെ ദാരിദ്ര്യം അനുഭവിച്ചു പഠിച്ച ഒരാളാണു മത്തായിസാർ. പട്ടിണി എന്തെന്നു് അദ്ദേഹം രുചിച്ചറിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു തൻെറ കുഞ്ഞുങ്ങൾ ഒരിക്കലും പട്ടിണി കിടക്കരുതെന്നു് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ടു്. സ്വന്തമായി ഒന്നും സമ്പാദിക്കാൻ സാധിച്ചിട്ടില്ല. എങ്കിലും ഭാര്യയും കുഞ്ഞുങ്ങളും ഇന്നുവരെ അല്ലൽ എന്തെന്നു് അറിഞ്ഞിട്ടില്ല. ഏഴു കുട്ടികൾ കാലമായി. അവരെ പഠിപ്പിച്ചു് ഒരു നിലയിൽ എത്തിക്കണം എന്നു മാത്രമേ അദ്ദേഹം ആശിക്കുന്നുള്ളു. പള്ളിക്കൂടത്തിലെ ജോലിക്കു പുറമേ അദ്ദേഹത്തിനു് ഒരു കട

യിൽ കണക്കെഴുത്തും രണ്ടു വീടുകളിൽ ട്യൂഷനുമുണ്ട്. അദ്ദേഹത്തിന്റെ മുണ്ടും ഷർട്ടും കീറി മുഷിഞ്ഞാലും തന്റെ കുഞ്ഞുങ്ങളും ഭാര്യയും മോടിയായി വസ്ത്രധാരണംചെയ്യണമെന്ന് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ട്. ഒന്നുരണ്ടു സ്ഥലത്തെങ്കിലും കീറിത്തയിച്ചതായിരിക്കും അദ്ദേഹത്തിന്റെ ഷർട്ട്.

"നമ്മളൊരു നല്ല ഷർട്ടിട്ടു കാണാൻ എനിക്കൊരു കൊതി. "സാറാമ്മ മിക്കപ്പോഴും പറയാറുണ്ട്.

"നിങ്ങളൊക്കെ നല്ല വസ്ത്രം ധരിക്കാൻവേണ്ടി ഞാൻ കീറിയ ഷർട്ടു ധരിക്കണം. നിങ്ങൾ പട്ടിണി കിടക്കാതിരിക്കാൻവേണ്ടി ഞാൻ വിശക്കുന്നു. നിങ്ങൾ സുഖമായി ഉറങ്ങാൻവേണ്ടി ഞാൻ ഉറക്കിളയ്ക്കുന്നു." മത്തായിസാർ പറയും.

മത്തായിസാർ ഇന്നു വരുമെന്ന് എന്തെങ്കിലും ഊഹമുണ്ടായിരുന്നെങ്കിൽ പൊന്നുമോൻ ചീട്ടുകളിക്കാൻ പോകുകയില്ലായിരുന്നു.

"എടീ കുഞ്ഞമ്മേ, ആ പെഴപെട്ടവനെ ഇങ്ങു വിളിക്ക്." മത്തായിസാർ ഇളയ മകളോടു പറഞ്ഞു.

"ഇച്ചാച്ചനെ തല്ലുമോ അപ്പച്ചാ?" കുഞ്ഞമ്മയ്ക്കു പേടിയായി.

"ഇങ്ങു വിളിച്ചുകൊണ്ടുവരാനല്ലേ പറഞ്ഞത്." മത്തായിസാറിന്റെ സ്വരം ഉയന്നു. കുഞ്ഞമ്മ ഓടിപ്പോയി. സാറാമ്മയ്ക്കു് ഒന്നും മിണ്ടാൻ ത്രാണിയില്ലെന്നായി. ഭയങ്കരമായ ഒരു കൊടുങ്കാറ്റ് ഇരച്ചുവരുന്നതുപോലെ തോന്നി.

"നീ അവനെ കൊലയ്ക്കു കൊടുക്കുമല്ലോടീ മൂധേകാലി." ലൂസിയോടു സാറാമ്മ അരിശപ്പെട്ടു.

"ഇച്ചാച്ചനെന്തിനാ എന്റെ ചായപ്പെൻസിൽ ഒടിച്ചുകളഞ്ഞതു്?"

"നിൻെറ ചായപ്പെൻസിൽ—"

"ലൂസീ..." മത്തായിസാർ തിരിയെ തിണ്ണയി ലേക്കു നടന്നുകൊണ്ടു വിളിച്ചു. "ഒരു നല്ല കാഞ്ഞിര ക്കമ്പു് ഇങ്ങു വെട്ടിക്കോണ്ടുവന്നേയ്."

ലൂസിക്കും ഭീതിയുണ്ടായി.. അവളുടെ ചങ്കു പടപ ടെന്നു് അടിക്കുകയായി. സംഗതി ഇത്രകണ്ടു വഷളാകു മെന്നു് അവൾ പ്രതീക്ഷിച്ചിരുന്നില്ല. അപ്പച്ചൻ ഇച്ചാ ച്ചനെ തല്ലരുതേ എന്നു പ്രാൎത്ഥിച്ചുകൊണ്ടാണു് അവൾ പിച്ചാത്തിയുമായി കാഞ്ഞിരത്തിൻെറ ചുവട്ടിലേക്കു പോയതു്.

"എന്തിനാ അവനെ അടിക്കുന്നതു്?" വരാന്തയിൽ ചിന്താമഗ്നനായി താടിക്കു കൈയും കൊടുത്തിരിക്കുന്ന മത്തായിസാറിൻെറ മുമ്പിൽ ചൂടുള്ള ആനമാക്കു കാപ്പി ഒരു ഗ്ലാസിൽ കൊണ്ടുവന്നു വച്ചിട്ടു സാറാമ്മ സൗമ്യമായി അറിയിച്ചു.

"പിന്നെന്താ അവനെ തൊഴണോ?"

മുഖം അനക്കാതെ അദ്ദേഹം പറഞ്ഞു.

"അടിച്ചതുകൊണ്ടു് ഒരു പ്രയോജനവുമില്ല."

"അവൻ മരിക്കണം. എങ്കിലേ അവൻ നന്നാവൂ." തിളയ്ക്കുന്ന ചിന്തകളിൽനിന്നു പൊന്തിവന്നവയായിരുന്നു ആ വാക്കുകൾ.

"നമ്മുടെ കൎമ്മദോഷം. അല്ലാണ്ടു് എന്തു പറയാ നാണു്. പ്രായമാകുമ്പോൾ ഈ ദുഃശീലമൊക്കെ നീങ്ങു മാറിക്കും. കൎത്താവേ! ഞാനെത്ര പള്ളീൽ നേൎച്ച നേൎന്നു. എന്തുമാത്രം പ്രാൎത്ഥിക്കുന്നു. ഈ പ്രാൎത്ഥനമാത്രം ദൈവം കൈക്കൊള്ളാത്തതെന്തു്?"

"വീടിനും, നാടിനും, ദൈവത്തിനും കൊള്ളാത്തവ

നായിട്ടല്ലേ അവൻ വളരുന്നതു്. പിന്നെ ദൈവം എങ്ങ നെ നിൻെറ പ്രാൎത്ഥന കേൾക്കും? ഇന്നു നന്നാകും നാളെ നന്നാകും എന്നു വിചാരിച്ചു ക്ഷമിക്കാൻ തുടങ്ങിയിട്ടു നാളുകൾ, വൎഷങ്ങൾ എത്രയായി. പോട്ടെ, ഒരു ക്ലാസ്സി ലും തോല്ക്കാതെ അവൻ പഠിച്ചാൽ മതിയായിരുന്നു. ക്ഷമിച്ചേക്കാമായിരുന്നു. ഈ സ്ക്കൂൾഫൈനൽ പരി ക്ഷയ്ക്കു് അവൻ ജയിക്കുമെന്നു നിനക്കു വിചാരമുണ്ടോ?''

''എനിക്കറിഞ്ഞുകൂടാ, എൻെറ കൎത്താവേ!''

ഈൎക്കിലിനേക്കാൾ കുറേക്കൂടെ വലുതായ ഒരു കാഞ്ഞിരക്കമ്പും വെട്ടിക്കൊണ്ടാണു ലൂസി വന്നതു്.

''ഇതെന്തിനാടീ പല്ലുടകുത്താനോ?'' മത്തായി സാർ അതു വാങ്ങി നാലഞ്ചായി ഒടിച്ചു ലൂസിയുടെ പുറ ത്തേക്കൊരേറുകൊടുത്തു. അവൾക്കു നൊന്തു. എങ്കിലും ആശ്വാസപ്രദമായിരുന്നു അവൾക്കു് ആ നൊമ്പരം.

മത്തായിസാർതന്നെ വെട്ടുകത്തിയുമായി ചെന്നു തള്ളവിരൽ ഘനവും ഒരു മാർ നീളവുമുള്ള ഒരു വളഞ്ഞ കാഞ്ഞിരക്കമ്പു വെട്ടിയൊരുക്കിക്കൊണ്ടുവന്നു.

കുഞ്ഞമ്മ മുമ്പെയും പൊന്നുമോൻ പുറകെയുമായി വന്നു മുററത്തു കയറി. അവൻെറ മുഖത്തു ഭീതിയും ആശ ങ്കയും സ്പഷ്ടമായി നിഴലിച്ചിരുന്നു. പതിനേഴ വയസ്സുള്ള സുന്ദരനായ ഒരു ബാലൻ.

''എടാ,'' മത്തായിസാർ വിളിച്ചു. ആ സ്വരം പരു ഷമായിരുന്നില്ല, എങ്കിലും അതിനുള്ളിൽ ഒരു മഹാസമു ദ്രം ഇരമ്പി.

''എന്തോ!'' ഇളംതിണ്ണയിൽക്കൂടി പരുങ്ങിപ്പരുങ്ങി വന്നു് അവൻ തൂണിനടുത്തു നിന്നു.

''ഇങ്ങു കേറിവാടാ.'' മത്തായിസാർ എണീററു്

അവന്റെ കൈയ്യുപിടിച്ചു വരാന്തയിലേക്കു വലിച്ചുകയററിനിർത്തി.

എന്താണു സംഭവിക്കുന്നതെന്നറിയാൻ ഉല്ക്കണ്ഠയോടെ അങ്ങുമിങ്ങുമായി ആളുകൾ വന്നു നില്പുണ്ടായിരുന്നു; പൊന്നുമോന്റെ കളിച്ചങ്ങാതികൾ ഉൾപ്പെടെ.

"ന്റെ പൊന്നപ്പച്ചാ എന്നെത്തല്ലരുത്—ഇനി ഞാൻ ഒരിക്കലും ചീട്ടുകളിക്കാൻ പോകുകേല."

"അതെനിക്കറിയാം...കേറ് അകത്തേക്ക്—" അദ്ദേഹം അവനെ അകത്തെ മുറിയിലേക്കു കൊണ്ടുപോയി കതകടച്ചു കൊളുത്തിട്ടു.

"ഒന്നു തല്ലിയേച്ച് അവനെ ഇങ്ങു വിട്ടേക്ക്." സാറാമ്മ പുറത്തുനിന്നു ദയനീയമായി യാചിച്ചു. അകത്ത് അടി തുടങ്ങുന്നതിനുമുമ്പു ലൂസിയും കുഞ്ഞമ്മയും മററു പിള്ളേരും വലിയവായിലെ കരച്ചിൽ തുടങ്ങി.

"നിന്നോട്ട് ഇനി ഗുണദോഷിക്കാൻ എനിക്കു വാക്കുകളില്ല. ഞാൻ സഹികെട്ടു. ഒന്നുകിൽ നീ മരിക്കണം. അല്ലെങ്കിൽ ഈ നാടുവിട്ടുപോകണം."

"ഇനീം ഞാൻ ചീട്ടുകളിക്ക്യേലപ്പച്ചാ...പ്പച്ചാ... അയ്യോ..."

ആ കാഞ്ഞിരക്കമ്പു പല കഷണങ്ങളായി ഒടിയുന്നതുവരെ അവനെ അദ്ദേഹം തല്ലി. അവന്റെ തുട പൊട്ടി രക്തം ചിന്തി. സാറാമ്മ നെഞ്ചത്തടിച്ചു നിലവിളിച്ചു.

മത്തായിസാർ കതകു തുറന്നു. പൊന്നുമോനെ അദ്ദേഹം വലിച്ചുന്തി മുററത്തേക്കു തള്ളി.

"പൊയ്ക്കോ...ഇനി ഈ വീട്ടിൽ കയറിപ്പോകരുത്...പൊയ്ക്കോ. ജീവിതകാലം മുഴുവനും നീ ചീട്ടുകളിച്ചോ. തെണ്ടിയാകാൻ ജനിച്ചവനെ നല്ലവനാക്കാൻ ശ്രമിച്ചാൽ പററുമോ? എന്റെ പൊന്നുമോൻ പൊയ്ക്കോ..."

ഹൊ! എന്തൊരു കൊട്ടങ്കാററായിരുന്നു. അതു് ആ വീട്ടിൽ പുത്തരിയല്ല. എങ്കിലും ഇപ്രാവശ്യത്തെ അടി കുറെ കടന്നുപോയി.

മത്തായിസാറിൻെറ ഉള്ളിൽ ആ ചിന്തയുണ്ടായി. കുട്ടികളെ ദേഹോപദ്രവം ചെയ്യരുതെന്നും മനഃശാസ്ത്രപരമായി അവരെ കൈകാര്യംചെയ്യണമെന്നും മത്തായിസാറിനു് അറിയാൻ പാടില്ലാഞ്ഞയില്ല. കുട്ടികളെ വളൎത്തേണ്ടതിൻെറ രീതിയെപ്പററി അദ്ദേഹം വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ എഴുതിയിട്ടുണ്ടു്. പക്ഷേ, ചാരുകസേരകളിലിരുന്നും, പ്ലാററുഫോറങ്ങളിൽ നിന്നും ലോകോത്തരങ്ങളായ ആദർശങ്ങളെ ആൎക്കും വിളംബരം ചെയ്യാം. പ്രായോഗികജീവിതത്തിൽ അവയൊക്കെയും നിഷ്ഫലങ്ങളായിത്തീരുന്നു. നമുക്കു തോന്നുമ്പോൾ ദുഃഖിക്കാനോ കോപിക്കാനോ സന്തോഷിക്കാനോ സാധിക്കുമോ? വിവേകം വികാരങ്ങൾക്കു വഴിമാറിക്കൊടുക്കുന്ന ചില സന്ദൎഭങ്ങളുണ്ടു്, മനുഷ്യജീവിതത്തിൽ. അവിടെ ആദൎശങ്ങൾ അന്യരും പരദേശികളുമായിത്തീരുന്നു.

അന്നു് മത്തായിസാറിൻെറ വീട്ടിലുള്ളവർ ആരും അത്താഴം കഴിച്ചില്ല. നിതാന്തമായ മൂകതയെ നെടുവീൎപ്പുകളും തേങ്ങിക്കരച്ചിലുകളും അന്തരാന്തരം ഭഞ്ജിച്ചുകൊണ്ടിരുന്നു.

ദിവസങ്ങൾ കടന്നുപോയി. പൊന്നുമോൻെറ മുറിവുകൾ കരിഞ്ഞു. അങ്ങേപ്പറമ്പിലെ ചീട്ടുകളിസംഘം അവനെ പിന്നെയും ആകർഷിച്ചു. അവൻ പിന്നെയും അമ്മയുടെ പെട്ടിയിൽനിന്നു കാശു മോഷ്ടിക്കുകയും പണംവച്ചു ചീട്ടുകളിക്കുകയും ചെയ്തു.

മത്തായിസാർ ആ വിവരം അറിഞ്ഞു. അദ്ദേഹം ഒന്നും മിണ്ടിയില്ല. ഗുണദോഷങ്ങളും ശിക്ഷകളും പ്രാൎത്ഥ

നകളും വഴിപാടുകളും അവനെ നന്നാക്കുകയില്ല എന്ന് അദ്ദേഹത്തിന് അസന്ദിഗ്ദ്ധമാംവിധം ബോദ്ധ്യമായി. ചിലർ പറഞ്ഞു, അവനെ ദുർഗ്ഗുണപരിഹാരപാഠശാലയിലേക്ക് അയയ്ക്കണമെന്ന്. ചിലർ അഭിപ്രായപ്പെട്ടു, അവന്റെ ഉള്ളിൽ എന്തോ കൈവിഷമുണ്ടെന്ന്. ചിലർ പറഞ്ഞു, അവനു കിറുക്കാണെന്ന്; അവനു സുബോധമില്ലെന്ന്.

ഒരുദിവസം മത്തായിസാർ അദ്ദേഹത്തിൻെറ കിടക്കയും സാമാനങ്ങളുമായി വീട്ടിൽ വന്നു.

"ഞാൻ ഉദ്യോഗം രാജിവച്ചു." അദ്ദേഹം പറഞ്ഞു.

സാറാമ്മ ബോധംകെട്ടു നിലത്തുവീണു.

"പൊന്നുമോനേ," അദ്ദേഹം വിളിച്ചു.

"എന്തോ." അവൻ അകത്തുണ്ടായിരുന്നു.

"ഇങ്ങു വന്നേ."

അവൻ അദ്ദേഹത്തിൻെറ പുറകിൽ വന്നുനിന്നു.

"ഇന്നാ." അദ്ദേഹം പോക്കറ്റിൽനിന്ന് ഒരു പത്തുരൂപാനോട്ടെടുത്ത് അവൻെറ നേക്കു നീട്ടി.

"എന്തിനാപ്പച്ചാ ഇത്?"

"വാങ്ങിക്ക്."

അവൻ ആ നോട്ട് ഉൽക്കണ്ഠയോടെ വാങ്ങിച്ചു.

"എനിക്കിന്നുതൊട്ടുദ്യോഗമില്ല. അതുകൊണ്ട് ചെലവിന് എന്തെങ്കിലും മാർഗ്ഗം ഉണ്ടാക്കണം. നീ നാളെത്തൊട്ടു സ്കൂളിൽ പോകണ്ടാ. സ്കൂൾഫൈനൽ പരീക്ഷയെങ്കിലും ജയിച്ച് നിന്നെ ഒരു ചെറിയ ജോലിയിലെങ്കിലും ആക്കാമെന്നും അങ്ങനെ എനിക്കൊരാശ്വാസം ഉണ്ടാകുമെന്നും ഞാൻ പ്രതീക്ഷിച്ചിരുന്നു. അതു സാദ്ധ്യമല്ല എന്ന് എനിക്കു ബോദ്ധ്യമായി. നിൻെറ വാസന ചീട്ടുകളിയിലും മോഷണത്തിലും ആണെന്ന്

എനിക്കു മനസ്സിലായി. ഇതു ഞാൻ കുറേക്കൂടെ നേരത്തെ മനസ്സിലാക്കേണ്ടതായിരുന്നു. സാരമില്ല, അതുകൊണ്ടു നീ ഈ രൂപാ കൊണ്ടുപോയി ചീട്ടു കളിച്ചുകൊള്ളുക. സൗകര്യമുണ്ടെങ്കിൽ പിടികൊടുക്കാത്ത രീതിയിൽ മോഷ്ടിക്കുകയും ചെയ്തുകൊള്ളുക. എങ്ങനെയെങ്കിലും ഇവിടത്തെ ചെലവിനുള്ള വക നീ അന്വേഷിച്ചു കൊണ്ടുവരണം. എന്നെക്കൊണ്ട് ഇനി ഒരു നിവൃത്തിയുമില്ല. നിന്നെ ഇന്നാള് അടിച്ചതിന് നീ എനിക്കു മാപ്പുതരണം."

പൊന്നുമോൻ ജീവച്ഛവംപോലെ നിന്നുപോയി. അപ്പച്ചൻ തമാശപറയുകയാണെന്ന് അവൻ സങ്കല്പിച്ചു. തമാശയല്ലായിരുന്നു.

പിറ്റേന്നു രാവിലെ അവൻ പുസ്തകവുമായി സ്കൂളിൽ പോകാൻ ഭാവിക്കുന്നതു കണ്ട് മത്തായിസാർ പറഞ്ഞു: "മോനേ, നീ സ്കൂളിൽ പോകണ്ടാ...ഫീസ് തരാൻ എനിക്കു നിവൃത്തിയില്ല. വെറുതെയെന്തിനു സമയം പാഴാക്കുന്നു?...പഠിച്ചു പാസ്സായി അന്തസ്സായി ജീവിക്കാൻ നിനക്കു യോഗമില്ല മോനെ...എന്തുചെയ്യാം...സ്കൂളിൽ പോകണ്ടാ."

എങ്കിലും അമ്മയുടെ നിർബ്ബന്ധപ്രകാരം അവൻ ഒളിച്ചു സ്കൂളിൽ പോയി.

പിന്നീട് അനേകദിവസത്തേക്ക് മത്തായിസാർ അവനോടു മിണ്ടിയിട്ടില്ല. ഒരു ദിവസം അദ്ദേഹം അവന്റെ മുറിയിൽ കയറി നോക്കി. ഭിത്തിയിൽ ഒരു വാചകം കണ്ടു. പെൻസിൽകൊണ്ട് എഴുതിവെച്ചിരിക്കുന്നു. "ഇനി ഞാൻ മരിക്കുന്നതുവരെ ചീട്ടുകളിക്കുകയില്ല."

രണ്ടാഴ്ചത്തെ അവധി കഴിഞ്ഞു് മത്തായിസാർ വീണ്ടും ജോലിക്കു പോയി.

പൊന്നുമോൻ പരീക്ഷയ്ക്കു ചേരുകയും ഒന്നാംക്ലാസ്സിൽ പാസ്സാകുകയും ചെയ്തു.

വീട്ടിനു വെള്ളപൂശാൻ വന്ന ആളിനോട്ട് മത്തായിസാർ പറഞ്ഞു: "ആ ചുവരിലെ വാചകത്തിൻെറ മുകളിൽ വെള്ള പൂശണ്ടാ."

# കവർചിത്രം

"ആ പുറകിൽ വലത്തുനിന്നു മൂന്നാമത്തു നില്ക്കുന്ന ആൾ...അതെ, തല കുറേക്കൂടെ താഴ്ത്തി — അത്രയും വേണ്ടാ...ങാ...ഇരിക്കുന്ന...ആ സാരി നേരെ...മതി." ഫോട്ടോഗ്രാഫർ സോമരാജ് വീണ്ടും കറുത്ത തുണിയുടെ ഉള്ളിൽ തല മറച്ചു ക്യാമറായ്ക്കുള്ളിൽക്കൂടി ആ ഗ്രൂപ്പിലേക്കു നോക്കി.

നടുക്ക് ഒരു മദ്ധ്യവയസ്ക, ഇടത്ത് ഒരു മുപ്പതുകാരി; അവരുടെ മൂത്ത മകളായിരിക്കണം. വലത്ത് ഒരു ഇരുപത്തഞ്ചുകാരൻ, ഫുൾസൂട്ടിലാണ് ഇരിപ്പ്; സുമുഖനാണ്; ചെറിയ മേൽമീശയുണ്ട്; അത് അവരുടെ മകനായിരിക്കണം. അവന്റെ വലത്തുവശത്തായി ഒരു പതിനേഴുകാരി; ഒരുപക്ഷേ, പതിനെട്ടുകാരിയാണെന്നും വരും; ഒരു സിനിമാതാരത്തെപ്പോലെ മനോഹരിയായിരിക്കുന്നു. ഓറഞ്ചുനിറം; കട്ടംചെമപ്പുപാവാടയും ബ്ളൗസും; ഇളം നീല നൈലോൺ സാരി ചുററിയിരിക്കുന്നു; കാതുകളുടെ തട്ടുകളിൽ ഓരോ മോതിരവളയും; ചുരുണ്ട തലമുടി രണ്ടു വശത്തുമായി പിന്നി തുമ്പുകൾ തലയിൽത്തന്നെ ഘടിപ്പിച്ചിരിക്കുന്നു. ആ തുമ്പുകൾ സന്ധിക്കുന്നിടത്തു മുല്ലപ്പൂക്കളുടെ കോർമ്പലുകൾ ഞാന്നുകിടക്കുന്നു. ഇളംപച്ച റിബണുകൾ നാലു മടക്കിട്ടു കെട്ടിവച്ചിരിക്കുന്നു. ചെവിയുടെ അരികിൽനിന്നു കവിളിലേക്കു തലമുടിയുടെ ഒരു പിണ്ണി താഴോട്ടുവീണു കവിളിനെ ഉരുമ്മുന്നു; നെററിയിൽ അളകങ്ങൾ അങ്ങനെ തുമ്പിതുള്ളുന്നു. മുഖത്തു പൗഡർ പൂശിയിട്ടുണ്ട്. ചിറികളിൽ ചെമന്ന ചായം പുരട്ടിയതാണോ, അതോ അതു സ്വതസ്സിദ്ധമായ നിറമാണോ എന്നറിഞ്ഞില്ല.

പുറകിൽ കുറെ ആണുങ്ങളും പെണ്ണുങ്ങളും നില്പുണ്ടു്; മുമ്പിൽ നാലഞ്ചു കുട്ടികൾ ഓരം ചെരിഞ്ഞും ചമ്രം പടിഞ്ഞും ഇരിക്കുന്നു; മദ്ധ്യവയസ്കയുടെ മടിയിൽ ഒന്നര വയസ്സായ ഒരു കുട്ടിയുണ്ടു്. ആണോ പെണ്ണോ എന്നു തീർച്ചയില്ല.

"അതാ താഴെയിരിക്കുന്ന കുട്ടി...അതെ, കൈ താത്തിട്ടു്." സോമരാജ് കറപ്പുശീലയുടെ ഉള്ളിൽനിന്നു തല ഒരു വശത്തേക്കു നീട്ടിക്കൊണ്ടു നിർദ്ദേശിച്ചു.

കുട്ടികളുടെ ഇരിപ്പു് എന്നിട്ടും പന്തിയാകുന്നില്ല. പരീക്ഷിരിക്കുഞ്ഞുങ്ങൾ ഉൾപ്പെടുന്ന ഗ്രൂപ്പിന്റെ ഫോട്ടോയെടുക്കുക വളരെ വിഷമമാണു്; അരിശംവരും.

സോമരാജ് വീണ്ടും ആ സ്ഥലത്തേക്കു നടന്നുചെന്നു; കൊച്ചുകുട്ടികളേയും പുരുഷന്മാരേയും അവൻ നേരേ ചൊവ്വേയിരുത്തി. അവരുടെ തലകൾ അവൻ പിടിച്ചു മേല്പോട്ടും കീഴ്പോട്ടും വലത്തോട്ടും ഇടത്തോട്ടും ഒക്കെ തിരിച്ചുവച്ചു. അവരും മടുത്തു. നേരം കുറേയായി. പെണ്ണുങ്ങളോടു പറയുകയല്ലാതെ തൊടാൻ പററുമോ.

അവനിപ്പോൾ ഒരെട്ടു പ്രാവശ്യമെങ്കിലും ആ പതിനേഴരക്കാരിക്കു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടാവും. വാസ്തവത്തിൽ അവൾ തിരിഞ്ഞിരുന്നാലും ഫോട്ടോയിൽ അഴകുള്ളവളായിരിക്കും. അവളുടെ ഓരോ അവയവവും, അതിലെ ഓരോ പരമാണുവും, അവളുടെ ശ്വാസംപോലും അനവദ്യമനോഹരങ്ങളാണു്. ശ്വാസം ഫോട്ടോയിൽ പതിയുകയില്ലല്ലൊ.

"എയ്, ഞങ്ങൾ ഇനി എത്ര മണിക്കൂർ ഇങ്ങനെയിരുന്നു വിയർക്കണം?" സൂട്ടുകാരൻ ക്ഷമയുടെ നെല്ലിപ്പലകയിൽ നിന്നാണു വിളിച്ചുചോദിച്ചതു്.

“റെഡി.” സോമരാജ് അവന്റെ ക്യാമറയുടെ പുറകിലേക്കുതന്നെ മടങ്ങി. മൂന്നു കാലും ഒററക്കണ്ണും ഉള്ള ആ കറുത്ത സത്വത്തിനു് അനക്കമില്ല. “എല്ലാവരും ഒന്നു ചിരിച്ചാട്ടെ.” ചിലർ പുഞ്ചിരിക്കാൻ ശ്രമിച്ചു. ചിലരുടെ മുഖം കെറുവിച്ചുതന്നെയിരുന്നു. മദ്ധ്യവയസ്കയുടെ മടിയിലിരുന്ന കുട്ടി പതുക്കെ ഞെളിപിരികൊള്ളാനും മോങ്ങാനും തുടങ്ങി.

നാശം!

അതിനെ മുപ്പതുകാരി കൈപ്പററി. കരച്ചിൽ നില്ക്കുന്നില്ല. അവിടെനിന്നും അതിനു പുറകിലത്തെ നിരയിലേക്കു സ്ഥലംമാററം ലഭിച്ചു. മീശക്കാരനായ ഒരു നാല്പതുകാരൻെറ കൈയിൽ അതു് അമന്നു. മുപ്പതുകാരിയുടെ ഭർത്താവും, ആ ചീവീടിൻെറ തന്തയും ആയിരിക്കാം ആ മീശക്കാരൻ.

“എല്ലാവരും ഇങ്ങോട്ടു നോക്കു്.” സോമരാജ് കൈയടിച്ചു.

“ഓ, ഇതിനകത്തു് ഒരു പഞ്ചവർണ്ണക്കിളിയുണ്ടു്.”

ചീവീടുൾപ്പെടെയുള്ള ആ ചെറുസംഘം ക്യാമറായുടെ കണ്ണിലേക്കുതന്നെ നോക്കി. സോമരാജ് ഒരിക്കൽക്കൂടെ മൂടുപടം നീക്കി അവരെ നോക്കി. അവൻെറ നോട്ടങ്ങളിൽ അറുപതു ശതമാനവും പതിച്ചതു് ആ പാവാടക്കാരിയുടെ മുഖത്തേക്കുംമററുമായിരുന്നു.

ക്ലിക്ക്!

ആവൂ! ആ സംഘം ദീർഘമായൊന്നു നിശ്വസിച്ചു.

“ഒന്നുകൂടെ.” സോമരാജ് അറിയിച്ചു. രണ്ടാമത്തേതിനു് ആദ്യത്തേതുപോലുള്ള കഷ്ടപ്പാടുകൾ ഉണ്ടായില്ല.

“ഒന്നുകൂടെ, പ്ലീസ്!”

മൂന്നാമത്തൊന്നെടുക്കുക ഫോട്ടോഗ്രാഫിയിൽ സാധാരണമല്ല.

അവൻ ക്യാമറാ അവരുടെ മുമ്പിലേക്കു കുറേക്കൂടെ അടുപ്പിച്ചു. കറുത്ത മൂടുപടത്തിനുള്ളിൽക്കൂടി അവൻ നോക്കി. അവൻ ലെൻസ് ഫോക്കസ്ചെയ്തിരിക്കുന്നതു് ആ സുന്ദരിപ്പെണ്ണിൽ മാത്രമാണെന്ന രഹസ്യം സൂട്ടുകാരൻപോലും മനസ്സിലാക്കിയോ എന്നു സംശയം. മൂന്നാമത്തെ ക്ലിക്കും കഴിഞ്ഞു. അങ്ങനെ പടമെടുപ്പുയജ്ഞം വിജയകരമായി സമാപിച്ചു.

മീനത്തിലെ സുന്ദരമായ സായാഹ്നമായിരുന്നു. അതും സുന്ദരമായൊരു നാട്ടിൻപുറം. പൊക്കംകൂടിയ മരങ്ങളുടെ ചില്ലകളിൽ മഞ്ഞവെയിൽ പതിച്ചുതുടങ്ങിയിരുന്നു. കുറെ മുമ്പുവരെ വെള്ളിപോലിരുന്ന പകലോൻ എപ്പോൾ എങ്ങനെ സ്വർണ്ണംപൂശി എന്നറിഞ്ഞില്ല. ആ രശ്മികളെ സമാഹരിച്ചു് ഉരുക്കിയാൽ സ്വർണ്ണം കിട്ടുമോ ആവോ!

എങ്കിലും ശകുന്തളയുടെ മുഖത്തു് സായാഹ്നരശ്മികൾ പതിഞ്ഞപ്പോഴുണ്ടായ അഴകിനു സ്വർണ്ണത്തേക്കാൾ വിലയുണ്ടായിരുന്നു.

സോമരാജിനെ അവർ ചായയ്ക്കു ക്ഷണിച്ചു. ഡ്രൈവർമാരും ഫോട്ടോഗ്രാഫറന്മാരും സല്ക്കാരത്തിനു ക്ഷണിക്കപ്പെട്ടാൽ പങ്കുകൊള്ളാറില്ല. അതിൻെറ രഹസ്യം എന്തെന്നു് അവർക്കു മാത്രമേ അറിഞ്ഞുകൂടു. പക്ഷേ, ആ വഴക്കത്തെ ലംഘിക്കാൻതന്നെ അവൻ തീരുമാനിച്ചു. കുറേ നേരത്തേക്കുകൂടി ആ അപ്സരസ്സിന്റെ സാമീപ്യസുഖം അനുഭവിക്കാമല്ലൊ.

അവൻെറ കണ്ണുകൾ ആർത്തിയോടെ ആ സൗന്ദര്യം മോന്തിക്കുടിക്കുകയായിരുന്നു; ചായ കുടിച്ചതു് അവൻ

UNIVERSITY LIBRARY 11 FEB 1975

അറിഞ്ഞതേയില്ല. ശകുന്തള അവൻെറ നേരെ ഒരു കടക്കണ്ണ് എറിയുകയുംചെയ്തു. പോരെ?

"ഞങ്ങളുടെ ഫോട്ടോ നന്നായിരിക്കുമോ?" ശകുന്തള അവൻെറ അടുത്തു വന്നുനിന്നുകൊണ്ടു ചോദിച്ചു.

"നന്നായിരിക്കണം." അവൻ പറഞ്ഞു.

"നാളെത്തരാമോ?"

"നാളെ പ്രൂഫ് ശരിപ്പെടും."

"ഒരു പത്തു കോപ്പി വേണം." സൂട്ടുകാരൻ അപ്പുനായർ അറിയിച്ചു. അവനു് അടുത്തയാഴ്ചയിൽ മലയായിലേക്കു മടങ്ങിപ്പോകണം. അതിനുവേണ്ടിയാണു് അപ്പനീ ഫോട്ടോ എടുപ്പിച്ചതുതന്നെ. അവൻെറ കൈയിൽ ഒരു ചെറിയ ക്യാമറാ ഉണ്ടു്. അതു ശകുന്തളയെന്ന അവന്റെ പെങ്ങൾ തിരിച്ചുമറിച്ചും കുലുക്കിയും കേടുവരുത്തിക്കളഞ്ഞു. അതിനു് അവളുടെ ചെവി അവൻ തിരുമ്മി പൊന്നാക്കുകയും ചെയ്തിരിക്കുകയാണു്.

ശകുന്തളയുടെ കോളേജുപഠനം കഴിഞ്ഞു് അവളേയും രാധയേയും അമ്മയേയും മലയായിലേക്കു കൊണ്ടുപോകണമെന്നാണു് അപ്പുവിൻെറ പ്ലാൻ. അടുത്ത കൊല്ലം അവധിക്കു വരുമ്പോഴാകട്ടെ എന്നാണു നിശ്ചയം.

മനോഹരമായ ആ കൊച്ചുബംഗ്ലാവു വില്ക്കുണ്ടാ, ആക്കേണ്ടെങ്കിലും വാടകയ്ക്കുകൊടുത്താൽ മതിയെന്നാണു് അമ്മ പറയുന്നതു്. "മതിയെങ്കിൽ മതി." എന്നു് അപ്പുവും സമ്മതിച്ചിരിക്കുകയാണു്.

ശകുന്തളയ്ക്കു വിവാഹപ്രായമായി. അമ്മയും അവളും മാത്രമേയുള്ളു വീട്ടിൽ. ഒന്നും പേടിക്കാനില്ല. അടുത്തു തന്നെ അമ്മാവൻ താമസമുണ്ടു്. അദ്ദേഹം ഒരു റിട്ടയാർഡ് മജിസ്ട്രേട്ടാണു്. സിംഗപ്പൂരിൽ ഒരു നല്ല ഉദ്യോഗമുള്ള ചെറുപ്പക്കാരനെ അപ്പു കണ്ടുവച്ചിട്ടുണ്ടു്.

സോമരാജിനു് ആ കുടുംബത്തിൻെറ സ്ഥിതി ഏതാണ്ടൊക്കെ മനസ്സിലായി. വലിയ പ്രതാപവും ആഭിജാത്യവുമുള്ള ഒരു നായർകുടുംബം.

മനസ്സില്ലാമനസ്സോടെയാണു സോമരാജ് അവിടെനിന്നു പിരിഞ്ഞതു്. എന്നും അവിടെ ഫോട്ടോ എടുപ്പുണ്ടായിരുന്നെങ്കിൽ!

"എൻെറ ഒരു പടമെടുക്കാമോ സാറിനു്?" പടി ഇറങ്ങാറായപ്പോൾ ഒരു ചോദ്യം കേട്ടു് അവൻ തിരിഞ്ഞുനോക്കി. തൈത്തെങ്ങിനു വെള്ളം ഒഴിച്ചുകൊണ്ടു നില്ക്കുന്ന വേലക്കാരനാണു്. അവൻെറ കൈയിൽ ഒരു മൺകുടമുണ്ടു്. സായംസന്ധ്യയ്ക്കു് അഭിമുഖമായി നില്ക്കുന്ന ആ പുലയയുവാവു് എണ്ണക്കറുമ്പനെങ്കിലും പരമകോമളനാണു്. എന്തൊരു വടിവൊത്ത ശരീരം. ഈട്ടിത്തടികൊണ്ടു ഭംഗിയായി കടഞ്ഞെടുത്തതുപോലെ. അവൻെറ ഒരു ഫോട്ടോ എടുത്താൽ കൊള്ളാമെന്നു സോമരാജിനു തോന്നാതിരുന്നില്ല. എങ്കിലും എടുത്തില്ല.

"നിൻെറ പേരെന്താ?"

"അഴകൻ."

"നീ അഴകൻതന്നെ. ഇനി വരുമ്പോഴാകട്ടെ നിൻെറ ഫോട്ടോ എടുത്തുകളയാം. കേട്ടോ."

"ഓ." അഴകൻ മൂളി.

സോമരാജ് ഒരിക്കൽക്കൂടി ആ ബംഗ്ലാവിലേക്കു നോക്കി. മട്ടുപ്പാവിൽ അവൾ നില്പുണ്ടായിരുന്നു—ശകുന്തള. കനകരശ്മികളിൽ അവൾ മുങ്ങിനില്ക്കുകയായിരുന്നു.

എത്രയോ ഗ്രൂപ്പ്ഫോട്ടോകൾ അവൻ എടുത്തിട്ടുണ്ടു്. എത്രയോ സുന്ദരിമാർ അവൻെറ ഫിലിമിൽ പതിഞ്ഞിട്ടുണ്ടു്. എങ്കിലും ഫിലിമിലും രാജൻെറ ഹൃദയ

ത്തിലും ഏകകാലത്തു പതിഞ്ഞ ചിത്രം ശകുന്തളയുടേതു മാത്രമായിരുന്നു.

ആ ഫോട്ടോ അവൻ ഡവലപ്പ് ചെയ്തു; എൻലാർജ്ജുചെയ്തു—പുരാണത്തിലെ ശകുന്തളയെക്കാൾ അവൾ സുന്ദരിയായിരിക്കുന്നു. അവൻ ആ ഫോട്ടോ കളർചെയ്തു.

ഏതാനും ആഴ്ചകൾ കഴിഞ്ഞു് ശകുന്തളയുടെ ആ ഫോട്ടോ ഒരു ഫിലിംമാസികയുടെ കവർപേജിൽ പ്രത്യക്ഷപ്പെട്ടു. ശകുന്തളയും അവളുടെ കുടുംബത്തിലുള്ളവരും അതു കണ്ടു സന്തോഷിക്കുമെന്നായിരുന്നു അവന്റെ പ്രതീക്ഷ. പക്ഷേ, അനുഭവം മറിച്ചായിരുന്നു.

റിട്ടയാർഡ് മജിസ്ട്രേട്ടദ്ദേഹത്തിനു് അതു് അപമാനമായിത്തോന്നി. തൻെറ അനന്തരവളുടെ പടം ഫിലിം മാസികയുടെ പുറത്തു് അച്ചടിച്ചതു് അദ്ദേഹത്തിനു് അപമാനകരമാണു്. നല്ല ആളുകൾ ആരും വായിക്കാത്ത ഒന്നായിരുന്നു ആ ഫിലിംമാസിക. മാസികയുടെ ഉടമസ്ഥനെയും സ്റ്റുഡിയോ ഉടമസ്ഥനെയും പ്രതികളാക്കി ശകുന്തളയുടെ അമ്മാവൻ മാനനഷ്ടക്കേസ്സു കൊടുത്തു. ഒടുവിൽ അവർ ക്ഷമായാചനംചെയ്യുകയും, മാസികകളുടെ കോപ്പികൾ തിരിയെ വാങ്ങിച്ചു നശിപ്പിക്കുകയും ചെയ്തു. സോമരാജിനെ റിട്ടയാർഡ് മജിസ്ട്രേട്ടിൻെറ ആൾക്കാർ വഴിക്കിട്ടു തല്ലുകകൂടെ ചെയ്തു. അതു സഹിക്കാമായിരുന്നു. സ്റ്റുഡിയോവിലെ അവൻെറ ജോലിയും നഷ്ടപ്പെട്ടു.

ശകുന്തളയ്ക്കു് അവൻ ഒരെഴുത്തെഴുതി: "ഭയങ്കരീ, നിൻെറ അഴകിൻെറ പിന്നിൽ ഒരു പിശാചു് ഒളിച്ചിരിപ്പുണ്ടെന്നു ഞാൻ അശേഷം നിനച്ചിരുന്നില്ല..." ഒടുവിൽ അവൻ എഴുത്തു വലിച്ചുകീറിക്കളഞ്ഞു. എന്നിട്ടിങ്ങനെ എഴുതി: "അഴകേ, നീ എന്നെ ഓർക്കുന്നില്ലായി

രിക്കാം. നിൻെറ ഫോട്ടോ എന്നെ വഴിയാധാരമാക്കി. എങ്കിലും ആ ഫോട്ടോ എന്റെ ഹൃദയത്തിൽനിന്നു് എടു ത്തുമാററാൻ ലോകത്തിൽ ഒരു ശക്തിക്കും—നിനക്കുപോ ലും—സാദ്ധ്യമല്ല. നീ എന്നെ വെറുത്താലും നിന്നെ ഞാൻ എന്നും ആരാധിക്കും—സോമരാജ്!''

എഴുത്തയച്ചു. ആ എഴുത്തെങ്ങാൻ ആ റിട്ടയാർഡ് ഭയങ്കരൻെറ കൈയിൽ കിട്ടിയാൽ? ഭാഗ്യവിശേഷം എന്നേ പറയേണ്ടു. രണ്ടാഴ്ച കഴിഞ്ഞിട്ടും അതേപ്പറ്റി ഒരു വിവരവും ഉണ്ടായില്ല. ഒടുവിൽ അവനു് അവളുടെ ഒരെഴുത്തു കിട്ടി. അഴകൻവശം അവൾ കൊടുത്തയയ്ക്കുക യായിരുന്നു. പിന്നത്തെ ആഴ്ചയിൽ ഒരത്ഭുതമുണ്ടായി. പത്രങ്ങളിൽ ശകുന്തളയുടെ ഫോട്ടോ. അതിൻെറ അടി യിൽ റിട്ടയാർഡിൻേറതായ ഒരു പരസ്യവും. ''ഈ ചി ത്രത്തിൽ കാണുന്ന ശകുന്തള എന്ന എന്റെ അനന്തരവളെ മൂന്നു ദിവസമായി കാണുന്നില്ല. കണ്ടുകിട്ടുന്നവർ വിവ രം എന്നെയോ അടുത്ത പോലീസ്സ്റ്റേഷനിലോ അറി യിക്കുക.''

അടുത്ത ആഴ്ചയിൽ ശകുന്തളയേയും സോമരാജ് എന്ന ഫോട്ടോഗ്രാഫറേയും നൂറ്റിയിരുപതു മൈൽ അക ലെയുള്ള ഒരു ഹോട്ടലിൽവച്ചു് പോലീസ് കണ്ടുപിടി ച്ചു് അറസ്റ്റ്ചെയ്തു. വിവരം റിട്ടയാർഡറിഞ്ഞു. അയാൾ സ്ഥലത്തോടിയെത്തി. ആ വാർത്ത പത്രങ്ങളിൽ പരസ്യ പ്പെടുത്താതിരിക്കാൻ റിട്ടയാർഡിനു വളരെയേറെ പണം ചെലവായി.

ശകുന്തളയുടെ നഗ്നങ്ങളും അനഗ്നങ്ങളുമായ അനേ കം ഫോട്ടോകൾ സോമരാജ് എടുത്തിട്ടുണ്ടായിരുന്നു. ആ ഫോട്ടോകളും ഫിലിമുകളും നശിപ്പിച്ചുകളയുന്നതിനും,

ശകുന്തളയുമായുള്ള ബന്ധം റദ്ദുചെയ്യുന്നതിനും സോമരാജിനു് അയാളൊരു വമ്പിച്ച തുക കൊടുക്കേണ്ടിവന്നു.

ആ തുകകൊണ്ടു് അവനു സ്വന്തമായി ഒരു സ്റ്റുഡിയോ സ്ഥാപിക്കാൻ സാധിച്ചു.

ജയിൽവിമുക്തയായ ശകുന്തളയെ റിട്ടയാർഡ് അമ്മാവൻ കൈക്കുകൈ സിംഗപ്പൂരിലേക്കു കൊണ്ടുപോയി. അവിടെവച്ചു് അവളുടെ വിവാഹം നടന്നു എന്നു വാർത്ത സോമരാജ് പത്രങ്ങളിൽ വായിച്ചു. അവനു് അതിൽ ഒട്ടും ഖേദമുണ്ടായില്ല. മന്ദഹസിച്ചതേയുള്ളു. കാരണം, അവൻ അവളെയല്ല, അവളുടെ സൗന്ദര്യത്തെയാണു സ്നേഹിച്ചതു്. ആ സൗന്ദര്യം ക്ഷണികമാണെന്നും അവനറിയാമായിരുന്നു. എങ്കിലും അവന്റെ ഹൃദയത്തിൽ പതിച്ചിട്ടുള്ള അവളുടെ വർണ്ണചിത്രം അനശ്വരമായിരുന്നു. അതു് അവന്റെ ജീവിതത്തിന്റെ കവർചിത്രമായിരുന്നു.

# മഴപെയ്ത രാത്രി

വല്യത്തായയെ ആശുപത്രിയിലേക്ക കൊണ്ടുപോയി. കാളവണ്ടിയിലാണ കൊണ്ടുപോയതു്. നാലര മൈൽ അകലെയാണു് ആശുപത്രി. സെയ്തിനുംകൂടെ പോകണ മെന്നുണ്ടായിരുന്നു. അമ്മാ സമ്മതിച്ചില്ല. വീട്ടിൽ ആ രെങ്കിലും വേണം. പൂട്ടിയിട്ട പോയാലും വിശ്വസിക്കാൻ വയ്യാ. കള്ളന്മാൎക്ക പൂട്ട് ഒരു പ്രശ്നമല്ല. അതുകൊണ്ടു് സെയ്തു് വീട്ടകാവൽക്കാരനായി അവിടെത്തന്നെ തങ്ങേ ണ്ടിവുന്നു. അത്തായും അമ്മായും അണ്ണനും മദിനിയും കൂടെ പോയിരിക്കുകയാണു്.

സെയ്തിനെ ഒരു ബി.എ.ക്കാരനാക്കണമെന്നായിരു ന്നു വല്യത്തായുടെ മോഹം. ആ നല്ല മനുഷ്യൻ ഇനി തിരിച്ചുവരുമോ എന്നറിഞ്ഞില്ല. വയസ്സ് എൺപതു കഴിഞ്ഞു. കൂടെക്കൂടെ തലച്ചുററലും ബോധക്കേടും ഉണ്ടാ വുക. പരമകാരുണികനായ അള്ളാവിനോട്ട് അവൻ മനംനൊന്തു പ്രാൎത്ഥിച്ചു, വല്യത്തായ്ക്കു് ആപത്തൊന്നും വരുത്തരുതേയെന്നു്. ബി. എ. പാസ്സാകാൻ ഇനി രണ്ടു വൎഷംകൂടിയുണ്ടു്. അതു കഴിഞ്ഞു നിക്കാഹ്. അതുംകൂടി കണ്ടിട്ട കണ്ണടയ്ക്കണമെന്നേയുള്ളു വല്യത്തായുടെ ആശ. അത്തായ്ക്കു് സ്റ്റേഷനറിക്കച്ചവടമാണു്, ടൗണിൽ. ആ കടയിട്ടുകൊടുത്തതും വല്യത്തായയാണു്. പ്രായം കടന്നെ ങ്കിലും ഇന്നും വീട്ടകാൎയ്യങ്ങൾ നടത്തുന്നതു വല്യത്തായാ ണു്. പടച്ചവനേ! വല്യത്തായ്ക്കു് ഒരാപത്തും വരരുതേ!

നിക്കാഹിൻെറ കാൎയ്യം ഓൎക്കുമ്പോൾ സെയ്തിൻെറ ഉള്ളിൽ കിക്കിളിപാകും. പഠിത്തത്തിനു മിടുക്കനാണു സെയ്തു്. എന്നാൽ കണ്ടാൽ അത്ര സുന്ദരനല്ല. ഇളംകറുപ്പു

നിറമാണു്. രണ്ടു മുടമ്പല്ലുകളുണ്ടു്. ആ പല്ലു് എടുത്തു കളയാൻ സാധിക്കുമെന്നാണു പലരും പറയുന്നതു്. എടു ക്കണം. എല്ലാം ബി. എ. പാസ്സായിട്ടേ ഉള്ളൂ. പാസ്സാകും. കാരണം അവൻ ഇന്നോളം ഒരു ക്ലാസ്സിലും തോററിട്ടില്ല. വയസ്സു പത്തൊൻപതേ ആയുള്ളൂ. ഇരുപത്തൊന്നാമ ത്തെ വയസ്സിൽ ബി. എ. പാസ്സാകും. ആ രണ്ടു കൊല്ലം ഒന്നു വേഗം കടന്നുപോയിത്തന്നെങ്കിൽ, നല്ല സ്വത്തുള്ള വീട്ടിലെ പെണ്ണിനെ അവനു കല്യാണംകഴിക്കാൻ സാ ധിക്കും. സ്വത്തു കുറവാണെങ്കിലും പെണ്ണു സുന്ദരിയായി രിക്കണമെന്നു് സെയ്തിനു നിർബ്ബന്ധമുണ്ടു്. ഒരു സിനിമാ താരത്തെപ്പോലെയിരിക്കണം. മററാരാലും സ്നേഹിക്ക പ്പെടാത്തവളായിരിക്കണം.

തൻെറ സതീർത്ഥ്യർ പല പ്രേമകഥകളും പറഞ്ഞു കേട്ടിട്ടുണ്ടു്. അവനും ആരെയെങ്കിലും പ്രേമിച്ചാൽക്കൊ ള്ളാമെന്നു് ആശയില്ലാഞ്ഞിട്ടല്ല. പേടിയാണു്. അത്താ ഭയങ്കരനാണു്; അറിഞ്ഞാൽ കൊന്നുകളയും. അത്തായുടെ കോപത്തിൽനിന്നു് അവൻ സാധാരണ രക്ഷപ്പെടാറു ള്ളതു് വല്യത്തായുടെ ഇടപെടൽനിമിത്തമാണു്. ആ വല്യത്താ ഇതാ മരിക്കാൻതുടങ്ങുന്നു. പടച്ചവൻ അദ്ദേ ഹത്തിനു് ആയുസ്സു കൊടുക്കട്ടെ.

നേരം എരിഞ്ഞടങ്ങിയിട്ടില്ല. മീനത്തിലെ തെളി ഞ്ഞ സായാഹ്നമായിരുന്നു. വെള്ളിയാഴ്ചദിവസം. നാട്ടു മ്പുറം പ്രശാന്തവും സ്വച്ഛംപൂശിയതുമായിരുന്നു. സെയ്തു വരാന്തയിലെ ചാരുകസേരയിൽ ചിന്താമഗ്നനായി ഇരു ന്നു. കൈയിൽ ഒരു പുസ്തകമുണ്ടു്. പരീക്ഷയ്ക്കു പഠിക്കാ നുള്ളതാണു്. യാതൊരു ശല്യവും ഇല്ലാതെ ഏകാന്തത യിൽ ഇരുന്നു പഠിക്കുന്നതു് ആനന്ദപ്രദമാണു്. അങ്ങനെ യുള്ള ഏകാന്തതയ്ക്കുവേണ്ടി അവൻ എന്തുമാത്രം കൊതി

ച്ചിട്ടുണ്ടെന്നോ! ആ അപൂൎവ്വസന്ദൎഭം ഇതാ നിനച്ചിരിക്കാതെ വന്നുചേൎന്നിരിക്കുന്നു. പക്ഷേ, എന്തുകൊണ്ടോ വായിക്കാൻ തോന്നുന്നില്ല. തുറസ്സായ പടിഞ്ഞാറെ ആകാശത്തിൻെറ വൎണ്ണപ്പകിട്ടു നോക്കിക്കൊണ്ടു് ഇരിക്കുന്നതുതന്നെ ഒരു സുഖമാണു്. രാത്രിയാണെങ്കിൽ അവൻെറ സമ്പൂൎണ്ണമായ അധീനത്തിൽ അങ്ങനെ നീണ്ടുനിവൎന്നു കിടക്കുന്നു.

ആശുപത്രിയിൽ പോയവർ ഇന്നു തിരിച്ചുവരികയില്ല. ആശുപത്രിക്കു തൊട്ടടുത്തു് അവൎക്കൊരു ബന്ധുഭവനമുണ്ടു്. അവിടെ രാത്രി കഴിച്ചുകൂട്ടുമെന്നാണു് അച്ഛൻ പറഞ്ഞിരിക്കുന്നതു്. കുഗ്രാമത്തിലെ ഏകാന്തമായ വഴിയിൽക്കൂടി പെണ്ണുങ്ങളേയുംകൊണ്ടു യാത്രചെയ്യാൻ അത്താ സമ്മതിക്കുകയില്ല, വല്യത്താച്ചു സുഖമായാൽത്തന്നെ.

ആ സ്ഥിതിക്കു രാത്രിയിൽ അവൻ തനിച്ചായിരിക്കുമെന്നതു തീൎച്ച. പേടിക്കേണ്ട ആവശ്യമൊന്നുമില്ല. പിശാചുക്കൾ ഉണ്ടെന്നും, ഇല്ലെന്നും വാദിക്കുന്നവരുണ്ടു്. ഇല്ലെന്നുള്ള പക്ഷത്തേക്കാണു് സെസ്സിന്റെ ചായ്‌വ്. ഒരു പക്ഷേ, ഉണ്ടെന്നു വരാം; തീൎച്ചയില്ല. ഉണ്ടെങ്കിൽത്തന്നെയെന്തു്? രാത്രിയിൽ വന്നു് അവനെ പിടിച്ചു തിന്നുകളയുമോ? പിശാചുക്കൾക്കു മനുഷ്യരെ ഉപദ്രവിക്കണമെന്നുണ്ടെങ്കിൽ രാത്രിയിലേ ആകാവൂ എന്നില്ലല്ലോ. പകൽ എന്തുകൊണ്ടു പിശാചുക്കൾ ഇറങ്ങുന്നില്ല? അതിൻെറ സാരം അവറ്റകൾ ഭീരുക്കളാണെന്നല്ലെങ്കിൽ പിന്നെന്താണു്? സെസ്സിനു പിശാചുക്കളെ ഭയമില്ല. അല്ലെങ്കിൽ വരട്ടെ, എന്തുചെയ്യുമെന്നു് ഒന്നറിയാമല്ലോ. ആ ഭാഗത്തു് യക്ഷിയുണ്ടെന്നു ചില അന്ധവിശ്വാസികൾ പറയുന്നു; ഒരു ഫർലാങ്ങ് കിഴക്കുള്ള അമ്പലപ്പറമ്പിലെ കരിമ്പന

യിൽ ഒരു യക്ഷി പാക്കുന്നുണ്ടെന്നും, ചോരയും നീരുമുള്ള പല യുവാക്കളേയും, അതു തട്ടിക്കൊണ്ടുപോയി ആഹരിച്ചിട്ടുണ്ടെന്നും പരക്കെ വിശ്വസിക്കപ്പെട്ടുന്നു. പൊക്കം കൂടിയ ആ പനയുടെ തുഞ്ചത്ത് ഇതേവരെ ആരും കേറീട്ടില്ല. തലയോട്ടുകളും, തലമുടിയും, നഖങ്ങളും ആ പനഞ്ചോട്ടിൽ കാണപ്പെട്ടിട്ടുണ്ട് എന്നു പഴവന്മാർ പറയാറുണ്ട്. രാത്രികാലങ്ങളിൽ പരമസുന്ദരിയായ ഒരു യുവതിയുടെ വേഷത്തിൽ വിജനങ്ങളായ വഴികളിൽ കാണപ്പെട്ടുമെന്നും പല യുവാക്കളേയും അതു വശീകരിച്ചുകൊണ്ടുപോയി കൊന്നിട്ടുണ്ടെന്നും കേൾവിയുണ്ട്. വെള്ളിയും ചൊവ്വായും ആണത്രെ അവളുടെ വിഹാരദിവസങ്ങൾ. ഇന്നു് വെള്ളിയാഴ്ചയാണുതാനും.

അന്ധവിശ്വാസജടിലങ്ങളായ ഇത്തരം കെട്ടുകഥകൾ ആധുനികചിന്താഗതിക്കാരനായ സെയ്തിനെ സ്പർശിച്ചിട്ടേയില്ല. ഒരുദിവസം സെയ്തും ഒന്നുരണ്ടു കൂട്ടുകാരും കൂടി ആ കരിമ്പനയുടെ ചുവട്ടിൽച്ചെന്നു് കല്ലെടുത്തു് അതിൻെറ തുഞ്ചത്തേക്കു് എറിഞ്ഞു.

“ഏയ്, മിസ്സ് യക്ഷിയമ്മേ! ഗുഡ്മോർണിങ്!” എന്നു് അവർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. പക്ഷേ, ആവഴി വന്ന നാണിക്കണിയാട്ടി എന്ന മുതുക്കി ആ കാഴ്ച കണ്ടു് അന്ധാളിച്ചു്, “മുടിഞ്ഞ മക്കളേ, പനേൽ എറിയരുതു്, യക്ഷികോപം ഒണ്ടാവും.”

“യക്ഷിയെ കൈയിൽ കിട്ടിയിരുന്നെങ്കിൽ ഞങ്ങൾ അവളുടെ തലമുടിക്കുത്തിനു പിടിച്ചുനിലത്തടിച്ചേനെ.”

“ഉം, നിങ്ങൾ അനുബവിച്ചോളും പിള്ളേരെ, അനുബവിച്ചോളും, അല്ലേൽ നോക്കിക്കോ.”

ഒരനുഭവവുമുണ്ടായില്ല. മാസങ്ങൾ എട്ടു കഴിഞ്ഞു. സെയ്തു പലപ്പോഴും പനയുടെ തുഞ്ചത്തേക്കു നോക്കീട്ടുണ്ട്,

രാത്രികാലങ്ങളിൽ. കിഴക്കേ വരാന്തയിൽനിന്നു നോക്കിയാൽ ആ പനയുടെ തുഞ്ചം കാണാം.

അവൻ പുറകുവശത്തേക്കു നടന്നു. കിഴക്കോട്ടു നോക്കി. ആ കരിമ്പനയുടെ ഓലകളെ സയാഹ്നരശ്മികളും ഇളംതെന്നലും തലോടുന്നു.

ഈ ഇരുപതാംനൂററാണ്ടിൽ, ഈ ശാസ്ത്രീയയുഗത്തിൽ. ഇങ്ങനെയുള്ള മൂഢവിശ്വാസങ്ങൾ വച്ചുപുലത്തുന്നവരും ഉണ്ടല്ലോ. അങ്ങനെയുള്ളവരോടു സെയ്തിനു സഹതാപമേ തോന്നിയുള്ളു.

പുസ്തകവും കൈയിൽ പിടിച്ചുകൊണ്ടു് അവൻ ചാരുകസേരയിൽത്തന്നെ ഇരുന്നതേയുള്ളു. പൊന്നിൻെറ പൊടിപൂശിയ ആകാശത്തിൽ കത്രികപ്പക്ഷികൾ കിളികളിക്കുന്നു. കുറേ മേഘങ്ങൾ കൂടീട്ടുണ്ടു്. സൂര്യൻ തൻെറ രശ്മികളാകുന്ന ബ്രഷുകൊണ്ടു് ആ മേഘങ്ങളുടെ മേൽ വർണ്ണചിത്രങ്ങൾ വരച്ചുകൊണ്ടിരുന്നു.

"ദൈവമേ വല്യത്താത്തു സുഖമുണ്ടാകണേ." അവൻെറ അധരങ്ങൾ യാന്ത്രികമായി മന്ത്രിച്ചു.

ഒച്ചയുണ്ടാക്കാതെ സായംസന്ധ്യ കടന്നുപോവുകയാണു്. നിറം മങ്ങുന്നു. രാത്രി അടുത്തെത്താറായി. ഗ്രാമത്തിലെങ്ങും ഇരുട്ടു വാരിവിതച്ചുകൊണ്ടു രാത്രി വരും; അതാ വന്നുകഴിഞ്ഞു. ചോരക്കുടംപോലത്തെ സൂര്യൻെറ പകുതിയും മറഞ്ഞുകഴിഞ്ഞു.

സെയ്തു് എണീററു. പുസ്തകവും കൈയിൽ പിടിച്ചുകൊണ്ടു മുററത്തേക്കിറങ്ങി. പടിക്കൽ ചെന്നു. വഴിയിൽ ഒന്നുരണ്ടുപേർ നടന്നുപോകുന്നുണ്ടു്. പടിഞ്ഞാറെ വീട്ടിൽച്ചെന്നു് അലിയാരെ കൂട്ടിനു വിളിച്ചാലോ? അവൻ വരും. പക്ഷേ, അവൻ വായാടിയാണു്. അതുമിതും പറഞ്ഞു വെറുതെ സമയം കളയും. സെയ്തിനു് ഒരു

ക്ഷരം വായിക്കാൻ സാധിക്കുകയുമില്ല. വേണ്ട, ആരും കൂട്ട വേണ്ട... ജീവിതത്തിൽ ആദ്യമായി ഒരു രാത്രി അവൻ തനിച്ചു കഴിഞ്ഞുകൂടണം. അതൊരു പുതിയ അനുഭൂതി ആയിരിക്കും.

അവൻ തിരിയെ വീട്ടിലേക്കുതന്നെ നടന്നു. വിളക്കുകൊളുത്തി. സൂര്യൻ അസ്തമിച്ചുകഴിഞ്ഞിരുന്നു. ലോകം ഇരുണ്ടുതുടങ്ങുകയാണ്. എങ്കിലും ആകാശത്തിൽ ഒരു പാതിച്ചന്ദ്രൻ നിലയുറപ്പിച്ചിരുന്നു. ഒരുപാട്ട നക്ഷത്രങ്ങളുമുണ്ടായിരുന്നു.

രാത്രിയിൽ വല്ല കള്ളന്മാരും വന്നുകേറിയാൽ എന്തുചെയ്യും? പെട്ടിയിൽ ധാരാളം രൂപായും ആഭരണങ്ങളും ഇരിപ്പുണ്ട്. എന്തുചെയ്യും? കതകുകളെല്ലാം ഭദ്രമായി അടച്ചുപൂട്ടണം. കള്ളന്മാർ വന്നു കതകു വെട്ടിപ്പൊളിച്ചാലോ? അവൻ ഉച്ചത്തിൽ നിലവിളിച്ച് ഒച്ചയുണ്ടാക്കും. അയല്ക്കാർ ഓടിയെത്തും. പക്ഷേ, കള്ളന്മാർ ആദ്യമായിത്തന്നെ അവനെ അടിച്ചു നിലത്തിട്ടാലോ? ഓ, അങ്ങനെയൊന്നും സംഭവിക്കാൻപോകുന്നില്ല. അർത്ഥശൂന്യമായ ഭീതി. സെയ്ത് ഒരു ഭീരുവല്ല.

ഒന്നും ഭയപ്പെടാനില്ല. അവൻ ഇതേവരെ ആക്കും ഒരു ദോഷവും ചെയ്തിട്ടില്ല. ഒരു പാപവും ചെയ്തിട്ടില്ല. അതുകൊണ്ടു സർവ്വശക്തനായ അള്ളാവ് അവനെ കാത്തുകൊള്ളും. അള്ളാഹു അക്ബർ!

അവൻ അവന്റെ മുറിയിൽ പ്രവേശിച്ചു. പുസ്തകം നിവർത്തു വായിക്കണം. അത്താഴത്തിനുള്ള ചോറും കറികളുമെല്ലാം അലമാരിയിൽ അമ്മ സൂക്ഷിച്ചുവച്ചിട്ടുണ്ട്. കുറേക്കൂടെ കഴിയട്ടെ. എട്ടൊമ്പതു മണിയായിട്ട് ഉണ്ടാൽ മതി. പിന്നെയും ഇരുന്നു വായിക്കണം, കണ്ണിൽ ഉറക്കം വരുന്നതുവരെ.

പെട്ടെന്നൊരു ചിന്തയുണ്ടായി. അലിയാരെയും വിളിച്ചു സിനിമാ കാണാൻ പോയാലോ? രണ്ടു സൈക്കിൾ കൂലിക്കെടുത്താൽമതി. ആരും ചോദിക്കാനില്ല. സ്വാതന്ത്ര്യത്തിന്റേതായ അപൂർവ്വരാത്രി. അവൻ പുസ്തകം മടക്കി മേശപ്പുറത്തു വച്ചു. എന്നിരുന്നാലും, ഒരുപക്ഷേ, അത്താ എങ്ങനെയെങ്കിലും ആ വിവരം അറിഞ്ഞെന്നിരിക്കട്ടെ; എന്തായിരിക്കും സ്ഥിതി? ഈ പത്തിരുപതു വയസ്സിനിടയ്ക്കു് അവൻ യാതൊരു ദുശ്ശീലത്തിനും ഇടനല്കീട്ടില്ല. വേണ്ടാ; സിനിമായ്ക്കു പോകുന്നില്ല. ശാന്തമായി ഇരുന്നു വായിക്കുക. വായിച്ചുപഠിച്ചു ഫസ്റ്റ്ക്ലാസ്സിൽ പാസ്സാകുക. ബി. എ. പാസ്സായെന്നറിയുമ്പോൾ വല്യത്താക്കു് എന്തു സന്തോഷമായിരിക്കുമെന്നോ? ദൈവമേ! വല്യത്താക്കു് ഒരാപത്തും വരുത്തരുതു്. ബി. എ. പാസ്സായിക്കഴിഞ്ഞാൽ നിക്കാഹ് എന്നാണു തീരുമാനിക്കപ്പെട്ടിരിക്കുന്നതു്. അതിനുവേണ്ടിയെങ്കിലും അവൻ പാസ്സായേ മതിയാവൂ. ഹോ! ആ തീയതി ഒന്നു വേഗം വന്നിരുന്നെങ്കിൽ! അവൻ ഒരു പുതുമാപ്പിളയാകുന്ന ആ പുന്നാര ദിവസം. അവൻെറ മണവാട്ടിയെ അവൻ മററാരും കാണാതെ മാറോടണച്ചു പുണരും. അതൊരു ആനന്ദമായിരിക്കും. ഒരു സ്ത്രീയേയും അവനിന്നോളം തൊട്ടിട്ടില്ല. തൊടണമെന്നു് ആഗ്രഹമില്ലാഞ്ഞിട്ടല്ല. പേടിയാണു്. അത്താ അറിഞ്ഞാൽ തലവീശിക്കളയും. അത്താ ഉഗ്രനാണു്.

അലിയാരെയും ചെല്ലപ്പനെയും ബഷീറിനെയും വിളിച്ചാൽ ചീട്ടുകളിക്കാമായിരുന്നു. അതൊരു പുതിയ തോന്നലാണു്. രാത്രി പേടിക്കാതെ കഴിച്ചുകൂട്ടുകയും ചെയ്യാം. അത്താ അറിഞ്ഞാലും കുഴപ്പമില്ല. തനിച്ചിരിക്കുന്നതു പേടിയായിട്ടു് അവരെ വിളിച്ചേതാണെന്നു പറ

ഞ്ഞാൽമതി. ഒരുപക്ഷേ, വല്ല കള്ളനും കേറി വല്ലതും മോഷ്ടിച്ചുകൊണ്ടുപോയാൽ അവനോട്ട് അത്താ ചോദിക്കും, "നിനക്കാ അലിയാരിനെയോമറേറാ കൂട്ടിനു വിളിക്കാമ്മേലായിരുന്നോടാ?" എന്ന്.

സെസ്റ്റ് എണീററു. രാത്രി മുഴവൻ ചീട്ടുകളി എന്നു നിശ്ചയിച്ചു. ജീവിതത്തിൽ ഒരു ദിവസമെങ്കിലും ഒന്നു സുഖിക്കുക. ഇതുപോലൊരവസരം ഇനി ലഭിച്ചെന്നു വരികയില്ല.

അവൻ കയ്യാലപ്പുറത്തു ചെന്നുനിന്നു. അലിയാരുടെ വീട്ടിൽ വെളിച്ചമുണ്ട്. "എടാ, അലിയാർ!" അവൻ വിളിച്ചു. അലിയാരുടെ അനുജൻകൊച്ചൻ അത്തുക്കാ ഓടിവന്നു.

"അണ്ണൻ ചന്തയ്ക്കു പോയിരിക്യാ," അത്തുക്കാ പറഞ്ഞു. "എന്തിനാ?"

"ഓ, വെറുതെ വിളിച്ചതാ." സെസ്റ്റ് വീട്ടിലേക്കു മടങ്ങി. അലിയാരില്ലെങ്കിൽ ചീട്ടുകളി സുമാറാവുകയില്ല. വേണ്ടാ, അതു നന്നായി. വല്ലതും വായിച്ചു പഠിക്കാമല്ലോ.

അവൻ മുറിയിൽ കയറി വീണ്ടും പുസ്തകം തുറന്നു. രാത്രി മുഴവനും നീണ്ടുനിവന്നു കിടക്കുന്നു. ധൃതിയില്ല. ഇന്നു മുഴവൻ ഉറക്കിളച്ചിരുന്നു വായിക്കുകതന്നെ. അത്താഴം കഴിഞ്ഞിട്ടാവട്ടെ. പുസ്തകം മടക്കിവച്ചിട്ട് അവൻ ഒരു ചിത്രവാരിക എടുത്ത് അതിലെ ചെറുകഥ വായിക്കാൻ ആരംഭിച്ചില്ല, അപ്പോഴേക്കും മുറ്റത്തെ ചരലിൽ ഒരു കാൽപ്പെരുമാററം കേട്ടു.

"ആരാ അലിയാരാണോടാ?" അവൻ കസേരയിലിരുന്നുകൊണ്ടു ചോദിച്ചു.

മറുപടിയില്ല. അവൻ വരാന്തയിലേക്കു ചെന്നു.

അവൻെറ കണ്ണുകളെ അവന്നു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഉള്ളിൽ ഒരു കൊള്ളിയാൻമിന്നൽ. അടിമുടി വിറയൽ തുടങ്ങി. നാവു പൊങ്ങുന്നില്ല. "അയ്യോ!" എന്ന് ഉറക്കെ നിലവിളിക്കട്ടെ എന്നു തോന്നി.

സുന്ദരിയായ ഒരു യുവതി വരാന്തയിൽ നില്ക്കുന്നു!

"ഞാൻ വൈക്കത്തുനിന്നു വരികയാണ്." അവൾ പറഞ്ഞു. വിളക്കിൻെറ വെളിച്ചത്തിൽ അവളുടെ മുഖം കാണാം. പതിനേഴ വയസ്സു തോന്നിക്കും. വെളുത്ത നിറമാണ്. സാമാന്യം ആരോഗ്യമുള്ള ശരീരം. സാരിയും ബ്ലൗസും മുഷിഞ്ഞതാണ്. കാതുകളിൽ കമ്മലുകൾ ഉണ്ട്. കൈകളിൽ കുപ്പിവളകളും. ചുരുണ്ട തലമുടി എണ്ണമയമില്ലാഞ്ഞു പതറിക്കിടക്കുന്നു. എന്നുതന്നെയല്ല, പടിഞ്ഞാറുനിന്നുള്ള ഇളംകാററത്ത് അതു് ഇളകുകയും ചെയ്യുന്നു.

"ൻെറ റബ്ബേ!" സെയ്തിൻെറ അധരങ്ങൾ മന്ത്രിച്ചു.

"ഞാൻ ബോട്ടിനു വന്നതാണ്..." അവൾ അവൻെറ മുഖത്തേക്കു നോക്കിക്കൊണ്ടു തുടരുകയാണ്. അവളുടെ മുഖത്തുനിന്നു നോട്ടം മാററാൻ അവനു ധൈര്യമുണ്ടായില്ല. ഈന്തിക്കുടിച്ചികളയും: പണ്ടൊരിക്കൽ അമ്പലപ്പറമ്പിലെ പനയിലേക്കു കല്ലെടുത്ത് എറിഞ്ഞപ്പോൾ മൂത്തകണിയാട്ടി പറഞ്ഞ വാക്കുകൾ അവൻ ഓർക്കുകയായിരുന്നു; ചങ്കിടിക്കുകയാണ്.

ആ യക്ഷി എന്തൊക്കെയോ പറയുന്നുണ്ട്: ഒന്നും തിരിയുന്നില്ല: അവൾ കാലു നിലത്തു ചവിട്ടുന്നുണ്ടോ എന്ന് അവൻ സൂക്ഷിച്ചുനോക്കി: യക്ഷികളും പിശാചുക്കളും നിലംതൊടുകയില്ല എന്നു കേട്ടിട്ടുണ്ട്.

അവൻെറ പോക്കററിൽ ദൈവഗത്യാ താക്കോൽ

ഉണ്ടായിരുന്നു: ഇരുമ്പുകഷണം കൈയിലുണ്ടെങ്കിൽ പിശാചുക്കൾ അടുക്കുകയില്ല. അവൻ പോക്കററിൽനിന്നു താക്കോലെടുത്തു മുറുകെപ്പിടിച്ചു. അപ്പോൾ അവനു് അല്പം ധൈര്യമുണ്ടായി. ചങ്കിടിപ്പുകളുടെ വേഗതയും വിറയലും തെല്ലൊന്നു കുറഞ്ഞു. അവൻെറ നാക്കിനു ചലനമുണ്ടായി:

"റബ്ബേ!" അവൻ ഉച്ചത്തിൽ വിളിച്ചു.

"ഞാൻ പറഞ്ഞതു് ഒന്നും കേട്ടില്ലേ?" അവൾ തുടന്നു: "ഞാനൊരഗതിയാണു്."

"കരിമ്പനയിൽനിന്നാണോ വരുന്നതു്?"

"ഞാൻ വൈക്കത്തുനിന്നാ വരുന്നതു്."

"നീ എത്രപേരെ കൊന്നുതിന്നിട്ടുണ്ടു്?"

സെയ്തു് ഒട്ടും കൂസാതെ ചോദിച്ചു. എന്നുതന്നെയല്ല, അകത്തേക്കു കയറി ഒരു വെട്ടുകത്തി എടുത്തുകൊണ്ടു വരികയുംചെയ്തു. ഇരുമ്പുകൊണ്ടുള്ള എന്തെങ്കിലും ആയുധം കൈയിലുണ്ടെങ്കിൽ യക്ഷി ഉപദ്രവിക്കുകയില്ല. വെട്ടുകത്തി കൈയിൽ ഇറുക്കിപ്പിടിച്ചുകൊണ്ടു് അവൻ താക്കോൽ അവളുടെ കാല്ക്കലേക്കിട്ടുകൊടുത്തു. സെയ്തിൻെറ പ്രകൃതം കണ്ടു് ആ പെണ്ണു് അന്ധാളിച്ചു. അവനൊരു ഭ്രാന്തനാണെന്നു് അവൾക്കു തോന്നിയിരിക്കാം.

"നിങ്ങൾ അതാ ആ താക്കോൽ കാലുകൊണ്ടു് ഇങ്ങോട്ടു നീക്കിയിടു." അവൻ ആവശ്യപ്പെട്ടു.

"ഞാൻ എടുത്തുതരാമല്ലൊ." അവൾ കുനിഞ്ഞു് ആ താക്കോൽ എടുത്തു.

"വേണ്ടാ, അതവിടെ ഇടു; കാലുകൊണ്ടു നീക്കിയിട്ടാൽമതി."

താക്കോൽ അവൾ അവൻെറ മുമ്പിലേക്കു് ഇട്ടുകൊടുത്തു.

"ഇനി കാലുകൊണ്ടു് അതു കുറേക്കൂടെ നീക്കു."

"എന്താ ഇതു്? എനിക്കൊന്നും മനസ്സിലാകുന്നില്ല; ഞാനൊരു പാവമാണു്."

"ഞാൻ വെട്ടിക്കളയും; താക്കോൽ നീക്കിയിടാനല്ലേ പറഞ്ഞതു്."

അവൾ കാലുകൊണ്ടു താക്കോൽ നീക്കിയിട്ടു.

ആവൂ! സെസ്റ്റ് ദീർഘമായൊന്നു നിശ്വസിച്ചു. അവൾ നിലത്തു തൊട്ടിരിക്കുന്നു. യക്ഷിയല്ല. എങ്കിലും തീർത്തുപറയാറായിട്ടില്ല.

"നിന്റെ പേരു്?"

"കമലാക്ഷി."

"കമല എന്നു പേരുള്ള യക്ഷി. അല്ലേ?"

"ഞാൻ യക്ഷീം കിക്ഷീം ഒന്നുമല്ല."

"നീയെന്തിനിവിടെ വന്നു?"

"ഞാൻ വൈക്കത്തുനിന്നു വരികയാണു്."

"എന്തിനു വന്നെന്നാണു ചോദിച്ചതു്?"

"ഇവിടെ വീട്ടുവേലയ്ക്കു നിന്നോളാം."

"പത്തുമുപ്പതു മൈൽ അകലെയുള്ള വൈക്കത്തുനിന്നു പുറപ്പെട്ടു് ഇവിടെത്തന്നെ വന്നുകേറാൻ കാരണം?"

"ഇതൊരു വല്യ വീടാണു്. ഇവിടെ വേലക്കാരുടെ ആവശ്യം കണ്ടേക്കുമെന്നു് ഒന്നുരണ്ടുപേർ പറഞ്ഞു."

"ഇവിടെ വേലക്കാരുടെ ആവശ്യമില്ല; അഥവാ ഉണ്ടെങ്കിൽത്തന്നെയും ഇവിടുള്ളവരൊക്കെ സ്ഥലത്തില്ല. അതുകൊണ്ടു നീ ഉടനെ സ്ഥലംവിടുന്നതാണു നല്ലതു്."

"ഇവിടെ എവിടെയെങ്കിലും ഒരു വീട്ടിൽ വേലയ്ക്കു നിന്നാൽ മതി."

“അതു നിൻെറ ഇഷ്ടം; നിനക്കു പോകാം.” കമലാക്ഷി ക്ഷണനേരം നിശ്ചലം നിന്നു. അവളുടെ കണ്ണുകൾ നിറയുന്നതു സെസ്റ്റ് കണ്ടു. അവൾ യക്ഷിയല്ല; പാവമായിരിക്കാം. തെണ്ടിത്തിരിഞ്ഞു് ഇറങ്ങിയതായിരിക്കാം. പക്ഷേ, അവനെക്കൊണ്ടു് എന്തുചെയ്യാൻ കഴിയും.

അവൻ ഒരു നാലണാത്തുട്ട് എടുത്തുകൊണ്ടുവന്നു് അവളുടെ കൈയിൽ ഇട്ടുകൊടുത്തു.

“പൊയ്ക്കോ വേഗം.”

“ഞാനീ രാത്രിയിൽ എങ്ങോട്ടുപോകും? ഇന്നുരാത്രി കഴിച്ചുകൂട്ടാൻ എന്നെ അടുത്ത ഏതെങ്കിലും വീട്ടിൽ ആക്കിത്തന്നാൽ...”

“അതൊന്നും എന്നെക്കൊണ്ടു സാദ്ധ്യമല്ല; വേഗം പൊയ്ക്കോ.” അവൻ പഠനമുറിയിലേക്കു പോയി. അവൾ അവനെ പരമദയനീയമായി നോക്കുന്നതു് അവൻ കണ്ടു.

അവളേതെന്നോ, എന്തിനിറങ്ങിത്തിരിച്ചെന്നോ അറിയേണ്ട ആവശ്യം അവനില്ല.

അവൻ ജാലകത്തിലൂടെ വെളിയിലേക്കു നോക്കി. നിലാവു മങ്ങിയിരിക്കുന്നു. ആകാശത്തിലേക്കു നോക്കി. ചന്ദ്രൻെറ അടിയിൽക്കൂടി കറുത്ത മേഘങ്ങൾ ഓടുന്നു. മഴ പെയ്തേക്കും. പെയ്തേക്കുമെന്നല്ല, ഒന്നുരണ്ടു മഴത്തുള്ളികൾ ഓടിൻെറ പുറത്തു വീഴുന്ന ശബ്ദം കേട്ടു.

ആ വീട്ടുടമസ്ഥനിൽനിന്നു് ഒരു കാരുണ്യവും പ്രതീക്ഷിക്കാനില്ലെന്നു ബോദ്ധ്യമായപ്പോൾ കമലാക്ഷി മുററത്തേക്കിറങ്ങി. മഴത്തുള്ളികൾ കൂടെക്കൂടെ വീണുതുടങ്ങി. ഇരുട്ടായി.

അവൾ പടിക്കലേക്കു നടക്കുന്നതു സെസ്റ്റ് ജനലിൽ

ക്കൂടി കണ്ടു. പാവം! ആ പെണ്ണ് ഈ രാത്രിയിൽ എ ങ്ങോട്ടു പോകും? അവൻ ചെയ്തതു പാപമല്ലേ? ദൈവം പൊറുക്കാത്ത ദുഷ്ടത്തരം. അവൻ വരാന്തയിലേക്കു ചെന്നു.

"കമലാക്ഷീ!" അവൻ വിളിച്ചു. അവൾ തിരിയെ വന്നു.

"ഞാൻ ചെയ്യുന്നതു തെററാണ്, എങ്കിലും നിന ക്ക് ഇന്നുരാത്രി ഇവിടെ താമസിക്കാം; നേരം വെളുക്കു ന്നതിന്നുമുമ്പു പൊയ്ക്കൊള്ളണം."

അവളുടെ കണ്ണുകളിൽ കൃതജ്ഞതയുടെ സ്ഫുരണം ഉണ്ടായി. അവളെ അവൻ ഒന്നുകൂടി ആപാദചൂഡം സൂ ക്ഷിച്ചുനോക്കി. അവളുടെ ശരീരവും വസ്ത്രങ്ങളും, വിയർപ്പും പൊടിയുംകൊണ്ടു നന്നേ മുഷിഞ്ഞിരിക്കുന്നു.

"നീ ഒരു കാര്യം ചെയ്യ്...ഞാൻ തോർത്തും എണ്ണ യും സോപ്പും തരാം...കിണറു കാണിച്ചുതരാം...വെള്ളം കോരി കുളിച്ചിട്ടു വരൂ."

കമലാക്ഷിയെ അവൻ കിണറു കാണിച്ചുകൊടു ത്തു. റാന്തൽവിളക്കിൻെറ തിരിനാളം കാററത്ത് ചിറ കിട്ടടിച്ചു. കെട്ടുപോകുമെന്നു തോന്നി. കെട്ടില്ല.

തൻെറ പ്രവൃത്തി അബദ്ധത്തിൽ കലാശിക്കുമോ എന്ന ഭീതി അവനെ പിന്നെയും ഗ്രസിച്ചു.

ആകാശം തെളിഞ്ഞിരുന്നെങ്കിൽ! അവളെ കൂട്ടി ക്കൊണ്ടു് അലിയാരുടെ വീട്ടിൽ പോകണം. അവിടെ പെണ്ണുങ്ങളുണ്ടു്. അവൻ തനിച്ചായിരിക്കെ യുവതിയാ യ ഒരുത്തിയെ രാത്രി വീട്ടിൽ താമസിപ്പിച്ചു എന്നു നാട്ടു കാർ അറിഞ്ഞാൽ, അത്താ അറിഞ്ഞാൽ, എന്തായിരി ക്കും സ്ഥിതി?

കമലാക്ഷി കുളികഴിഞ്ഞു് ഈറനായ തലമുടി ചിക്കിത്തോർത്തിക്കൊണ്ടുവന്നു. നല്ല തഴച്ച തലമുടി. അമ്മായുടെ ചീപ്പെടുത്തുകൊടുത്തു. അവൾ കിഴക്കേ ഇളംതിണ്ണയിൽ നിന്നു തലമുടി ചീകിക്കെട്ടിയശേഷം തിരിച്ചുവന്നു.

"ഇവിടാരുമില്ലേ?"

"എല്ലാരും ആശുപത്രിയിൽ പോയിരിക്യയാണ്. നിന്നെ അയൽപക്കത്തുള്ള ഒരു വീട്ടിൽ കൊണ്ടുചെന്നാക്കാം; അവിടെ പെണ്ണുങ്ങളുണ്ട്."

"എങ്കിൽ വലിയ ഉപകാരമായി."

"ഞാനിവിടെ തനിച്ചായിരിക്കെ നീ രാത്രി ഇവിടെ താമസിച്ചാൽ മനുഷ്യർ എന്തുപറയും?"

"വാസ്തവമാണ്."

മഴ ശക്തിയായി പെയ്തുതുടങ്ങി. ഒരു കുടയേ ഉള്ളു. ആ ഒരു കുടക്കീഴിൽ രണ്ടുപേരുംകൂടി കയറിച്ചെല്ലുന്നതു കണ്ടാൽ അലിയാരുടെ വീട്ടുകാർ എന്തു വിചാരിക്കും?

മഴ പറക്കട്ടെ.

"നിനക്കു വിശക്കുന്നുണ്ടോ കമലാക്ഷീ?"

"വിശപ്പുണ്ട്."

പാവം! അത്താഴത്തിനുള്ള ചോറും കറികളും അലമാരിയിൽ ഇരുപ്പുണ്ട്. അഭയാർത്ഥിയായ ആ പെണ്ണിന് ആഹാരത്തിന് എന്തെങ്കിലും കൊടുക്കേണ്ടതു് കേവലം മാനുഷികധർമ്മമാണ്.

ചോറും കറികളും അവൻ പങ്കിട്ടു. അവർ ഉണ്ടുകൊണ്ടിരിക്കെ അവൻ അവളോടു പല വിവരങ്ങളും ചോദിച്ചു. വൈക്കത്താണു വീട്. അച്ഛനും അമ്മയും ഇല്ല. അമ്മാവൻേറകൂടെയാണു താമസം. അഞ്ചെട്ടുക്ലാസ്സു പഠിച്ചതാണ്. അവളെ അമ്മാവൻ ഒരു അമ്പതുകാരനു

വിവാഹംകഴിപ്പിച്ചുകൊടുക്കാൻ തീരുമാനിച്ചു. അതിൽ നിന്നു രക്ഷപെടാൻവേണ്ടി അവൾ ഒളിച്ചോടിപ്പോന്ന താണു്. ഏതെങ്കിലും അന്തസ്സുള്ള ഒരു വീട്ടിൽ വേലക്കാരിയായി നില്ക്കണം എന്നേ ഉദ്ദേശ്യമുള്ളു.

"എന്നിട്ടു നിൻെറ ഭാവിയെപ്പററി എന്താണു് ഉദ്ദേശ്യം?"

"എനിക്കറിഞ്ഞുകൂടാ."

"നീ ആരെയെങ്കിലും സ്നേഹിക്കുന്നുണ്ടോ?"

"ഇല്ല."

പാവം നിഷ്കളങ്കയാണെന്നുള്ളതു തീച്ച. അവൾ അഴകുള്ളവളാണു്; അവളുടെ സംസാരത്തിനു് ഒരിമ്പമുണ്ടു്. അവളെ അങ്ങനെ നോക്കിക്കൊണ്ടിരിക്കുന്നതു തന്നെ കണ്ണിനു് ഒരാനന്ദമാണു്; കരളിനും.

അവളെ എന്തിനാണു് അലിയാരുടെ വീട്ടിൽകൊണ്ടുപോകുന്നതു്. അവൾ ഈ വീട്ടിൽ രാത്രി കഴിച്ചുകൂട്ടിയാൽ എന്താണു തകരാറു്? അത്താ അറിഞ്ഞാൽ? രാത്രിയിൽ വന്നുകയറിയ ഒരു പാവമാണു്; അവിടെ കിടന്നു കൊള്ളാൻപറഞ്ഞു; അത്രതന്നെ. അതിലെന്താണു തെറ്റു്?

"എന്നെ അങ്ങേവീട്ടിൽ കൊണ്ടുചെന്നാക്കാമോ?" ഊണുകഴിഞ്ഞു് അവൾ ആവശ്യപ്പെട്ടു.

"അങ്ങേ വീട്ടിൽ പോകണമെന്നു നിർബ്ബന്ധമാണോ?"

"പോകണം."

"ഈ വീട്ടിൽ കിടന്നാൽ എന്താണു്?"

"വേണ്ടാ."

"എന്നെ പേടിയാണോ?"

അവൾ ഒന്നും മിണ്ടിയില്ല.

"നീ വിചാരിക്കുന്നതുപോലെ ഞാൻ ഒരു ചീത്ത

മനുഷ്യനല്ല; മനസ്സുണ്ടെങ്കിൽ നിനക്കിവിടെ കിടക്കാം; അലിയാരുടെ വീട്ടിൽ ആളുകൾ ധാരാളം ഉണ്ടെങ്കിൽ വേണ്ടത്ര മുറികളില്ല; കമലാക്ഷി എന്തുപറയുന്നു?''

അവൾ മിണ്ടാതെ നിന്നതേയുള്ളൂ.

അവൻെറ പഠനമുറിയുടെ അടുത്തുള്ള മുറി അവൻ അവൾക്കു കാണിച്ചുകൊടുത്തു. അതു മദിനിയുടെ മുറിയാണ്. ഒരു പായും തലയണയും കട്ടിലിൽനിന്ന് എടുത്തു നിലത്തിട്ടു.

''നിനക്കിവിടെ കിടക്കാം.''

അവൻ റാന്തൽവിളക്ക് അവൻെറ മുറിയിലേക്കു കൊണ്ടുപോയി. വീണ്ടും പുസ്തകം എടുത്തു വായിക്കാൻ തുടങ്ങി. പക്ഷേ, ചിന്തകൾ നേരേ നിന്നിട്ടുവേണ്ടേ?

നിമിഷങ്ങൾ നീങ്ങിക്കൊണ്ടിരുന്നു. മഴ പെയ്യുന്നുണ്ട്. നിലാവത്ത്, അതും മീനമാസത്തെ രാത്രിയിൽ മഴപെയ്യുന്നതു് എത്ര ആനന്ദപ്രദമാണ്.

അവൻ റാന്തൽവിളക്കെടുത്തുകൊണ്ട് അടുത്ത മുറിയിലേക്കു ചെന്നു. കമലാക്ഷി ഒരു കൈ നിലത്തൂന്നി ചിന്താഗ്രസ്തയായി പായിൽ ഇരിക്കുന്നു. പ്രകാശം മുഖത്തടിച്ചപ്പോൾ അവൾ കണ്ണു തുടയ്ക്കുന്നതു കണ്ടു. അവൾ പെട്ടെന്ന് എണീററു.

''എന്താ കമലാക്ഷീ, കിടന്നുറങ്ങിക്കൊള്ളൂ.''

അവൻ പറഞ്ഞു.

അവളൊന്നും പറഞ്ഞില്ല. ആ റാന്തൽവിളക്കിൻെറ പ്രകാശത്തിൽ അവൾ കുറേക്കൂടെ സുന്ദരിയാണെന്നു തോന്നി. മുമ്പൊരിക്കലും ഉണ്ടാകാത്ത ചിന്തകൾ അവൻെറ ഹൃദയത്തിൽ ഉറവെടുക്കുന്നതുപോലെ തോന്നി. കാരണം അവൻ ഒരു മനുഷ്യനായിരുന്നു.

"കമലാക്ഷീ!" അവൻ വാതിൽക്കൽ നിന്നുകൊണ്ടു വിളിച്ചു.

"എന്തോ!" അവൾ അവനെ ഒന്നു നോക്കി. ഹോ! എത്ര സുന്ദരങ്ങളായ കണ്ണുകൾ!

പിന്നീട്ട് എന്താണു പറയേണ്ടതു് എന്നു് അവനറിഞ്ഞുകൂടാ. ഹൃദയം പടപടാന്നു് അടിക്കുകയാണു്.

അവളെ ഒന്നു തൊട്ടവാൻ...

അങ്ങനെ ആ സൗന്ദര്യത്തെ കുറേനേരംകൂടെ നോക്കിക്കൊണ്ടു നിന്നിരുന്നെങ്കിൽ അവനു ഭ്രാന്തുപിടിക്കുമായിരുന്നു.

ഒന്നും പറയാതെ തിരിയെ കസേരയിൽ വന്നിരുന്നു.

"എടാ ചെസ്റ്റേ!" കുട മടക്കി വരാന്തയുടെ കോണിൽ വച്ചിട്ടു് അലിയാരു കയറിവന്നു.

"എൻെറ റബ്ബേ!" സെയ്തു് അറിയാതെ പറഞ്ഞുപോയി.

"നീയെന്തിനാടാ എന്നെ അന്വേഷിച്ചതു്?"

"വെ...വെറുതെ."

"എന്താ നിന്നെ വിറയ്ക്കുന്നതു്?"

"ഒന്നുമില്ലലിയാരെ...നീ പൊയ്ക്കോ ..ഞാൻ വായിക്കട്ടെ."

"നീ വായിച്ചോ... അതിനെന്താ... ഞാൻ തേഅങ്ങേ മുറിയിൽ കിടന്നോളാം."

"വേണ്ട; അലിയാരു പൊയ്ക്കോ."

"എന്താടാ ഇതു്?"

"അത്താ പറഞ്ഞു, ആരെയും കൂട്ടിനു വിളിക്കണ്ടാന്നു്."

"അത്താ അങ്ങനെ പറേത്തില്ല."

"പടച്ചവനെ ഓത്ത്, എന്റെ പൊന്നു് അലിയാര ല്ലേ പൊയ്യോ."

"നിനക്കു വട്ടാ."

അലിയാർ പൊയ്ക്കഴിഞ്ഞപ്പോഴാണു് സെയ്തിൻെറ ശ്വാസം നേരേ വീണതു്.

ഏകാന്തവും കുളിരുള്ളതുമായ രാത്രി. പരമസുന്ദ രിയായ ഒരു യുവതി...തൊട്ടടുത്തു കിടക്കുന്നു...ഒന്നു ചും ബിക്കാൻ...അവൾ എതിരു പറഞ്ഞെങ്കിൽ...

"കമലാക്ഷീ!"

"എന്തോ!"

"നീ ഉറങ്ങിയോ?"

"ഇല്ല."

"എനിക്കും ഉറക്കം വരുന്നില്ല."

അവളൊന്നും മിണ്ടിയില്ല. അവൻ വിളക്കുംകൊ ണ്ടു വീണ്ടും വാതിൽക്കൽ ചെന്നു. അവൾ പായിൽ ഇ രിക്കുകയായിരുന്നു. അവനെ നോക്കി പുഞ്ചിരിച്ചിട്ടു് അവൾ മുഖം കുനിച്ചുകളഞ്ഞു...

ഹോ! ഭ്രാന്തുപിടിക്കുമെന്നു തോന്നുന്നു...പാപമാ ണു്...എങ്കിലും...വേണ്ട...

അവൻ തിരിയെ കസേരയിൽ ചെന്നിരുന്നു...

അവൻെറ ഹൃദയം കോളുകൊണ്ട കടലുപോലെ യായി. 'സെയ്തേ! അരുതു്.' എന്നു് ആരോ അവനെ വിലക്കുന്നതുപോലെ തോന്നി.

പുസ്തകം അനക്കാതെ മേശപ്പുറത്തു് ഇരുന്നതേയു ള്ളു. അതിൻെറ പേജുകളെ ഇളംകാററു് ഇളക്കിയെങ്കി ലും മറിഞ്ഞില്ല.

പാതിരാത്രി കഴിഞ്ഞുകാണണം. മഴ ശമിച്ചു...

നിലാവു തെളിഞ്ഞു...കുളിച്ചു ശുദ്ധമായ പ്രപഞ്ചം ശാന്തമായി ഉറങ്ങുന്നു. 'ഒരു കവിതപ്പുസ്തകവും ഒരുപാത്രം മുന്തിരിച്ചാറും, പ്രിയേ നീയും അരികത്തുണ്ടെങ്കിൽ മരുഭൂമിയും എനിക്കു പറുദീസാ' എന്നു പാടിയ ഒമാർഖയ്യാമിനെ അവൻ ഓർത്തു. നോവലുകളിലെയും സിനിമകളിലെയും പ്രേമസംഭവങ്ങൾ അവന്റെ ഹൃദയത്തിൽ മിന്നിപ്പൊലിഞ്ഞു. ഒരിക്കലും ആർക്കും ലഭിക്കാത്ത ഒരു പരമാനന്ദസന്ദർഭം...

അവൻ ഒന്നുരണ്ടു പ്രാവശ്യം അടുത്ത മുറിയിലേക്കു വാതിൽക്കൽവരെ ശബ്ദമുണ്ടാക്കാതെ നടന്നു. പിന്നെയും തിരിയെപ്പോന്നു...ഉറക്കംവരുന്നില്ല...ഹൃദയം തിളയ്ക്കുന്നു...

മണി രണ്ടായി. ഒടുവിൽ അവൻ ഒരു ദൃഢനിശ്ചയംചെയ്തു. അവൻ റാന്തൽവിളക്കുമായി പതുക്കെ അടുത്ത മുറിയിലേക്കു ചെന്നു. കമലാക്ഷി ശാന്തമായി ഉറങ്ങുന്നു. അവളുടെ ശരീരത്തിൽ പല ഭാഗങ്ങളും നഗ്നങ്ങളായിരുന്നു. തലമുടി അഴിഞ്ഞുലഞ്ഞുകിടക്കുന്നു. സാരിയുടെ കുത്തും അഴിഞ്ഞാണു കിടക്കുന്നതു്. അവൻ കുറേക്കൂടെ അടുത്തു...ഹൃദയമിടിപ്പുകൾ വർദ്ധിച്ചു...വിറയ്ക്കുന്നു ശരീരമാകെ...വീഴുമെന്നു തോന്നി...അവൻ പതുക്കെ ആ പായുടെ അരികിൽ ഇരുന്നു...റാന്തൽവിളക്കു കെട്ടു...

അപ്പോഴേക്കും പടിക്കൽ ഒരു കാളവണ്ടിയുടെ ശബ്ദം കേട്ടു.

"എന്റെ റബ്ബേ!" അവൻ ചാടിഎണീററു. തപ്പിത്തടഞ്ഞു് അവൻ വരാന്തയിലെത്തി. അവന്റെ നല്ല ജീവൻപോയി.

ഹോ! ആ വണ്ടി കടന്നുപോയി. ഭയംകൊണ്ടു് അവൻെറ ദേഹം വിയർത്തൊലിക്കുന്നു.

തീപ്പെട്ടി അട്ടക്കളയിലെ പാതകത്തിൻെറ മുകളിലാണു്. അവൻ പതുക്കെ അട്ടക്കളയിലെത്തി. എന്തൊക്കെയോ കാലിൽതട്ടി മറിഞ്ഞു. ഭയങ്കരമായ ശബ്ദം ഉണ്ടായി. തീപ്പെട്ടി കിട്ടി. കൈ ആലിലപോലെ വിറയ്ക്കുന്നു.

അട്ടക്കളജനലിന്റെ അഴികളിൽക്കൂടി അവൻ കിഴക്കോട്ടു നോക്കി. അമ്പലപ്പറമ്പിലെ കരിമ്പനയുടെ തുഞ്ചം അനങ്ങാതെ നില്ക്കുന്നു. അവൾ വാസ്തവത്തിൽ യക്ഷിതന്നെയാണോ? ആ വിളക്കു കെടുത്തിയതു് അവൾ തന്നെയല്ലേ? അവളുടെ കൂർത്ത നഖങ്ങൾ അവന്റെ കഴുത്തിനുനേരെ വരുന്നുണ്ടോ. രണ്ടുമൂന്നു തീപ്പെട്ടിക്കോൽ ഉരച്ചു, ഒന്നും കത്തുന്നില്ല. ഭയന്നുവിറച്ചു മരിച്ചുപോകുമോ എന്നു തോന്നി.

ഒടുവിൽ തീപ്പെട്ടിക്കോൽ കത്തി. അവൻ ഒരുപ്രകാരത്തിൽ റാന്തൽവിളക്കു കൊളുത്തി. കമലാക്ഷി അപ്പോഴും അഗാധനിദ്രയിലായിരുന്നു. അവൻെറ സംശയങ്ങളെല്ലാം നീങ്ങി. ആ ഉറങ്ങുന്ന സൗന്ദര്യം...ഒന്നു തൊടാൻ അവൻെറ കൈ തരിച്ചു...എങ്കിലും ധൈര്യം വരുന്നില്ല...

"കമലാക്ഷീ! കമലാക്ഷീ!"

അവളുണർന്നു...പതുക്കെ കണ്ണു തുറന്നു...അവൻെറ മുഖത്തേക്കു നോക്കി...അവൾ പെട്ടെന്നു സാരികൊണ്ടു് അവളുടെ നഗ്നഭാഗങ്ങളെ മറച്ചു...

"ഉറങ്ങിക്കൊള്ളു കമലാക്ഷീ!"

അവൻ പെട്ടെന്നു് അവന്റെ മുറിയിലേക്കു പോയി. കസേരയിൽ ഇരുന്നു. നിമിഷങ്ങൾ പിന്നെയും കടന്നു

പോയി. ദൂരെയെവിടെയോ ഒരു രാക്കുയിൽ പാടുന്നു. വസന്തകാലത്തെ വിളിച്ചുവരുത്തുകയാണ്.

ചന്ദ്രൻ അസ്തമിച്ചുകഴിഞ്ഞു.

അവൾ അവൻെറ പക്കലേക്കു വരും...കാമവികാരം സ്ത്രീകൾക്കാണു കൂടുതൽ എന്നു് അവൻ എവിടെയോ വായിച്ചിട്ടുണ്ടു്...അവൾ വരും...അവനെ വിളിക്കും...

അവൻ കസേരയിൽ ഇരുന്നു് ഒന്നു മയങ്ങിയോ?

ഇരുന്നുറങ്ങിപ്പോയി. പാവം...സെയ്ത്ത്! എന്തൊക്കെയോ സ്വപ്നങ്ങൾകണ്ടു...കാളവണ്ടിയുടെ ചക്രങ്ങൾ ഉരുളുന്ന ശബ്ദമല്ലേ? അവൻ ഞെട്ടിയുണർന്നു...

വെളുപ്പാംകാലമായിരിക്കുന്നു ...അവർ വന്നു...വല്യത്തായേയുംകൊണ്ടു്...

"കമലാക്ഷീ...കമലാക്ഷീ!"

കമലാക്ഷി ഞെട്ടിയുണർന്നു.

"ചതിച്ചല്ലൊ."

"എന്താ?"

"വരൂ...ഇതാ എൻെറ മുറിയിൽ ഇരുന്നോ...ഒരു ശബ്ദവും ഉണ്ടാക്കരുതു്...എൻെറ റബ്ബേ..."

കമലാക്ഷിയെ അവൻ അവൻ്റെ മുറിയിലാക്കി... കതകുകളും ജനലുകളും എല്ലാം ഭദ്രമായി അടച്ചു...

വല്യത്തായെ അണ്ണനും അത്തായുംകൂടി താങ്ങിപ്പിടിച്ചിരിക്കുന്നു.

അവർ അകത്തെ മുറിയിലായി എന്നു ബോധ്യം വന്നപ്പോൾ സെയ്ത്ത്അവൻ്റെ മുറിയുടെ വരാന്തയിലേക്കുള്ള കതകു തുറന്നു.

"കമലാക്ഷീ! വേഗം പൊയ്ക്കോ...ഒന്നും മിണ്ടേണ്ടാ."

അവളെന്തോ പറയാൻ ചുണ്ടുകൾ അനക്കി.

“ഒന്നും മിണ്ടണ്ടാ.”

“മോനേ! സെസ്റ്റേ!” അകത്തുനിന്നു് അമ്മ വിളിച്ചു.

അവൻ വേഗം അകത്തേക്കോടി. എല്ലാം തകന്നു തന്നെ.

“ഇതെവിട്ടന്നാ മോനേ ഈ റിബൺ?” അമ്മ ചോദിച്ചു. അവരുടെ കൈയിൽ ഒരു ചെമന്ന റിബൺ ഇരിക്കുന്നു.

“അയൽപക്കത്തെ പെൺപിള്ളേരു് ഇവിടെ കക്കകളിക്കാൻ വന്നപ്പം വലിച്ചെറിഞ്ഞതാരിക്കുമമ്മാ.”

“നിന്നെ എന്താടാ വിറയ്ക്കുന്നെ... രാത്രി മുഴുവനും ഇരുന്നു വായിക്ക്യാരുന്നോ മോൻ?”

“ഒട്ടും ഉറങ്ങീല്ലമ്മേ.”

“പോയിക്കിടന്നുറങ്ങിക്കോ, അമ്മാ വിളിക്കാം.”

സെസ്റ്റ് അവൻെറ മുറിയിലേക്കു തിരിയെച്ചെന്നു.

കമലാക്ഷി പടിയിറങ്ങിപ്പോകുന്നതു കണ്ടു.

‘എൻെറ കരളേ!’ അവൻെറ ഹൃദയം മന്ത്രിച്ചു.

കസേരയിൽ അവൻ ചിന്താഗ്രസ്തനായി ഇരുന്നു. മേശപ്പുറത്തു പുസ്തകം തുറന്നുവച്ചപാടേ ഇരിക്കുന്നു...

“നിങ്ങൾക്കു നന്ദി, പക്ഷേ... കമലാക്ഷി” എന്നു് ഒരു പേജിൻെറ അടിയിൽ പേനാകൊണ്ടു് എഴുതിയിരിക്കുന്നു. ആ ‘പക്ഷേ’യുടെ അത്ഥം അവനറിയാം. പക്ഷേ, എന്തുചെയ്യാം?

അവൻ ദീഘമായൊന്നു നെടുവീപ്പിട്ടു. പുസ്തകത്തിൻെറ പേജുകളിൽ കമലാക്ഷിയുടെ മനോഹരമായ മുഖം അവനെ നോക്കി പുഞ്ചിരിക്കുന്നതുപോലെ തോന്നി.

അവൻ എണീററു ജന്നൽക്കമ്പികളിൽ പിടിച്ചു കൊണ്ടു ശൂന്യമായി വെളിയിലേക്കു നോക്കിക്കൊണ്ടു നിന്നു.

പ്രഭാതത്തിലെ തെന്നലിൽ വൃക്ഷങ്ങളുടെയും ചെടികളുടെയും ചില്ലകൾ വിറച്ചു; ഇലകളിൽ തങ്ങിനിന്നിരുന്ന ജലബിന്ദുക്കൾ നിലംപതിച്ചു; നിലംപതിച്ചപ്പോൾ അവ ക്ഷണനേരം രത്നങ്ങൾപോലെ തിളങ്ങുകയുണ്ടായി.

MADRAS UNIVERSITY LIBRARY
- 3 APR 2003
CHENNAI-600 005

284555
O32:3N065x
K7

UNIVERSITY LIBRARY
11 FEB 1975
MADRAS

12 DEC 1980
VB
13/3/81
MUL
284555

